# യൂണിറ്റി

സോഷ്യലിസ്റ്റ് യൂണിറ്റി സെന്റർ ഓഫ് ഇന്ത്യ (കമ്മ്യൂണിസ്റ്റ്)

SUCI [C]

സംസ്ഥാന കമ്മിറ്റി മുഖപത്രം

2019 ഡിസംബർ | വാല്യം 46 ലക്കം 9 | *ചീഫ് എഡിറ്റർ : വി.വേണുഗോപാൽ* | പേജ് 16 | വില 5.00 രൂപ


## രാജ്യത്തിന്റെ സാമ്പത്തിക സ്ഥിതി

# രൂക്ഷമായിക്കൊണ്ടിരിക്കുന്ന പ്രതിസന്ധിയും അത് മറച്ചുപിടിക്കാനുള്ള പാഴ്‌വേലകളും

**സാമ്പത്തിക പുരോഗതിയോ അധോഗതിയോ നിർണ്ണയിക്കുവാൻ ബൂർഷ്വാ സാമ്പത്തിക ശാസ്ത്രജ്ഞർ അടിസ്ഥാനമാക്കുന്ന സൂചകങ്ങളെന്തൊക്കെയാണ്? ജിഡിപി, വ്യാവസായികോല്പാദനം എന്നിവയുടെ വളർച്ചാ നിരക്ക്, തൊഴിലില്ലായ്മ നിരക്ക്, കമ്പോളാവശ്യകതയുടെ സ്ഥിതി എന്നിവയോടൊപ്പം ഓഹരി വിപണി സൂചികയും പരിഗണിക്കാറുണ്ട്. ഇവയിലേതെങ്കിലുമൊന്ന് നിരീക്ഷിച്ചാൽതന്നെ, രാജ്യത്തിന്റെ സാമ്പത്തികരംഗം അങ്ങേയറ്റത്തെ പ്രതിസന്ധിയിലാണെന്ന് ഏതൊരാൾക്കും വെളിവാകും. ഔദ്യോഗിക കണക്കുകളും, മുതലാളിത്ത വിദഗ്ദ്ധരുടെ അഭിപ്രായങ്ങളും അടിസ്ഥാനമാക്കിത്തന്നെ ഇത് വിശകലനം ചെയ്യാം.**



### ഔദ്യോഗികമായ സൂചകങ്ങൾ കൊണ്ടുള്ള സ്ഥിരീകരണം

ഒന്നാമത്തേത് ജിഡിപി വളർച്ചാനിരക്കാണ്. നമ്മുടെ സമ്പദ്‌വ്യവസ്ഥയുടെ വളർച്ചാനിരക്ക് മറ്റ് രാജ്യങ്ങളുടേതിനെ മറികടക്കുന്നതെങ്ങനെ എന്ന് കാണിക്കുന്നതിൽ ഇക്കാലമത്രയും വ്യാപൃതരായിരുന്ന ‘വിദഗ്ദ്ധരെയും’ സർക്കാർ വക്താക്കളെയും അമ്പരപ്പിച്ചുകൊണ്ട് ജിഡിപി വളർച്ചാനിരക്ക് 5 ശതമാനത്തിലേക്ക് കൂപ്പുകുത്തിയിരിക്കുന്നു. ഏതൊരു പ്രവചനത്തെക്കാളും മോശമായ ഈ ഗുരുതരമായ താഴ്ച്ച, തന്നെ സംബന്ധിച്ചിടത്തോളം അത്ഭുതമുളവാക്കുന്നതാണ് എന്ന് റിസർവ് ബാങ്ക് ഗവർണർ തന്നെ സമ്മതിച്ചിരിക്കുന്നു. ലോകബാങ്കും ഇന്റർനാഷണൽ മോണിറ്ററി ഫണ്ടും ഇന്ത്യയുടെ പ്രവചിത വളർച്ചാനിരക്കിനെ ഗണ്യമായി വെട്ടിക്കുറച്ചിരിക്കുന്നു.

അടുത്തത്, വ്യാവസായിക ഉല്പാദന സൂചിക കഴിഞ്ഞ സാമ്പത്തിക വർഷത്തെ സമാന കാലയളവിലേതിനെക്കാളും 7 ശതമാനം കുറഞ്ഞിരിക്കുന്നു. കൽക്കരി, അസംസ്കൃത എണ്ണ, പ്രകൃതി വാതകം, എണ്ണ ശുദ്ധീകരണശാലാ ഉല്പന്നങ്ങൾ, വളം, ഉരുക്ക്, സിമന്റ്, വൈദ്യുതി എന്നീ എട്ട് സുപ്രധാന വ്യാവസായ മേഖലകളിലെ വളർച്ച 2.1 ശതമാനത്തോളം കുറഞ്ഞിരിക്കുന്നു. *ഐഎച്എസ് മാർകിറ്റ്* എന്ന സ്ഥാപനം നടത്തിയ *പർച്ചേസിംഗ് പവർ മാനേജേഴ്സ് ഇൻഡക്സ്* സർവേ ഫലം ചൂണ്ടിക്കാണിക്കുന്നത്, ജിഡിപി വളർച്ചയുടെ സിംഹഭാഗവും പ്രദാനം ചെയ്യുന്ന സേവന-നിർമ്മാണ മേഖലകളിലെ പ്രവർത്തനങ്ങളുടെ മാന്ദ്യത്തെയാണ്. ലക്ഷക്കണക്കിന് ആളുകളെ ജോലിയിൽനിന്ന് തെറിപ്പിച്ചുകൊണ്ട്, 6.8 ലക്ഷം വ്യവസായ സ്ഥാപനങ്ങൾ പൂട്ടിപ്പോയതായി ഔദ്യോഗികമായിത്തന്നെ റിപ്പോർട്ട് ചെയ്യപ്പെട്ടിരിക്കുന്നു. ഏറെ കൊട്ടിഘോഷിക്കപ്പെട്ട, നോട്ട് നിരോധനമെന്ന പരാജയം പണാധിഷ്ഠിതമായ വ്യവസായങ്ങളിൽ പ്രത്യേകിച്ച് അസംഘടിത-ചെറുകിട വ്യാപാര-കാർഷിക രംഗങ്ങളിൽ ആയിരക്കണക്കിന് തൊഴിലവസരങ്ങളെയാണ് ഇല്ലായ്മ ചെയ്തിരിക്കുന്നത്. *സെന്റർ ഫോർ മോണിറ്ററിംഗ് ഇന്ത്യൻ എക്കോണമി* നടത്തിയ ഒരു കുടുംബ ഉപഭോഗ പിരമിഡ് പ്രകാരം ജനുവരിക്കും ആഗസ്റ്റിനുമിടയിൽ ഏതാണ്ട് ഇരുപതുലക്ഷം തൊഴിലുകളാണ് നോട്ട് നിരോധനംവഴി ഇല്ലാതായത്. ഈ തോതിലുള്ള തൊഴിൽ നഷ്ടത്തിന്റെ തുടർ ആഘാതം ചുറ്റുമുള്ള മറ്റ് ജീവനോപാധികളുടെമേലും കനത്ത പ്രഹരമേല്പിച്ചിരിക്കുകയാണ്. തൊഴിലുകൾക്കുമേൽ സർക്കാർതന്നെ ഏൽപ്പിച്ച ഈ

*(ശേഷം 4-ാം പേജിൽ)*

## വിദ്യാഭ്യാസത്തിന്റെ വാണിജ്യവത്ക്കരണത്തിനും വർഗ്ഗീയവത്ക്കരണത്തിനുമെതിരെ പ്രതിരോധം പടുത്തുയർത്തി

# അഖിലേന്ത്യാ വിദ്യാർത്ഥി സമ്മേളനം

ആൾ ഇന്ത്യാ ഡെമോക്രാറ്റിക് സ്റ്റുഡന്റ്സ് ഓർഗനൈസേഷൻ(എഐഡിഎസ്ഒ) സംഘടിപ്പിച്ച ഒൻപതാം അഖിലേന്ത്യാ വിദ്യാർത്ഥി സമ്മേളനം നവംബർ 26മുതൽ 29വരെ ഹൈദരാബാദിൽ വെച്ചു നടന്നു. വിദ്യാഭ്യാസത്തിന്റെ വാണിജ്യവത്ക്കരണത്തിനും വർഗീയവത്ക്കരണത്തിനും ഇടയാക്കിക്കൊണ്ടും ജനാധിപത്യ വിദ്യാഭ്യാസ സങ്കൽപ്പത്തെ ഇല്ലാതാക്കിക്കൊണ്ടും ഫെഡറലിസത്തെ തകർത്തുകൊണ്ടും വിദ്യാഭ്യാസത്തിന്റെ കേന്ദ്രീകരണത്തിന് ഇടയാക്കുന്ന ‘കരട് ദേശീയ വിദ്യാഭ്യാസ നയം 2019’ പിൻവലിക്കുക, മെഡിക്കൽ വിദ്യാഭ്യാസത്തെയും പൊതുജനാരോഗ്യരംഗത്തെയും കച്ചവടവത്ക്കരിക്കുന്ന ‘നാഷണൽ മെഡിക്കൽ കമ്മീഷൻ’ തള്ളിക്കളയുക, ഫീസ് വർദ്ധനവുകൾ പിൻവലിക്കുക,




അഖിലേന്ത്യാ സമ്മേളനത്തോടനുബന്ധിച്ചു നടന്ന വിദ്യാർത്ഥി പ്രകടനത്തിന്റെ മുൻനിര

ഓൾ പ്രമോഷൻ സമ്പ്രദായം പിൻവലിക്കുക, സർവകലാശാലകളിലും കോളേജുകളിലും സ്കൂളുകളിലും എല്ലാ തസ്തികകളിലും സ്ഥിരനിയമനം നടത്തുക, എല്ലാവർക്കും തൊഴിൽ ഉറപ്പാക്കുക, സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷിതത്വം ഉറപ്പാക്കുക എന്നീ ഡിമാന്റുകൾ ഉയർത്തി നടന്ന സമ്മേളനത്തിൽ, 23 സംസ്ഥാനങ്ങളിൽനിന്നും കാശ്മീർ, പോണ്ടിച്ചേരി എന്നീ കേന്ദ്രഭരണ പ്രദേശങ്ങളിൽനിന്നും പ്രതിനിധികൾ പങ്കെടുത്തു.

നിരവധി പ്രതിസന്ധികളെ അതിജീവിച്ചുകൊണ്ടാണ് ചരിത്രപരമായ ഈ സമ്മേളനം ഹൈദരാബാദിൽ നടന്നത്. കഴിഞ്ഞ മാസങ്ങളിൽ ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിലുണ്ടായ പ്രകൃതിദുരന്തങ്ങൾ സമ്മേളനത്തിന്റെ തയ്യാറെടുപ്പുകൾക്ക് വെല്ലുവിളിയുയർത്തിയിരുന്നു. സമ്മേളനത്തിന് തൊട്ടുമുൻപത്തെ ദിവസം, പൊതുസമ്മേളനം നടത്താൻ ബുക്ക് ചെയ്തിരുന്ന ധർണ്ണ ചൗക്കിന്റെ അനുമതി റദ്ദുചെയ്യപ്പെട്ടു. പ്രകടനത്തിനുള്ള അനുമതി നിഷേധിക്കപ്പെട്ടു. സമ്മേളനത്തിന്റെ പ്രചരണാർത്ഥം സ്ഥാപിച്ച ബോർഡുകളും പോസ്റ്ററുകളും നശിപ്പിക്കപ്പെട്ടു. ഒടുവിൽ, 27 മുതൽ പ്രതിനിധി സമ്മേളനം ന

*(ശേഷം 2-ാം പേജിൽ)*


പേജ് 7 — ബിപിസിഎൽ സ്വകാര്യവത്കരണത്തിനെതിരെ ജനകീയ ചെറുത്തുനിൽപ്പ്
പേജ് 8 — വിജ്ഞാന ശാസ്ത്രം, വൈരുദ്ധ്യാത്മക ഭൗതികവാദം, വിപ്ലവ ജീവിതം എന്നിവയെപ്പറ്റി
പേജ് 12 — അയോദ്ധ്യ കേസ്: പരമോന്നത കോടതി വിധി പരമമായ നീതി നിഷേധം
പേജ് 15 — വിപത്കരമായ റെയിൽവേ സ്വകാര്യവല്ക്കരണം

# വിദ്യാഭ്യാസ അവകാശ പോരാട്ടങ്ങൾക്ക് വിദ്യാർത്ഥികളെ സജ്ജരാക്കി അഖിലേന്ത്യാ സമ്മേളനം




സമാപന സമ്മേളനത്തിൽ എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) ജനറൽ സെക്രട്ടറി സഖാവ് പ്രൊവാഷ് ഘോഷ് മുഖ്യപ്രഭാഷണം നടത്തുന്നു

(1-ാം പേജിൽ നിന്ന്)

ടത്തുവാൻ തീരുമാനിച്ചിരുന്ന ഇൻഡസ്ടിയൽ എക്സിബിഷൻ ഗ്രൗണ്ട്, 25ന് രാത്രി 12 മണിക്ക് ശേഷം പൊതുസമ്മേളനത്തിനായി ലഭിച്ചു. അപ്പോഴേക്കും മറ്റ് സംസ്ഥാനങ്ങളിൽ നിന്നുമുള്ള പ്രതിനിധികൾ ഹൈദരബാദ് നഗരത്തിൽ എത്തിത്തുടങ്ങിയിരുന്നു. അഖിലേന്ത്യാ സമ്മേളനം ആരംഭിക്കുവാൻ ചുരുങ്ങിയ സമയം മാത്രമേ ബാക്കിയുണ്ടായിരുന്നുള്ളൂ. ഏതാനും മണിക്കൂറുകൾകൊണ്ട് എഐഡിഎസ്ഒ സംഘാടകരുടെ വിപ്ലവകരമായ നിശ്ചയദാർഢ്യത്തിന്റെ അടിത്തറയിൽ പൊതുസമ്മേളന വേദി പണിതുയർത്തപ്പെട്ടു. ദീർഘദൂരം യാത്ര ചെയ്തെത്തിയ പ്രതിനിധികൾപോലും സാഹചര്യത്തിന്റെ ഗൗരവം ഉൾക്കൊണ്ടുകൊണ്ട്, വിശ്രമിക്കുവാൻ തയ്യാറാകാതെ, വോളന്റിയർ പ്രവർത്തനങ്ങളിലേർപ്പെട്ടു. ഒരൊറ്റ രാത്രികൊണ്ട് ഇൻഡസ്ട്രിയൽ എക്സിബിഷൻ ഗ്രൗണ്ടിനെ ചരിത്രപരമായ വിദ്യാർത്ഥി സമ്മേളനത്തിന്റെ ഗൗരവം വിളിച്ചോതുന്ന ഈശ്വരചന്ദ്ര വിദ്യാസാഗർ വേദിയാക്കി മാറ്റുവാൻ




ഉസ്മാനിയ സർവകലാശാല മുൻ ഡീൻ പ്രൊഫ.വിശ്വേശർ റാവു പൊതുസമ്മേളനം ഉദ്ഘാടനം ചെയ്യുന്നു

ഹൈദരാബാദിലെ സംഘാടകർക്കൊപ്പം ഒരൊറ്റ ശരീരം പോലെ, എത്തിച്ചേർന്നുകൊണ്ടിരുന്ന പ്രതിനിധികളും പ്രവർത്തിച്ചു. നവംബർ 26ന് രാവിലെ മുതൽ ആന്ധ്രയിലെയും തെലുങ്കാനയിലെയും വിദ്യാർത്ഥി പ്രവർത്തകരും ആയിരങ്ങളായി സമ്മേളന നഗരിയിലേക്ക് എത്തിത്തുടങ്ങി. അധികാരികൾ വിലക്കുകൾ പ്രഖ്യാപിച്ചുകൊണ്ട് പരാജയപ്പെടുത്താൻ ശ്രമിച്ചിരുന്നപ്പോഴും, ഈ വിദ്യാർത്ഥി സമ്മേളനത്തിന്റെ പ്രാധാന്യം തിരിച്ചറിഞ്ഞു ഹൈദരബാദ് നഗരത്തിലെ നിരവധി അദ്ധ്യാപകരും സമ്മേളന നഗരിയിൽ എത്തി.

വിദ്യാഭ്യാസത്തിന്റെ വാണിജ്യവത്ക്കരണത്തിനും വർഗ്ഗീയവത്ക്കരണത്തിനുമെതിരെ പോരാടുവാൻ തയ്യാറാണെന്ന പ്രഖ്യാപനവുമായി ആയിരക്കണക്കിന് വിദ്യാർത്ഥികൾ അഖിലേന്ത്യാ സമ്മേളനത്തിന്റെ മുദ്രാവാക്യമുയർത്തി തെരുവിൽ അണിനിരന്നു. എഐഡിഎസ്ഒ അഖിലേന്ത്യാ നേതാക്കൾ ആ വമ്പിച്ച വിദ്യാർത്ഥിറാലിയെ നയിച്ചു.

ഉസ്മാനിയ സർവകലാശാലയിലെ ജേർണലിസം ഡിപ്പാർട്ട്മെന്റിലെ മുൻ ഡീൻ പ്രൊഫ.വിശ്വേശർ റാവു പൊതു സമ്മേളനം ഉദ്ഘാടനം ചെയ്തു. "ഇന്ന് ഇന്ത്യയിലുണ്ടായിക്കൊണ്ടിരിക്കുന്ന ഓരോ സംഭവങ്ങളും ജനാധിപത്യം എന്ന ആശയത്തെ തന്നെ ചോദ്യം ചെയ്യുന്നതാണ്. മഹാരാഷ്ട്രയിലെ സർക്കാർ രൂപീകരണം മാത്രം പരിശോധിച്ചാൽ എന്താണ് സംഭവിക്കുന്നതെന്ന് മനസ്സിലാകും.ജനാധിപത്യത്തിന്റെ അടിസ്ഥാന ശിലകൾ എന്നു പറയപ്പെടുന്ന ലെജിസ്ലേച്ചറും എക്സിക്യൂട്ടീവും ജുഡീഷ്യറിയുമൊന്നും നാടിന്റെ നീറുന്ന പ്രശ്നങ്ങൾ - തൊഴിലില്ലായ്മ, പട്ടിണി, കർഷക ആത്മഹത്യ - പരിഗണിക്കുന്നതേയില്ല. മാധ്യമങ്ങൾ പോലും കുത്തകകളുടെ ഉടമസ്ഥതയിലും ചൊൽപ്പടിയിലുമാണ്. വർഗ്ഗീയതയുടെ നിറമുള്ളവയാണ് ഭൂരിഭാഗം മുഖ്യധാര മാധ്യമങ്ങളും.ഈയൊരു സാഹചര്യത്തിലാണ് പുതിയ ദേശീയ വിദ്യാഭ്യാസ നയം വരുന്നത്. 'കരട് ദേശീയ വിദ്യാഭ്യാസ നയം 2019' ഒരു വിദ്യാഭ്യാസ നയമേയല്ല. മറിച്ച് കച്ചവടവത്ക്കരണത്തിന്റെയും വർഗ്ഗീയവത്ക്കരണത്തിന്റെയും രേഖയാണ്. വിദ്യാഭ്യാസ നടത്തിപ്പിന്റെ ഉത്തരവാദിത്വം സർക്കാരിനാണ്. കേന്ദ്ര ബജറ്റിന്റെ 10 ശതമാനവും സംസ്ഥാന ബജറ്റിന്റെ 30 ശതമാനവും വിദ്യാഭ്യാസത്തിന് അനുവദിക്കണം", സമ്മേളനം ഉദ്ഘാടനം ചെയ്തുകൊണ്ട് അദ്ദേഹം പറഞ്ഞു.

മുൻ ഐഎഎസ് ഉദ്യോഗസ്ഥൻ കണ്ണൻ ഗോപിനാഥൻ മുഖ്യാതിഥിയായിരുന്നു. "ഏതു വിഷയവും വിമർശനാത്മകമായി പരിശോധിക്കപ്പെടുകയെന്നതാണ് ജനാധിപത്യത്തിന്റെ ജീവവായു. എന്നാൽ ഇന്ന്, ഇന്ത്യയിൽ ഭരണാധികാരികളുടെ നയങ്ങളെ വിമർശിക്കുന്നവരെ രാജ്യദ്രോഹികളായി മുദ്രകുത്തി വായ് മൂടി കെട്ടുകയാണ്. ഇന്ന് രാജ്യത്ത് നിലനിൽക്കുന്നത് അപ്രഖ്യാപിത അടിയന്തരാവസ്ഥയാണ്. ഇവിടെ അപ്രഖ്യാപിത പ്രതിരോധമാണ് അവശ്യം. പ്രതികരണങ്ങൾ ഫേസ് ബുക്കിലല്ല, തെരുവിലാണ് വളർന്നു വരേണ്ടത്", സമ്മേളനത്തെ അഭിസംബോധന ചെയ്തുകൊണ്ട് അദ്ദേഹം പറഞ്ഞു. ആന്ധ്രാ ഹൈക്കോടതി മുൻ ജസ്റ്റിസ് ബി.ചന്ദ്രകുമാർ, എഐഡിഎസ്ഒ അഖിലേന്ത്യാ ജനറൽ സെക്രട്ടറി അശോക് മിശ്ര എന്നിവരും പ്രസംഗിച്ചു. അഖിലേന്ത്യാ പ്രസിഡന്റ് കമാൽ സെയിൻ അദ്ധ്യക്ഷനായിരുന്നു.

നവംബർ 27ന്, 'ദേശീയ വിദ്യാഭ്യാസ നയം 2019'നെ സംബന്ധിച്ച് ആഴത്തിലുള്ള ചർച്ചകൾക്ക് അവസരമൊരുക്കുന്ന സെമിനാർ നടന്നു. അക്കാദമിക രംഗത്തെ പ്രമുഖർ ഈ സെമിനാറിൽ പങ്കെടുത്തു. ബോംബെ ഐഐടിയിലെ റിട്ടയേഡ് പ്രൊഫസറും സാമൂഹ്യപ്രവർത്തകനുമായ പ്രൊഫ.രാം പുനിയാനി, മദ്രാസ് യൂണിവേഴ്സിറ്റി പൊളിറ്റിക്കൽ സയൻസ് ഡിപ്പാർട്ട്മെന്റ് മേധാവി പ്രൊഫ.ആർ.മണിവർണ്ണൻ, പ്രൊഫ.ദ്രുബ്ജ്യോതി മുഖർജി, ഡോ.സത്താർ അലിഖാൻ, സിസാറ്റ് മാനേജിംഗ് ഡയറക്ടർ സഹറുദ്ദീൻ അലിഖാൻ എന്നിവർ നേരിട്ടും, സുപ്രീം കോടതി റിട്ടയേഡ് ജസ്റ്റിസ് ചെലമേശ്വർ, നൽസർ നിയമ സർവകലാശാല വൈസ് ചാൻസലർ ഫൈസാൻ മുസ്തഫ, പ്രമുഖ ചരിത്രകാരൻ പ്രൊഫ.എസ്.ഇർഫാൻ ഹബീബ്, ഡോ.രാജൻ ഗുരുക്കൾ എന്നിവർ വീഡിയോ സന്ദേശങ്ങൾ മുഖേനയും സെമിനാറിൽ പങ്കെടുത്തു.

"വിദ്യാഭ്യാസം സാമൂഹ്യമായ ഒരു ഉത്തരവാദിത്വമാണ്; കമ്പോളത്തിൽനിന്നും വാങ്ങേണ്ട ഒരു ചരക്കല്ല. ഈ സമൂഹത്തിൽ പിറന്നുവീഴുന്ന ഒരോ കുഞ്ഞിന്റെയും ജന്മാവകാശമാണ് വിദ്യാഭ്യാസം. അത് ജനാധിപത്യപരവും എല്ലാ വിഭാഗം ജനങ്ങളെയും ഉൾക്കൊള്ളുന്നതും സ്വതന്ത്രവുമായിരിക്കണം. കേന്ദ്ര സർക്കാർ വിദ്യാഭ്യാസത്തെ സംബന്ധിച്ച ഈ അടിസ്ഥാന കാഴ്ചപ്പാടിനെ നിരാകരിക്കുന്നു. കപട ദേശീയത പ്രചരിപ്പിച്ചു കൊണ്ട് യുവതലമുറയെ വർഗ്ഗീയവത്ക്കരിക്കുന്നു. പ്രധാനമന്ത്രി നരേന്ദ്ര മോദി, ഗണപതിയുടെ തല ഇന്ത്യയിൽ പ്ലാസ്റ്റിക് സർജറി നിലനിന്നിരുന്നതിന്റെ ഉദാഹരണമായി അവതരിപ്പിച്ചത് അതിനാലാണ്. പല മന്ത്രിമാരും സമാനമായ പ്രചരണം നടത്തുന്നു. പുരാണങ്ങളെ ചരിത്രവും ശാസ്ത്രവുമായി അവതരിപ്പിക്കുന്നു. ഇത് നമ്മുടെ പാരമ്പര്യത്തെതന്നെ അപമാനിക്കുകയാണ്. ചരകന്റെയും ശുശ്രുതന്റെയും കണാദന്റെയും പാരമ്പര്യമാണ് നമ്മുക്കുള്ളത്. ഇത് നിരാകരിക്കുന്നു. നരേന്ദ്ര ധബോൽക്കർ, ഗോവിന്ദ് പൻസാരെ, എം.എം. കൽബുർഗി, ഗൗരി ലങ്കേഷ് എന്നീ സ്വതന്ത്ര ചിന്തകരെ കൊന്നാടുക്കിയ അതേ വികാരം തന്നെയാണ് ഇന്ന് ജനാധിപത്യ വിദ്യാഭ്യാസത്തിനുമെതിരെ ഉയരുന്നത്. ജെഎൻയു സമരം ജനാധിപത്യ വിദ്യാഭ്യാസത്തിനെതിരായ നയങ്ങൾക്കെതിരെയുള്ള പ്രതിരോധമാണ്", പ്രൊഫ.രാം പുനിയാനി പറഞ്ഞു.

"വിദ്യാഭ്യാസം പരമപ്രധാനമായ മൗലികാവകാശമാണ്. വിദ്യാഭ്യാസത്തിന്റെ വാണിജ്യവത്ക്കരണത്തിലൂടെ ഇത് നിഷേധിക്കപ്പെടുന്നു. പുതിയ വിദ്യാഭ്യാസ നയത്തിന്റെ രൂപപ്പെടൽ തന്നെ അങ്ങേയറ്റം ജനാധിപത്യ വിരുദ്ധമായ വിധത്തിലാണ്", പ്രൊഫ.മണിവർണ്ണൻ അഭിപ്രായപ്പെട്ടു. "വിദ്യാഭ്യാസത്തിന്റെ സാമൂഹികത നിരാകരിക്കുന്ന വിദ്യാഭ്യാസ പരിഷ്കാരങ്ങൾ ടെക്നോ ക്യാപിറ്റലിസത്തിലേക്കാണ് കൊണ്ടുപോകുന്ന"തെന്ന് ഡോ.രാജൻ ഗുരുക്കൾ വീഡിയോ സന്ദേശത്തിലൂടെ അറിയിച്ചു. രണ്ടാം ദിവസം, എഐഡിഎസ്ഒ അഖിലേന്ത്യാ പ്രസിഡന്റ് കമാൽ സെയ്ൻ 'ഐക്യം, സമരം, പുരോ

(ശേഷം 3-ാം പേജിൽ)



പ്രതിനിധി സമ്മേളന സദസ്സ്

# സ്ത്രീപീഡനക്കേസുകളിൽ കുറ്റവാളികൾക്ക് കർശന ശിക്ഷ ഉറപ്പുവരുത്തുക – എഐഎംഎസ്എസ്

ഹൈദരബാദിൽ വെറ്റിനറി ഡോക്ടറെ നാലു യുവാക്കൾ ചേർന്ന് പീഡിപ്പിച്ച് കൊലപ്പെടുത്തിയ സംഭവം രാജ്യത്തെ ഞെട്ടിച്ചിരിക്കുകയാണ്. ഇതിനെതിരെ രാജ്യം മുഴുവൻ പ്രതിഷേധമുയരുമ്പോൾ, ഇരയായ പെൺകുട്ടി സംഭവം നടക്കുന്നതിന് മുമ്പ് സഹോദരിയെയല്ല പോലീസിനെ വിളിക്കണമെന്നാണ് തെലുങ്കാന ആഭ്യന്തര മന്ത്രി പ്രതികരിച്ചത്. പോലീസ്, സഹോദരിയുടെ പരാതി പ്രകാരം തക്കസമയത്ത് ഇടപെട്ടിരുന്നെങ്കിൽ ഒരുപക്ഷെ ഈ ദുരന്തം ഒഴിവാക്കാമായിരുന്നു. സ്ത്രീകളുടെ മാനത്തിനും ജീവനും സംരക്ഷണം നൽകുന്നതിൽ അധികാരസംവിധാനത്തിനുണ്ടായ പരാജയത്തിൽ ക്ഷമാപണം നടത്തുന്നതിന് പകരം ഇത്തരം പ്രസ്താവനയിലൂടെ അങ്ങേയറ്റം നിരുത്തരവാദപരമായ നിലപാടാണ് സർക്കാർ സ്വീകരിച്ചത്. അധികാരികളുടെ കുറ്റകരമായ ഈ സമീപനത്തിൽ അഖിലേന്ത്യാ മഹിളാ സാംസ്കാരിക സംഘടന(എഐഎംഎസ്എസ്) ശക്തമായ പ്രതിഷേധിക്കുന്നു.

ഇതേ തുടർന്ന്, രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് പീഡനങ്ങളുടെ ഒരു പരമ്പര തന്നെ പുറത്തുവന്നിരിക്കുകയാണ്. റാഞ്ചിയിൽ ഒരു നിയമവിദ്യാർത്ഥിയെ കൂട്ടബലാത്സംഗം ചെയ്ത കേസിൽ 12 പേരെയാണ് അറസ്റ്റ് ചെയ്തിരിക്കുന്നത്. തമിഴ്നാട്ടിൽ കാഞ്ചിപുരത്ത് 20 വയസ്സുകാരിയും കൂടല്ലൂരിൽ 32കാരിയും പീഡനത്തിനിരയായി. ഗുജറാത്തിലെ വഡോദരയിലും ചണ്ഡിഗഢിലും പതിനാലും പതിനൊന്നും വയസ്സുള്ള കുഞ്ഞുങ്ങൾക്ക് നേരെയാണ് അതിക്രമമുണ്ടായത്. നടുക്കമുണ്ടാക്കുന്ന ഈ സംഭവങ്ങളൊക്കെ ഇന്ത്യയിൽ ഒറ്റ ദിവസം നടന്നതാണ്. റിപ്പോർട്ട് ചെയ്തതും അല്ലാത്തതുമായ സംഭവങ്ങൾ ഇനിയുമുണ്ട്. ഇത് തെളിയിക്കുന്നത് സ്ത്രീസുരക്ഷ ഉറപ്പാക്കുന്നതിൽ സർക്കാരുകൾ വരുത്തുന്ന കുറ്റകരമായ വീഴ്ചയെയാണ്.

സാമൂഹ്യ മാധ്യമങ്ങളിലൂടെയും അശ്ലീല വെബ്സൈറ്റുകളിലൂടെയും വ്യാപകമായി പ്രചരിച്ചുകൊണ്ടിരിക്കുന്ന അശ്ലീലതയും, മദ്യം, മയക്കുമരുന്ന് ഇവയുടെ വ്യാപനവും പടർത്തുന്ന സാംസ്കാരിക ജീർണ്ണത എല്ലാ മാനുഷിക മൂല്യങ്ങളെയും തകർക്കുകയും ചിന്തയെ വികലപ്പെടുത്തുകയും ചെയ്യുന്നു. ഇത് സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുള്ള അതിക്രമങ്ങൾ വർദ്ധിക്കാൻ കാരണമാകുന്നു. കുറ്റവാളികളെ സംരക്ഷിക്കുകയും ശിക്ഷ വൈകിപ്പിക്കുകയും ചെയ്യുന്ന ഭരണാധികാരികളുടെ മനോഭാവം രാജ്യത്തുടനീളം കുറ്റകൃത്യങ്ങൾ പെരുകുന്നതിലേയ്ക്ക് നയിക്കുന്നു.

സമീപകാലത്ത്, പൊതുജനങ്ങളുടെ രോഷവും പ്രതിഷേധവും കണക്കിലെടുത്ത് കുറ്റവാളികളെ അറസ്റ്റ് ചെയ്യാനും ചില സംഭവങ്ങളിൽ അവരെ ശിക്ഷിക്കാനും അധികാരികൾ നിർബന്ധിതരായിട്ടുണ്ട്. എന്നാൽ അടിസ്ഥാനപരവും അടിയന്തരവുമായ ആവശ്യകത ഇത്തരം ഭീകര സംഭവങ്ങൾക്ക് കർശനമായി തടയിടുകയെന്നതാണ്. ഇതാവർത്തിക്കാതിരിക്കാൻ, മദ്യം, മയക്കുമരുന്ന്, അശ്ലീല വെബ്സൈറ്റുകൾ ഇവയുടെ വ്യാപനം കർശനമായി തടഞ്ഞുകൊണ്ട് ആരോഗ്യകരമായ സാമൂഹ്യാന്തരീക്ഷം രാജ്യത്ത് സൃഷ്ടിക്കാൻ സർക്കാരുകൾ അടിയന്തര നടപടി സ്വീകരിക്കണം. സ്ത്രീപീഡന കേസുകൾ അതിവേഗ കോടതികളിൽ തീർപ്പുകൽപ്പിക്കുകയും കുറ്റവാളികൾക്ക് കർശനശിക്ഷ ഉറപ്പാക്കുകയും ചെയ്യണം. പോലീസിന്റെ കുറ്റകരമായ അനാസ്ഥ അവസാനിപ്പിച്ച് സമയോചിതമായ ഇടപെടൽ ഉറപ്പാക്കണം. രാജ്യത്തെ നടുക്കിയ നിർഭയ സംഭവത്തെ തുടർന്നുണ്ടായ ജനകീയപ്രക്ഷോഭണത്തിന്റെ ഫലമായി നിയോഗിക്കപ്പെട്ട ജസ്റ്റിസ് വർമ്മാ കമ്മീഷന്റെ റിപ്പോർട്ട് ഇപ്പോൾ ചവറ്റുകുട്ടയിലാണ്. നിർഭയാനിധിയിലെ ഒരു തരി പണം പോലും ഇരകളാക്കപ്പെട്ടവരുടെ പുനഃരധിവാസത്തിനുവേണ്ടി ഉപയോഗിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ, സ്ത്രീകളെ ലൈംഗിക–ഭോഗവസ്തുവെന്നതിനു പകരം ആദരവോടെ കാണാനുള്ള മനോഭാവം സൃഷ്ടിക്കാനുതകുന്ന സാമൂഹ്യ–സാംസ്കാരിക മുന്നേറ്റവും കുറ്റവാളികൾക്ക് കർശനശിക്ഷ ആവശ്യപ്പെട്ടുകൊണ്ടുള്ള പ്രക്ഷോഭണവും വളർത്തിയെടുക്കാൻ നേരായി ചിന്തിക്കുന്ന മുഴുവൻ ജനങ്ങളോടും അഖിലേന്ത്യാ മഹിളാ സാംസ്കാരിക സംഘടന അഭ്യർത്ഥിക്കുന്നു. ■




**ഹൈദരാബാദിൽ പ്രിയങ്ക റെഡ്ഡി കൊലചെയ്യപ്പെട്ട സംഭവത്തിൽ പ്രതിഷേധിച്ച് ആലപ്പുഴ ടൗണിൽ എഐഎംഎസ്എസ്, എഐഡിവൈഒ, എഐഡിഎസ്ഒ എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ നടന്ന പ്രകടനം**




**പ്രിയങ്ക റെഡ്ഡിയുടെ കൊലപാതകികൾക്ക് മാതൃകാപരമായ ശിക്ഷ ഉറപ്പാക്കണമെന്ന് ആവശ്യപ്പെട്ട് കോട്ടയം ടൗണിൽ നടന്ന പ്രതിഷേധ പ്രകടനം**

## അഖിലേന്ത്യാ വിദ്യാർത്ഥി സമ്മേളനം

*(2–ാം പേജിൽ നിന്ന്)*

ഗതി' എന്ന് ആലേഖനം ചെയ്ത ചെങ്കൊടി ഉയർത്തിയതോടെ പ്രതിനിധി സമ്മേളനം സമാരംഭിച്ചു. തുടർന്ന് രക്തസാക്ഷി മണ്ഡപത്തിൽ പുഷ്പാർച്ചന നടന്നു. പ്രധാന രാഷ്ട്രീയ പ്രമേയം, നാഷണൽ മെഡിക്കൽ കമ്മീഷൻ പിൻവലിക്കുവാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള പ്രമേയം, ജമ്മു കാശ്മീർ മനുഷ്യാവകാശ ലംഘനത്തിനെതിരായ പ്രമേയം, അക്കാദമിക സ്വാതന്ത്ര്യത്തിനും ജനാധിപത്യ അവകാശങ്ങൾക്കും നേരെയുള്ള ആക്രമണങ്ങൾക്കെതിരായ പ്രമേയം, എൻആർസിയ്ക്കെതിരായ പ്രമേയം, വിദ്യാർത്ഥിനികൾക്ക് നേരെയുള്ള അതിക്രമങ്ങൾക്കെതിരായ പ്രമേയം, സർക്കാർ വിദ്യാഭ്യാസ സ്ഥാപനങ്ങൾ അടച്ചുപൂട്ടുന്നതിനെതിരായ പ്രമേയം, ഗവേഷണ മേഖലയിലെ വിഷയങ്ങൾ അവതരിപ്പിക്കുന്ന പ്രമേയം, ആൾക്കൂട്ടകൊലപാതകങ്ങൾക്കും ന്യൂനപക്ഷങ്ങൾക്ക് നേരെയുള്ള അതിക്രമങ്ങൾക്കുമെതിരെയുള്ള പ്രമേയം തുടങ്ങി പതിനാല് പ്രമേയങ്ങളും സംഘടനാ റിപ്പോർട്ടും സമ്മേളനം ചർച്ച ചെയ്ത് അംഗീകരിച്ചു. വി.എൻ.രാജശേഖർ പ്രസിഡന്റും സൗരവ് ഘോഷ് സെക്രട്ടറിയുമായ 142 അംഗ അഖിലേന്ത്യാ കമ്മിറ്റിയെയും സമ്മേളനം ഏകകണ്ഠേന തെരഞ്ഞെടുത്തു.

സമ്മേളനത്തോട് അനുബന്ധിച്ച് ഇടത് വിദ്യാർത്ഥി സംഘടനാ നേതാക്കളുമായുള്ള ഇന്ററാക്ടീവ് സെഷനും വിപുലമായ കൾച്ചറൽ സെഷനും നടന്നു. ബംഗ്ലാദേശ് സ്റ്റുഡൻസ് സോഷ്യലിസ്റ്റ് ഫ്രണ്ടിന്റെ പ്രതിനിധികൾ സൗഹാർദ്ദ പ്രതിനിധികളായി പങ്കെടുത്തു. കൂടാതെ, പാകിസ്ഥാൻ, മ്യാൻമർ, നേപ്പാൾ തുടങ്ങിയ രാഷ്ട്രങ്ങളിലെ ഇടതുപക്ഷ വിദ്യാർത്ഥി സംഘടനകൾ സമ്മേളനത്തെ അഭിവാദ്യം ചെയ്തുകൊണ്ട് അയച്ച സന്ദേശങ്ങളും അവതരിപ്പിക്കപ്പെട്ടു.

29ന് വൈകുന്നേരം നടന്ന സമാപന സമ്മേളനത്തിൽ എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) ജനറൽ സെക്രട്ടറി സഖാവ് പ്രൊവാഷ് ഘോഷ് മുഖ്യപ്രഭാഷണം നടത്തി. പ്രതിസന്ധി ഗ്രസ്തമായ ഈ സാമൂഹ്യ സാഹചര്യത്തിൽ, വിപ്ലവ വിദ്യാർത്ഥി പ്രവർത്തകരായി സ്വയം സമർപ്പിക്കുവാൻ സന്നദ്ധരാകുവാൻ അദ്ദേഹം ആഹ്വാനം ചെയ്തു.

വിദ്യാഭ്യാസത്തിനും സംസ്കാരത്തിനും മേലുള്ള കടന്നാക്രമണങ്ങളെ ചെറുക്കുവാൻ ആശയാടിത്തറയുള്ള ഒരു വിദ്യാർത്ഥിനിരയെ സൃഷ്ടിച്ചുകൊണ്ട് ഒൻപതാം അഖിലേന്ത്യാ സമ്മേളനം സമാപിച്ചു. സമ്മേളന നടപടികളോടൊപ്പം, നവംബർ 28ന് മഹാനായ മാർക്സിസ്റ്റ് ആചാര്യൻ ഫ്രെഡറിക് ഏംഗൽസിന്റെ ഇരുനൂറാം ചരമവാർഷികവും ഇന്ത്യൻ നവോത്ഥാന നായകൻ ജ്യോതിറാവു ഫൂലേയുടെ ജന്മവാർഷികവും ആചരിച്ചു. ■




**സേവ് സൈക്കോളജി സ്റ്റുഡന്റ്സ് ഫോറത്തിന്റെ ആഭിമുഖ്യത്തിൽ നടന്ന യൂണിവേഴ്സിറ്റി മാർച്ചിനെ സേവ് എജ്യുക്കേഷൻ കമ്മിറ്റി സംസ്ഥാന സെക്രട്ടറി എം.ഷാജർഖാൻ അഭിസംബോധന ചെയ്യുന്നു**

## സൈക്കോളജി വിദ്യാർത്ഥികളുടെ സമരം വിജയിച്ചു

കേരള യൂണിവേഴ്സിറ്റി കാര്യവട്ടം ക്യാമ്പസിലെ മനഃശാസ്ത്ര അദ്ധ്യാപകൻ ജോൺസണെ സർവ്വീസിൽ നിന്ന് നീക്കംചെയ്യണമെന്ന് ആവശ്യപ്പെട്ട് സൈക്കോളജി വിദ്യാർത്ഥികൾ നടത്തിയ സമരം വിജയിച്ചു. ഇന്റേണൽ മാർക്കിന്റെ പേരിൽ വിദ്യാർത്ഥികളെ ക്രൂരമായി ചൂഷണം ചെയ്യുകയും കൂട്ടമായി തോൽപ്പിക്കുകയും ചെയ്തതിനെതിരെ വിദ്യാർത്ഥികൾ കേരള യൂണിവേഴ്സിറ്റി ആസ്ഥാനത്തേക്ക് മാർച്ച് നടത്തി. പിഎസ്സി ആജീവനാന്ത വിലക്ക് ഏർപ്പെടുത്തുകയും കാലടി സർവ്വകലാശാല പുറത്താക്കുകയും ചെയ്ത ഇയാൾ അനധികൃതമായി കാര്യവട്ടം ക്യാമ്പസിൽ നിയമനം നേടുകയായിരുന്നു.

സേവ് സൈക്കോളജി സ്റ്റുഡന്റ്സ് ഫോറത്തിന്റെ ആഭിമുഖ്യത്തിൽ നടന്ന മാർച്ച്, സൈക്കോളജി സർക്കിൾ പ്രസിഡന്റ് ദീപ മേരി തോമസ് ഉദ്ഘാടനം ചെയ്തു. ജെ.മാനവ് അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ കെ.എസ്.ശബരീനാഥ് എംഎൽഎ, കെ.എം.ഷാജഹാൻ, എം.ഷാജർഖാൻ, മുഹമ്മദ് സാഹിബ്, നൗഫൽ, അഷിത, മേധ സുരേന്ദ്രനാഥ്, ആൽവിൻ, ഹസീന, സാമുവൽ തുടങ്ങിയവർ പ്രസംഗിച്ചു.

വിദ്യാർത്ഥികളുടെ പ്രതിഷേധത്തെ തുടർന്ന് അദ്ധ്യാപകനെ അന്വേഷണവിധേയമായി സസ്പെൻഡ് ചെയ്യാൻ യൂണിവേഴ്സിറ്റി സിൻഡിക്കേറ്റ് യോഗം തീരുമാനിച്ചു. ■

# ഓഹരി വിപണിയിലെ കുതിച്ചുകയറ്റം സമ്പദ്രംഗത്തിന്റെ കുതിപ്പിനെയല്ല കിതപ്പിനെയാണ് കാണിക്കുന്നത്

(1-ാം പേജിൽ നിന്ന്)

പ്രഹരത്തിന് പുറമേ, ചെറുകിട-ഇടത്തരം കമ്പനികൾ കഴിഞ്ഞ ഏതാനും മാസങ്ങളിലായി ഉല്പാദനവും ചെലവും കുറയ്ക്കുന്നതിനായി ലക്ഷക്കണക്കിന് തൊഴിലാളികളെ തൊഴിലിൽനിന്ന് ഒഴിവാക്കാൻ നിർബന്ധിതരാക്കപ്പെട്ടിരിക്കുകയുമാണ്. 2011-12, 2017-18 സാമ്പത്തിക വർഷങ്ങൾക്കിടയിൽ 4.7 കോടി തൊഴിലുകൾ നഷ്ടപ്പെട്ടതായി ഒരു റിപ്പോർട്ട് പറയുന്നു. ഡിമാന്റ് കുറഞ്ഞതിനാൽ, കഴിഞ്ഞ പത്തുമാസമായി ഗുരുതരമായ ക്ഷതമേറ്റിരിക്കുന്ന വാഹന വ്യവസായത്തിൽനിന്ന് 3.50 ലക്ഷം തൊഴിലുകൾ ഇല്ലായ്മ ചെയ്യപ്പെട്ടിരിക്കുന്നു. മൂന്ന് ലക്ഷം തൊഴിലാളികളെ ഒഴിവാക്കാൻ ഇന്ത്യൻ റെയിൽവേ ഒരുമ്പെടുന്നതായി റിപ്പോർട്ട് വന്നിരിക്കുന്നു. തുടരുന്ന മാന്ദ്യം കാരണം 50 ലക്ഷത്തോളം തൊഴിലാളികളും ജീവനക്കാരും തൊഴിൽ രഹിതരാകുമെന്ന്, നോർത്ത് ഇന്ത്യൻ ടെക്സ്റ്റൈൽ മിൽ അസ്സോസിയേഷൻ ആശങ്കിക്കുന്നു. ഇന്ത്യയിലെമ്പാടുമായി 605 സ്പിന്നിംഗ് മില്ലുകൾ പൂട്ടിപ്പോയിരിക്കുന്നു. തമിഴ്നാട് ഓപ്പൺ എന്റ് സ്പിന്നിംഗ് മിൽ അസ്സോസിയേഷൻ പറയുന്നത്, 1.20 ലക്ഷം തൊഴിലാളികൾക്ക് കഴിഞ്ഞ വർഷം ജോലി നഷ്ടപ്പെട്ടുവെന്നാണ്. മധ്യതലംതൊട്ട് താഴേതലംവരെയുള്ള കരാർ തൊഴിലാളികളാണിതിന്റെ ആദ്യ ഇരകൾ. ജോലി നഷ്ടത്തിന്റെ ഒഴുക്കിനൊപ്പം തൊഴിലവസരങ്ങളുടെതന്നെ ദ്രുതഗതിയിലുള്ള ചുരുങ്ങലുംമൂലം തൊഴിലില്ലായ്മ ഭീതിജനകമാംവിധം ഉയർന്നുവരുന്നു. കഴിഞ്ഞ 45 കൊല്ലക്കാലത്തെ ഏറ്റവുമുയർന്ന തോതിലാണ് തൊഴിലില്ലായ്മ. തീർച്ചയായും ഒരു റിക്കാർഡ് തന്നെ! ചെറിയ വേതനം ലഭിക്കുന്ന പ്യൂൺ, തൂപ്പുജോലി തസ്തികയിലേക്ക് ഗവേഷണ ബിരുദധാരികളും റാങ്ക് ജേതാക്കളായ എഞ്ചിനിയറിംഗ് ബിരുദാനന്തര ബിരുദധാരികളുംവരെ എത്തിപ്പെടുന്ന അവസ്ഥയിലേയക്ക് തൊഴിലില്ലായ്മ എത്തിയിരിക്കുന്നുവെന്ന് നേരത്തെതന്നെ നിരവധി സംഭവങ്ങൾ വെളിവാക്കിയിട്ടുണ്ട്. ഗുജറാത്തിൽ, 1,149 ശിപായി-ആമീൻ തസ്തികയിലേയക്ക് കഴിഞ്ഞ ഒക്ടോബറിൽ 1,59,278 പേർ അപേക്ഷകരായി വന്നുവെന്ന് മാദ്ധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു. പരീക്ഷയിൽ യോഗ്യത നേടി നിയമിതരായവരിൽ 7 ഡോക്ടർമാരും 450 എഞ്ചിനീയർമാരും 453 ബിരുദാനന്തര ബിരുദധാരികളും ഉൾപ്പെട്ടിരുന്നു. താല്ക്കാലിക ജീവനക്കാരെയും അർദ്ധ തൊഴിലാളികളെയും തൊഴിലില്ലാത്തവരുടെയൊപ്പം ചേർത്താൽ സംഖ്യ അമ്പരപ്പിക്കുന്നവിധത്തിൽ ഉയരും. ഇന്റർനാഷണൽ ലേബർ ഓർഗനൈസേഷന്റെ അഭിപ്രായത്തിൽ ഇന്ത്യയിലെ 80 ശതമാനത്തിലധികം ആൾക്കാർ സ്ഥിരവേതനമോ സാമൂഹിക ക്ഷേമ പദ്ധതികളോ ഇല്ലാത്ത ജോലികളിൽ ഏർപ്പെടുന്നു. വൻനഗരങ്ങളിൽ അവർ തെരുവുകച്ചവടക്കാരായും നിർമ്മാണത്തൊഴിലാളികളായും ചെറിയ കടകളിലെ ജോലിക്കാരായും കൃഷിയിടങ്ങളിൽ കർഷകത്തൊഴിലാളികളായും യാതൊരു തൊഴിൽ സുരക്ഷയും ജീവനത്തിനാവശ്യമായ വേതനവുംപോലുമില്ലാതെ പണിയെടുക്കുന്നു. കമ്പോളത്തിലെ ചോദനയുടെ കുറവ് ഇന്ന് ഒരു രഹസ്യമല്ലാതായിരിക്കുന്നു. ആഭ്യന്തര ചോദനയുടെ പ്രധാന ഭാഗമായ ഉപഭോഗ വസ്തുക്കളുടെ വില്പനയിൽ ഗണ്യമായ ഇടിവ് വന്നിരിക്കുന്നു. കൂടുതൽ ചെലവുള്ള നിത്യോപഭോഗ വസ്തുക്കളുടെ(Fast Moving Consumer Goosd) നിർമ്മാതാക്കളിൽ പ്രമുഖരായ ഹിന്ദുസ്ഥാൻ ലിവറിന്റെ വില്പന താഴ്ന്ന തലത്തിലെത്തിയിരിക്കുന്നു. അഞ്ച് രൂപയുടെ ഒരു ബിസ്കറ്റ് പാക്കറ്റ് വാങ്ങുന്നതിനുപോലും ജനങ്ങൾ രണ്ടുവട്ടം ആലോചിക്കാൻ തുടങ്ങിയിരിക്കുന്നുവെന്ന് ബ്രിട്ടാനിയ കമ്പനിയുടെ മാനേജിംഗ് ഡയറക്ടർ അഭിപ്രായപ്പെടുന്നു. വ്യാവസായികവും അല്ലാത്തതുമായ ഉല്പാദനം നിർത്തുന്നില്ലെങ്കിലും മന്ദഗതിയിലാണ് എന്നത് ഇന്നത്തെ പൊതുവായ ഒരു നിരീക്ഷണമാണ്. കാരണം അതൊന്നും വാങ്ങാനാളില്ല. അഥവാ, ചോദന ഇല്ല. ഉപഭോഗ വസ്തുക്കളുടെ ആവശ്യകത മൂക്കുകുത്തിയതോടെ വ്യവസായ സ്ഥാപനങ്ങൾ കൂടുതൽ കൂടുതൽ പിരിച്ചുവിടലുകളും ഉല്പാദനക്കുറവും പ്രഖ്യാപിക്കുകയാണ്. അതാകട്ടെ സമ്പദ്രംഗത്തിന് കൂടുതൽ ഹാനിവരുത്തുകയും ചെയ്യുന്നു.

**സാമാന്യ ജനങ്ങൾക്ക്, നിലനിൽക്കുന്ന വിലനിലവാരത്തിന് അനുസരിച്ച് സാധനങ്ങൾ വാങ്ങാനുള്ള പണം അഥവാ ക്രയശേഷിയില്ല എന്നതാണ് കമ്പോളത്തിൽ ചോദന ഉണ്ടാകാത്തതിനുകാരണം. എന്തുകൊണ്ടാണ് ക്രയശേഷി ഇല്ലാതാകുന്നത്? നിത്യോപയോഗത്തിന് അത്യാവശ്യമായ സാധനങ്ങൾ വാങ്ങാൻപോലുമുള്ള പണം സ്വരൂപിച്ചെടുക്കാനുള്ള എല്ലാ മാർഗ്ഗങ്ങളും അവർക്ക് ക്രമാനുഗതമായി നിഷേധിക്കപ്പെട്ടുകൊണ്ടിരിക്കുകയാണ്.**

### അടിസ്ഥാന കാരണങ്ങളിലേക്ക് ഒരു എത്തിനോട്ടം

എന്തുകൊണ്ടാണ് കമ്പോളത്തിൽ ചോദന ഉണ്ടാകാത്തത്? ഉപഭോക്താക്കൾക്ക് അഥവാ സാമാന്യ ജനങ്ങൾക്ക്, നിലനിൽക്കുന്ന വിലനിലവാരത്തിന് അനുസരിച്ച് സാധനങ്ങൾ വാങ്ങാനുള്ള പണം അഥവാ ക്രയശേഷിയില്ല എന്നതാണ് ഇതിനുകാരണം. എന്തുകൊണ്ടാണ് ആളുകൾക്ക് ക്രയശേഷി ഇല്ലാതാകുന്നത്? ആവശ്യകതയുള്ള ഉല്പന്നങ്ങളെല്ലാമെന്നത് പോകട്ടെ, നിത്യോപയോഗത്തിന് അത്യാവശ്യമായ സാധനങ്ങൾ വാങ്ങാൻപോലുമുള്ള പണം സ്വരൂപിച്ചെടുക്കാനുള്ള എല്ലാ മാർഗ്ഗങ്ങളും അവർക്ക് ക്രമാനുഗതമായി നിഷേധിക്കപ്പെട്ടുകൊണ്ടിരിക്കുകയാണ്. മുതലാളിത്ത സമ്പദ്വ്യവസ്ഥയുടെ തനതായ നിയമങ്ങൾ മൂലം സാധാരണക്കാരുടെ തൊഴിലില്ലായ്മയ്ക്കൊപ്പം തൊഴിൽനഷ്ടവും അർദ്ധതൊഴിലുകളും വ്യാജതൊഴിലുകളുമെല്ലാം നാഴികയ്ക്കെന്ന മട്ടിൽ വർദ്ധിച്ചുകൊണ്ടിരിക്കുമ്പോൾ, കർഷകർക്കും തൊഴിലാളികൾക്കും ഇടത്തരക്കാർക്കുമെല്ലാം വരുമാനമുണ്ടാക്കാനുള്ള എല്ലാ മാർഗ്ഗങ്ങളും ചെറുതായിക്കൊണ്ടിരിക്കുകയാണ്. അങ്ങനെ ഈ ജനകോടികളുടെ വാങ്ങൽശേഷി നഷ്ടപ്പെട്ടുകൊണ്ടേയിരിക്കുന്നു. സാധാരണക്കാരുടെ വാങ്ങൽശേഷി നഷ്ടമാകുകയെന്നാൽ ഉല്പന്നങ്ങളുടെ കമ്പോളമില്ലാതാകുന്നു എന്നാണർത്ഥം. വില്ക്കാനുള്ള ഉല്പന്നങ്ങൾക്ക് കമ്പോളം ഇല്ലാതാകുന്നു എന്നതിനാൽ മുതലാളിമാരും വ്യവസായികളും, പുത്തൻ പ്രയോഗത്തിൽ പറഞ്ഞാൽ 'നിക്ഷേപകർ', ഉല്പാദന മേഖലയിലേക്ക് പണമിറക്കുന്നതിൽനിന്ന് പിന്തിരിയും. അങ്ങനെ നിലവിലുള്ള വ്യവസായശാലകൾ ഒന്നൊന്നായി അടച്ചുപൂട്ടപ്പെടുകയും പുതിയ നിക്ഷേപങ്ങളൊന്നും വരാതെയുമാകുന്നു. മുതലാളിത്തത്തിൽ, പരമാവധി ലാഭം കൊയ്യാനാണ് മുതലാളിവർഗ്ഗം മൂലധനം നിക്ഷേപിക്കുന്നത്. പരമാവധി ലാഭം നേടാനുള്ള സാധ്യത കുറയുകയോ ഇല്ലാതാകുകയോ ചെയ്താൽ ഒരു മുതലാളിയും വ്യവസായിയും സംരംഭകനും പുതുതായി മൂലധനമിറക്കാൻ മുന്നോട്ടുവരില്ല. സാധാരണക്കാർ അവരുടെ പ്രാഥമികാവശ്യങ്ങൾപോലും പൂർത്തീകരിക്കാനാകാത്ത വിധത്തിൽ സമ്പൂർണ്ണമായ തകർച്ചയുടെ ഗർത്തത്തിലേക്ക് പതിക്കുകയാണ് എന്നതൊന്നും ഒരു വർഗ്ഗമെന്ന നിലയിൽ മുതലാളിമാർ വിശേഷിച്ചും, ജീർണ്ണോന്മുഖവും മരണാസന്നവുമായ മുതലാളിത്തത്തിന്റെ ഈ ഘട്ടത്തിൽ ചിന്തിക്കുന്നതേ ഇല്ല. ലാഭം നേടുകയും സമ്പത്ത് പലമടങ്ങായി വർദ്ധിപ്പിക്കുന്നതിലും മാത്രമാണ് അവരുടെ ശ്രദ്ധ. തങ്ങൾ നിശ്ചയിച്ച വിലയ്ക്ക് ഉല്പന്നങ്ങൾ വാങ്ങാൻ ആളില്ലെങ്കിൽ അവർ ഉല്പാദനം കുറയ്ക്കുകയും അതുവഴി കമ്പോളത്തിലേയ്ക്കുള്ള ചരക്കിന്റെ പ്രദാനം കുറയുകയും ചെയ്യും. ഇത് വിലക്കയറ്റം സൃഷ്ടിക്കുകയും വാങ്ങാൻ കഴിവുള്ളവരുടെ എണ്ണം വീണ്ടും കുറയ്ക്കുകയും പ്രതിസന്ധി രൂക്ഷമാക്കുകയും ചെയ്യും.

രണ്ടാമതായി, ഉല്പാദന മേഖലയിൽനിന്ന് പരമാവധി ലാഭം നേടാനാകാതെവരുമ്പോൾ മുതലാളിമാരുടെ കൈയിൽ നിഷ്ക്രിയമായിരിക്കുന്ന മൂലധനം, ഉല്പാദനപരമല്ലാത്ത ആയുധ നിർമ്മാണം, പലിശ വ്യാപാരം, ഊഹക്കച്ചവടം തുടങ്ങിയ മേഖലകളിലേയ്ക്ക് വഴിതിരിച്ചുവിടപ്പെടും. ഗവൺമെന്റ് എന്നത് മുതലാളിത്ത ഭരണകൂടത്തിന്റെ നടത്തിപ്പുകാർ മാത്രമായ സ്ഥിതിക്ക്, ഇന്ത്യയുൾപ്പെടെയുള്ള എല്ലാ മുതലാളിത്ത രാജ്യങ്ങളിലും കാണുന്നതുപോലെ ഈ പണം സമ്പദ്വ്യവസ്ഥയുടെ സൈനികവത്കരണത്തെ ഉത്തേജിപ്പിക്കാനായി ഉപയോഗിക്കപ്പെടുന്നു. മൂലധനത്തിന്റെ വലിയൊരു ഭാഗം ഓഹരിവിപണിയിലേക്കും ഹുണ്ടിക വ്യാപാരത്തിലേക്കും ഊഹക്കച്ചവടത്തിലേക്കും ഒഴുകുകയും ചെയ്യും. ചില പ്രത്യേക ഓഹരികളെ ലക്ഷ്യമാക്കി ഓഹരിവിപണിയിൽ പണം നിക്ഷേപിക്കപ്പെട്ടാൽ ആ ഷെയറുകളുടെ വില കുതിച്ചുയരും. ഉദാഹരണത്തിന്, മുൻപ് 100 ഷെയറുകൾക്കായി ഒരുലക്ഷം രൂപ മാർക്കറ്റിലിറക്കിയിരുന്നെന്ന് കരുതുക. അപ്പോൾ ഒരു ഷെയറിന്റെ ശരാശരി വില ആയിരം രൂപയായിരിക്കും. അപ്പോൾ നാല് ലക്ഷം രൂപകൂടി ഈ ഷെയറുകളെ ലക്ഷ്യമാക്കി മാർക്കറ്റിലെത്തിയാൽ പല കൈകളിലുള്ള ഈ നൂറ് ഷെയറുകളെ ലക്ഷ്യമാക്കി അഞ്ച് ലക്ഷം രൂപ ഉണ്ടാകുകയും പല കൊടുക്കൽ വാങ്ങലുകളിലൂടെ ഈ ഷെയറുകളുടെ ശരാശരി വില 5,000 രൂപയായി ഉയരുകയും ചെയ്യും. അങ്ങനെ ഓഹരി വില സൂചിക ഉയരുന്നു. ഓഹരി വിപണിയുടെ ഈ കൃത്രിമോത്തേജനത്തെ ചൂണ്ടിക്കാട്ടി, മുതലാളിത്ത വ്യവസ്ഥയോട് കൂറുപുലർത്തുന്ന സാമ്പത്തിക ശാസ്ത്രജ്ഞരും കോളമെഴുത്തുകാരും വിദഗ്ദ്ധന്മാരുമെല്ലാം 'സമ്പദ്രംഗം ചലിച്ചുകൊണ്ടിരിക്കുകയാണ്' എന്ന് അവകാശപ്പെടുകയും ചെയ്യും. എന്നാൽ ഓഹരി വിപണി സൂചികയുടെ ഈ കുതിച്ചുകയറ്റം, സമ്പദ്രംഗത്തിന്റെ കുതിപ്പിനെയല്ല കിതപ്പിനെയാണ് കാണിക്കുന്നതെന്ന് ശ്രദ്ധാപൂർവ്വമായ ഒരു നിരീക്ഷണം വ്യക്തമാക്കും. ഈ സൂചിക കണക്കാക്കാൻവേണ്ടി തെരഞ്ഞെടുക്കപ്പെടുന്ന ചില പ്രത്യേക ഷെയറുകളുടെ വിലയിലുള്ള ഉയർച്ചയോ താഴ്ച്ചയോ ഒന്നും നമ്മുടെ നാട്ടിലെ സാധാരണക്കാരുടെ സാമ്പത്തിക ജീവിതവുമായ കണ്ണിചേർക്കപ്പെടുന്നതോ അതിനെ സ്വാധീനിക്കുന്നതോ ഒന്നുമല്ല. അതുകൊണ്ട് സമ്പദ്രംഗത്തെക്കുറിച്ച് ശുഭാപ്തിവിശ്വാസം ജനിപ്പിക്കുവാൻ, ഉയർന്നുനിൽക്കുന്ന ഓഹരിവില സൂചികയെ ചൂണ്ടിക്കാണിക്കുന്നത് ജനങ്ങളെ കബളിപ്പിക്കാനുള്ള കേവലം കൗശലവിദ്യയല്ലെങ്കിൽ വ്യാജമായ അവകാശവാദമെങ്കിലുമാണ്.

### അതിസാരത്തിന് തലവേദനയുടെ മരുന്ന്

അപ്പോൾ, സമ്പദ്രംഗത്തിന്റെ ഈ പതനത്തിൽനിന്നും സർക്കാർ അതിനെ കൈപിടിച്ചുയർത്തുന്നതെങ്ങനെയാണ്? നേരത്തെ വിശദീകരിച്ചതുപോലെ, ജനങ്ങളുടെ വാങ്ങൽശേഷി കുറഞ്ഞതുകൊണ്ടുണ്ടായ കമ്പോള ചോദന(Demand)യിലെ ഇടിവാണ് പ്രശ്നം. പക്ഷേ, നിക്ഷേപത്തിലെ കുറവാണ് പ്രശ്നകാരണം എന്ന് വരുത്തിത്തീർക്കാനാണ് സർക്കാരിന്റെ ശ്രമം. അതുകൊണ്ട് അവർ കോർപ്പറേറ്റ് നികുതി കുറയ്ക്കുകയും നേരിട്ടുള്ള വിദേശ നിക്ഷേപത്തിന്റെ വ്യവസ്ഥകൾ ഉദാരമാക്കുകയും നികുതി ഒഴിവാക്കി നിരവധി ആനുകൂല്യങ്ങളോടെ പ്രത്യേക സാമ്പത്തിക മേഖലകൾ തുടങ്ങുകയും വിദ്യാഭ്യാസം, ആരോഗ്യപരിപാലനം, സേവനപ്രവർത്തനങ്ങൾ, റെയിൽവേ, റോഡ്, ജലഗതാഗത സംവിധാനങ്ങൾ, വൈദ്യുതോൽപ്പാദനവും വിതരണവും തുടങ്ങിയ അവശ്യ മേഖലകളെയെല്ലാം കുത്തകകൾക്ക്

(ശേഷം 5-ാം പേജിൽ)

# ബിജെപി ഭരണത്തിൽ മുകേഷ് അംബാനിയുടെയും ഗൗതം അദാനിയുടെയും സമ്പത്ത് ഇരട്ടിയായി

(4-ാം പേജിൽ നിന്ന്)

കാഴ്ചവയ്ക്കുകയും കൂടുതൽ കടുത്ത ചൂഷണത്തിനായി അരങ്ങൊരുക്കിക്കൊടുക്കുകയും ചെയ്തുകൊണ്ട് നിക്ഷേപത്തിന് ഉത്തേജനം കൊടുക്കുന്നു എന്ന് നടിക്കുകയാണ്. ഖജനാവിന് 1.45 ലക്ഷം കോടി രൂപയുടെ നഷ്ടം വരുത്തിക്കൊണ്ട് കോർപ്പറേറ്റ് നികുതി 34.94 ശതമാനത്തിൽനിന്ന് 25.17 ശതമാനത്തിലേക്ക് കുറച്ചത് ഈയിടെ മാത്രമാണ്. ഇതിനു മുമ്പായി കയറ്റുമതിയെ ഉത്തേജിപ്പിക്കാൻ എന്നപേരിൽ കയറ്റുമതി ഉൽപ്പന്നങ്ങളുടെ തീരുവയും നികുതിയും ഒഴിവാക്കാനുള്ള പദ്ധതി(Remission of Duties or Taxes in Export Products) വഴി ഏതാണ്ട് 50,000 കോടി രൂപയുടെ ഇളവുകൾ സർക്കാർ പ്രഖ്യാപിച്ചിരുന്നു. ഈ ഉത്തേജനം വ്യവസായ കുടുംബങ്ങൾക്ക് നൽകുന്നതിന് പകരം കാർഷികരംഗത്ത് സബ്സിഡികൾ കൊടുക്കാനോ വിദ്യാഭ്യാസം, ആരോഗ്യം, വൈദ്യുതി, ഗതാഗതം തുടങ്ങിയ സാമൂഹികക്ഷേമ രംഗങ്ങളിൽ കൂടുതൽ വകയിരുത്തുന്നതിനോ കാർഷികോല്പന്നങ്ങളുടെ താങ്ങുവില ഉയർത്തുന്നതിനോ ഇന്ധനങ്ങളുടെമേലുള്ള അധികനികുതി കുറക്കുന്നതിനോ ഉപയോഗിച്ചിരുന്നുവെങ്കിൽ ജനങ്ങൾ അനുഭവിക്കുന്ന ദുരിതത്തിന് ഒരു ആശ്വാസമാകുമായിരുന്നു. പക്ഷേ, യാതന അനുഭവിക്കുന്ന ജനങ്ങളിൽ അല്ല മറിച്ച് കോർപ്പറേറ്റുകളിലാണ് സർക്കാരിന്റെ ശ്രദ്ധ. കോർപ്പറേറ്റ് നികുതിയിലെ വെട്ടിക്കുറവ്, പ്രത്യേക സാമ്പത്തിക മേഖലയിലെ നികുതി കുറവ്, അവിടെനിന്നുള്ള കയറ്റുമതിയിലെ നികുതിയിലെ കുറവ്, വൈദ്യുതി ഉല്പാദന-വിതരണ മേഖലകളിലെ ലാഭ വിഹിതത്തിലെ കുറവ്, എണ്ണ-പ്രകൃതി വാതക രംഗത്തുള്ള വ്യവസായങ്ങളിൽ നിന്നുമുള്ള ലാഭ വിഹിതത്തിലെ കുറവ്, പ്രത്യക്ഷ നികുതിയിലെ കുറവ് എന്നിവയെല്ലാം പരിഗണിച്ചാൽ ഒരു ഏകദേശ കണക്ക് പ്രകാരം സർക്കാരിന് പ്രതിവർഷം നഷ്ടപ്പെടുന്നത് ഏതാണ്ട് പത്തു ലക്ഷം കോടി രൂപയാണ്. ഇതുമാത്രമല്ല, വ്യവസായ ഗ്രൂപ്പുകളുടെ നിക്ഷേപത്തിന് ഉത്തേജനം നൽകാൻ എന്ന പേരിൽ അവരുടെ ബാങ്ക് വായ്പ കുടിശ്ശിക സർക്കാർ ഉദാരപൂർവ്വം എഴുതിത്തള്ളുകയും ബാങ്ക് പലിശ നിരക്ക് തുടർച്ചയായി കുറച്ചു കൊണ്ടിരിക്കുകയും ചെയ്യുകയാണ്. നാലുവർഷം മുമ്പ് ഇന്ത്യയിലെ ഏറ്റവും മുകൾ തട്ടിലുള്ള 10 കോർപ്പറേറ്റ് ഗ്രൂപ്പുകളുടെ മൊത്തം വായ്പ മാത്രം 7,31,000 കോടി രൂപയായിരുന്നു; കാർഷിക വായ്പയുടെ ഏതാണ്ട് നാല് മടങ്ങ്. 2018-19 സാമ്പത്തിക വർഷത്തിൽ മാത്രം, അക്കൗണ്ട് ബുക്കിൽനിന്ന് പ്രവർത്തനരഹിതമായ ആസ്തികൾ(Non Performing Assets) കുറയ്ക്കുന്നു എന്ന് കാണിക്കാൻ 2.5 ലക്ഷം കോടി രൂപയാണ് ഇന്ത്യൻ ബാങ്കുകൾ എഴുതിത്തള്ളിയത്. ഈ പ്രവണത 2019-20ലും തുടരുകയാണ്. ഈ നഷ്ടം പരിഹരിക്കാൻ കഴിഞ്ഞ 10 വർഷംകൊണ്ട് ഖജനാവിൽനിന്ന് 3.80 ലക്ഷം കോടി രൂപയാണ് പൊതുമേഖലാ ബാങ്കുകൾക്ക് മൂലധനമായി നൽകിയത്. എന്നിട്ടും വ്യവസായങ്ങളുടെ കടമെടുപ്പിൽ യാതൊരു വർദ്ധനയും കാണുന്നില്ല. കാരണം ആയുധ നിർമ്മാണവും ഊഹക്കച്ചവടവും അല്ലാതെ ഈ പണം നിക്ഷേപിക്കാൻ ഒരു മേഖലയും ഇല്ല. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ ചെയർമാൻതന്നെ പറയുന്നത് ഒരു ലക്ഷം കോടി രൂപ വായ്പ നൽകുവാനായി കരുതി വെച്ചിട്ടുണ്ടെങ്കിലും അതിനായി ആരും ആവശ്യപ്പെട്ട് വരുന്നില്ല എന്നാണ്. *സെന്റർ ഫോർ മോണിറ്ററിംഗ് ഇന്ത്യ എക്കോണമി* നൽകിയ ഡാറ്റാ പ്രകാരം, 2019 ജൂലൈയിലെ കേന്ദ്രബജറ്റിന് മുൻപ് പുതിയ പദ്ധതികളിലുള്ള നിക്ഷേപം കഴിഞ്ഞ 15 വർഷത്തെ ഏറ്റവും താഴ്ന്ന നിലയിലാണ്. ബാങ്ക് പലിശ നിരക്ക് കുറച്ചതുമൂലം ലോകത്തൊരിടത്തും നിക്ഷേപം വർദ്ധിച്ചിട്ടില്ല. നേരെമറിച്ച്, ബാങ്ക് പലിശ നിരക്കിലെ തുടർച്ചയായ കുറവ് സാധാരണക്കാരുടെ, പ്രത്യേകിച്ച്, തങ്ങളുടെ ആയുഷ്കാല സമ്പാദ്യം ബാങ്കുകളിൽ നിക്ഷേപിച്ചിരിക്കുന്ന വിരമിച്ച ജോലിക്കാരുടെ വരുമാനത്തിൽ വമ്പിച്ച ഇടിവ് ഉണ്ടാക്കുന്നു. ഇവരുടെ വാങ്ങൽ ശേഷിയിൽ വീണ്ടും ആഘാതം സൃഷ്ടിക്കും. സാധാരണക്കാരുടെ വരുമാനം വർദ്ധിപ്പിക്കാനുള്ള നടപടികൾ എടുക്കുന്നതിനുപകരം നിക്ഷേപത്തിന് ഉത്തേജനം നൽകാനെന്ന പേരിൽ സർക്കാർ കുത്തക കുടുംബങ്ങളെയും ഭീമൻ കോർപ്പറേറ്റുകളെയും അനുനയിപ്പിക്കുന്നതിന് ഏകപക്ഷീയമായ ഊന്നൽ നൽകുകയും, നോട്ട് നിരോധനവും ജിഎസ്ടിയും പോലുള്ള അടവുകളും തട്ടിപ്പുകളും പ്രയോഗിച്ച് സ്ഥിതിഗതികൾ കൂടുതൽ വഷളാക്കുകയുമാണ് ചെയ്യുന്നത്. ജനങ്ങളുടെ വരുമാനത്തിലെ ഇടിവാണ് വിശാലാർത്ഥത്തിൽ പ്രശ്നം എങ്കിലും വ്യവസായ ഗ്രൂപ്പുകൾക്കും കോർപ്പറേറ്റ് പ്രഭുക്കന്മാർക്കും ആനുകൂല്യങ്ങൾ വാരിക്കോരി കൊടുക്കുകയാണ് സമ്പദ്വ്യവസ്ഥയുടെ രോഗത്തിനുള്ള പരിഹാരം എന്നതാണ് സർക്കാർ നിലപാട്. എന്തൊരു ജാഗ്രത്തായ പരിഹാരം! ആഭ്യന്തര മുതലാളിമാരിൽനിന്നോ നേരിട്ടുള്ള വിദേശ നിക്ഷേപത്തിൽകൂടിയോ, നിക്ഷേപത്തിൽ വർദ്ധന ഉണ്ടായെന്ന് അംഗീകരിച്ചാൽതന്നെ, സർക്കാർ അവകാശപ്പെടുന്നതുപോലെ സ്വയമേവ അത് തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയോ സാധാരണ തൊഴിലാളികളുടെ വരുമാനം വർദ്ധിപ്പിക്കുകയോ ചെയ്യുമോ? കഴിഞ്ഞ മൂന്ന്-നാല് പതിറ്റാണ്ടിന്റെ ചരിത്രം പറയുന്നത് 'ഉറപ്പായും ഇല്ല' എന്നാണ്. ഏതൊക്കെ പുതിയ വ്യവസായ സ്ഥാപനങ്ങൾ വന്നെങ്കിലും അവയെല്ലാംതന്നെ മനുഷ്യാദ്ധ്വാനം തീരെക്കുറച്ചുമാത്രം വേണ്ടുന്ന മൂലധനാധിക്യവും ആധുനിക സാങ്കേതികവിദ്യകളുടെയും യന്ത്രസാമഗ്രികളുടെയും സഹായത്തോടെ പ്രവർത്തിക്കുന്നതുമായ സ്ഥാപനങ്ങളാണ്. അതുകൊണ്ട് ബൂർഷ്വ സാമ്പത്തിക ശാസ്ത്രജ്ഞരുടെ വ്യവഹാരത്തിൽ 'തൊഴിൽ രഹിത വളർച്ച'(Jobless Growth) എന്ന ഒരു പുതിയ പദംതന്നെ സ്ഥാനം പിടിച്ചിട്ടുണ്ട്. തൽഫലമായി നികുതിയിളവുകളും വൻകിട ബിസിനസ് ഗ്രൂപ്പുകൾക്കും വ്യവസായ കുടുംബങ്ങൾക്കുമുള്ള ഇളവുകളും കരം ഒഴിവാക്കലുകളുംവഴി പൊതുഖജനാവിന് എത്ര നഷ്ടമുണ്ടാകുന്നുവോ അത്രയുമളവിൽ, സാധാരണക്കാർക്ക് ഇക്കാലമത്രയും അല്പമാത്രമായി നൽകിയിരുന്ന ക്ഷേമപ്രവർത്തനങ്ങൾക്കുള്ള വകയിരുത്തലിൽ കുറവുണ്ടാകുകയും അവരെ കൂടുതൽ കൂടുതൽ ദുരിതത്തിലേക്ക് തള്ളിവിടുന്ന അവസ്ഥ ഉണ്ടാകുകയും ചെയ്യുന്നു. ലോക പട്ടിണി സൂചികയിൽ ഇന്ത്യ 117ൽ 102-ാം സ്ഥാനത്തെത്തിയതും ആത്മഹത്യ ചെയ്ത കർഷകരുടെ എണ്ണം 3.50 ലക്ഷം കടന്നതും ജോലി നഷ്ടപ്പെട്ട തൊഴിലാളികളുടെ ആത്മഹത്യാ നിരക്കുയർന്നതും കാർഷികരംഗത്തുനിന്ന് തൊഴിൽ നഷ്ടപ്പെട്ട കർഷകരും കർഷകത്തൊഴിലാളികളും നഗരങ്ങളിൽ ചേക്കേറി, യാചകരും തെരുവുനിവാസികളുമാകുന്നതും പിരിച്ചുവിടപ്പെട്ട ഫാക്ടറിത്തൊഴിലാളികൾ വിഷം കഴിച്ച് ജീവനൊടുക്കുന്നതിന്റെ എണ്ണം വർദ്ധിക്കുന്നതുമെല്ലാം കാണിക്കുന്നത് വർദ്ധിച്ചുവരുന്ന ഈ ദുരിതവും ദാരിദ്ര്യവും തന്നെയാണ്. ഈ തിരസ്കൃതർ ചവറ്റുകുനയിലേക്ക് തള്ളിവിടപ്പെടുമ്പോൾ വിശേഷാവകാശമുള്ളവരിലേക്ക് ക്ഷേമൈശ്വര്യങ്ങൾ കുമിഞ്ഞുകൂടുന്നു.

ഇപ്പോഴത്തെ ഭരണത്തിൻ കീഴിൽ, രണ്ട് പ്രമുഖ കുത്തകകളായ മുകേഷ് അംബാനിയുടെയും ഗൗതം അദാനിയുടെയും സമ്പാദ്യം അഞ്ച് വർഷം കൊണ്ട് ഇരട്ടിയായിരിക്കുന്നു. *ഫോർബ്സ് ഇന്ത്യ*യുടെ കണക്കനുസരിച്ച് 118% വരുമാനം വർദ്ധിപ്പിച്ച്(1.68 ലക്ഷം കോടിരൂപയിൽനിന്ന് 3.65 ലക്ഷം കോടി രൂപ) മുകേഷ് അംബാനി ഏറ്റവും സമ്പന്നനായ ഇന്ത്യക്കാരനായി മാറിയപ്പോൾ, അദാനിയുടെ ആസ്തി 50,400 കോടിരൂപയിൽനിന്ന് 1.1 ലക്ഷം കോടിരൂപയിലേക്ക്, അതായത് 121% വർദ്ധിച്ചിരിക്കുന്നു. 72,000 കോടി രൂപയോളം ബാങ്കുകളിൽ ബാദ്ധ്യതയുള്ള അദാനിക്ക് ആസ്ത്രേലിയയിൽ ഖനികൾ വാങ്ങുന്നതിനായി വീണ്ടും 3,000 കോടി രൂപയുടെ ബാങ്ക് വായ്പ നൽകിയിരിക്കുന്നു. ഇന്ത്യയിലെ ശതകോടീശ്വരന്മാരുടെ എണ്ണം 2013ൽ 119 ആയിരുന്നത് 2019 എത്തുമ്പോഴേക്ക് ഇരട്ടിയായിരിക്കുന്നു. ഏറ്റവുമുയർന്ന അറ്റാദായമുള്ളവരുടെ എണ്ണത്തിൽ 2023 ആകുമ്പോഴേക്ക് ഇന്ത്യ ഒന്നാം സ്ഥാനത്ത് എത്തുമത്രേ. അതായത് 39% വർദ്ധിച്ച് 2097 പേർ ഇങ്ങനെയുണ്ടാകും. അടിച്ചമർത്തപ്പെടുന്ന ജനകോടികളുടെ ജീവന്റെയും പട്ടിണിയുടെയും ദാരിദ്ര്യത്തിന്റെയും ഇല്ലായ്മകളുടെയും വിലാപങ്ങളുടെയും സങ്കടങ്ങളുടെയും ചെലവിൽ, പുരോഗതിയും ഹിതകരമായ സഹായങ്ങളും ആഭാസകരമായി സമ്പന്നരിലേക്ക് തിരിഞ്ഞിരിക്കുന്നു. കൊണ്ടാടപ്പെടേണ്ട എന്തെങ്കിലുമാണോ ഇത്?

ഭരണവൃന്ദത്തിലെ ഒരുവിഭാഗം ശ്രമിക്കുന്നത് ഇന്ത്യൻ സമ്പദ്വ്യവസ്ഥയുടെ ഈ ഏനക്കേടുകൾ ആഗോള സാമ്പത്തിക മാന്ദ്യത്തിന്റെ ഫലമാണെന്ന് സമർത്ഥിക്കാനാണ്. ഇന്ത്യൻ സമ്പദ്വ്യവസ്ഥയെ ചലിപ്പിക്കുന്നത് വാണിജ്യമല്ല മറിച്ച്, ജനസംഖ്യാപരമായ ഘടകങ്ങളാൽ സ്വാധീനിക്കപ്പെടുന്ന ഉപഭോഗവും അടിസ്ഥാന സൗകര്യങ്ങൾക്കുവേണ്ടിയുള്ള ആവശ്യകതയാൽ സ്വാധീനിക്കപ്പെടുന്ന നിക്ഷേപവും എന്നിങ്ങനെയുള്ള രണ്ട് ഘടകങ്ങളാണ്. എന്നതിനാൽ അത് ഒരു മാന്ദ്യത്തിലേക്ക് വഴുതി വീഴില്ല എന്നുമവർ തിടുക്കത്തിൽ കൂട്ടിച്ചേർക്കുന്നു. അന്തർദേശീയമായ ചോദനയിലുള്ള കുറവും ഇറക്കുമതിയിൽനിന്നുള്ള വർദ്ധിച്ച മത്സരവും നിമിത്തം, ആഗോള മാന്ദ്യത്തിന് വളർച്ചയുടെമേൽ പ്രതികൂലമായ സ്വാധീനമുണ്ടാകും എന്നവർ വാദിക്കുന്നു. ഈ രണ്ട് വാദങ്ങളും തേൻപുരട്ടിയ കള്ളങ്ങളാണ്. ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയെ ചലിപ്പിക്കുന്ന ആന്തരിക ഘടകങ്ങളുടെ തകർച്ചയെന്തെന്ന് നാം കണ്ടുകഴിഞ്ഞു. രണ്ടാമതായി, ആഭ്യന്തര ഉപഭോഗത്താൽ പ്രചോദിപ്പിക്കപ്പെടുന്ന കരുത്തുള്ള ഒന്നാണ് ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയെങ്കിൽ അന്തർദേശീയമായ ചോദനയിലുള്ള കുറവും ഇറക്കുമതിയിൽനിന്നുള്ള വർദ്ധിച്ച മത്സരവും അതിന് കോട്ടംതട്ടിക്കുന്ന രീതിയിൽ പ്രതികൂലമായ സ്വാധീനമുണ്ടാക്കുന്നതെങ്ങനെ? എന്തുമഹത്തായ അസംബന്ധം! വസ്തുതയെന്തെന്നാൽ, ഇന്ത്യയടക്കമുള്ള രാജ്യങ്ങൾ മുതലാളിത്തത്തിന്റെ നിയമങ്ങളാൽ ഭരിക്കപ്പെടുന്നതാണെന്നും കാലഹരണപ്പെട്ട മുതലാളിത്തത്തിന് സഹജമായ പ്രതിസന്ധി എല്ലായിടത്തും കൊടിയ തീവ്രതയോടെ പ്രത്യക്ഷപ്പെടുമെന്നുമാണ്.

**സാമ്പത്തിക പ്രതിസന്ധി ഉണ്ടെന്ന് ഭരണ നടത്തിപ്പുകാർ അംഗീകരിക്കുന്നില്ല**

വസ്തുതകളുടെ നിരവധി വളച്ചൊടിക്കലുകൾക്കും കൂട്ടിച്ചേർക്കലുകൾക്കും അമർത്തിവക്കലുകൾക്കും വ്യത്യാസപ്പെടുത്തലുകൾക്കും ശേഷവും തീക്ഷ്ണ യാഥാർത്ഥ്യങ്ങൾ നിഷേധിക്കാൻ കഴിയാതെ ഭരണ നടത്തിപ്പുകാർ ഇപ്പോൾ, സമ്പദ്‌രംഗം കടുത്ത പ്രതിസന്ധിയിലാണെന്ന വസ്തുത അംഗീകരിക്കാൻ വിസമ്മതിക്കുകയോ കാടുംപടലും തല്ലിക്കൊണ്ടും പരിഹാസ്യമായ വാദമുഖങ്ങൾ അവതരിപ്പിച്ചുകൊണ്ടും ഉത്തരവാദിത്വത്തിൽനിന്ന് ഒഴിയുകയോ ചെയ്യുകയാണ്. പിരിച്ചുവി

(ശേഷം 6-ാം പേജിൽ)

**ഉല്പാദന മേഖലയിൽനിന്ന് പരമാവധി ലാഭം നേടാനാകാതെവരുമ്പോൾ നിഷ്ക്രിയമാകുന്ന മൂലധനം, ഉല്പാദനപരമല്ലാത്ത ആയുധനിർമ്മാണം, പലിശ വ്യാപാരം, ഊഹക്കച്ചവടം തുടങ്ങിയ മേഖലകളിലേയ്ക്ക് വഴിതിരിച്ചുവിടപ്പെടും. മുതലാളിത്ത ഭരണകൂടത്തിന്റെ നടത്തിപ്പുകാർ മാത്രമായ ഗവൺമെന്റ് ഈ പണം സമ്പദ്‌വ്യവസ്ഥയുടെ സൈനികവത്കരണത്തെ ഉത്തേജിപ്പിക്കാനായി ഉപയോഗിക്കുന്നു.**

# തൊഴിലാധിക്യ വ്യവസായങ്ങൾ പൊതുമേഖലയിൽ ആരംഭിച്ച് സ്ഥിരം ജോലി ഉറപ്പാക്കി ജനങ്ങളുടെ വരുമാനം വർദ്ധിപ്പിക്കണം

(5-ാം പേജിൽ നിന്ന്)

ടലുകളെയും തൊഴിൽ നഷ്ടത്തെയും തൊഴിൽ സൃഷ്ടിക്കുന്നതിനുള്ള കുറവിനെയും, ഇവയെല്ലാം ഇന്ത്യൻ യുവാക്കളിൽ സൃഷ്ടിക്കുന്ന ആഘാതത്തേയുംപറ്റി എല്ലാവരും ആശങ്കാകുലരായിരിക്കുമ്പോൾ, റയിൽവേ-വാണിജ്യമന്ത്രി പീയുഷ് ഗോയൽ രണ്ട് വർഷം മുൻപ് പറഞ്ഞത് തൊഴിലവസരങ്ങളിലെ കുറവ് 'ഒരു നല്ല ലക്ഷണ'മാണെന്നാണ്. ഈയടുത്ത കാലത്ത് വീണ്ടും അദ്ദേഹം പറഞ്ഞു, ഇപ്പോഴത്തെ സാമ്പത്തിക പിന്നോട്ടടി ചാക്രികമായ ഒന്നാണെന്നും ഘടനാപരമായ ക്രമീകരണമാണെന്നും തനിക്ക് അതിൽ വലിയ വേവലാതി ഒന്നുമില്ല എന്നും. കാലം നല്ലതാണ്, ലാഭം സ്വാഗതാർഹവും എന്ന് അദ്ദേഹം കൂട്ടിച്ചേർക്കുകയും ചെയ്തു. കൂപ്പുകുത്തിക്കൊണ്ടിരിക്കുന്ന ജിഡിപി വളർച്ചാനിരക്കിനെ കുറിച്ചുള്ള അഹിതകരമായ വസ്തുത ഒരു പത്രസമ്മേളനത്തിൽ അദ്ദേഹത്തിനുമുൻപിൽ അവതരിപ്പിച്ചപ്പോൾ ഗുരുത്വാകർഷണം കണ്ടുപിടിക്കുന്നതിൽ ഗണിതം ഐൻസ്റ്റീനെ ഒരിക്കലും സഹായിച്ചിരുന്നില്ല എന്ന മറുപടിയാണ് അദ്ദേഹം നൽകിയത്. അതുപോലെ നീണ്ടകാലത്തിന് ശേഷം ചെന്നൈയിൽവച്ച് നടത്തിയ ഒരു പത്രസമ്മേളനത്തിൽ ജിഡിപിയിലെ ഇടിവിനെയും തൊഴിൽ നഷ്ടത്തെയും ആകമാനമുള്ള സാമ്പത്തിക പിന്നോട്ടടിയെയും കുറിച്ചുള്ള ചോദ്യങ്ങളെ ധനകാര്യമന്ത്രി നിർമ്മല സീതാരാമൻ അവഗണിക്കുകയും ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയുടെ ആരോഗ്യത്തെക്കുറിച്ചുള്ള ആശങ്കകളെ അംഗീകരിക്കാൻ വിസമ്മതിക്കുകയും ചെയ്തു. പകരം അവർ പറഞ്ഞത്, സമ്പത്ത് സൃഷ്ടിക്കുന്നവരെ താൻ ബഹുമാനിക്കുന്നുവെന്നും അവരുടെ അഭിപ്രായങ്ങൾ തേടുകയും സർക്കാരിൽനിന്ന് എന്താണ് അവർ പ്രതീക്ഷിക്കുന്നത് എന്നതിനെക്കുറിച്ച് പ്രതികരിക്കുകയും ചെയ്യുമെന്നുമാണ്. ദുരിതത്തിലേക്ക് വീണുകൊണ്ടിരിക്കുന്ന, പണിയെടുക്കുന്ന അസംഖ്യം സാധാരണക്കാരുടെ ക്ലേശങ്ങൾ കൂടുന്നതനുസരിച്ച് സമ്പത്ത് കുമിഞ്ഞുകൂടിക്കൊണ്ടിരിക്കുന്ന കോർപ്പറേറ്റ് ഭീമന്മാരിലാണ് സർക്കാർ അവരുടെ സുഹൃത്തുക്കളെയും വഴികാട്ടികളെയും കാണുന്നതെന്ന വസ്തുത അങ്ങനെ ഒരിക്കൽകൂടി വെളിവാക്കപ്പെടുകയാണ്; അവരുടെ ആവശ്യങ്ങൾക്കും അഭീഷ്ടങ്ങൾക്കും അനുസരിച്ചാണ് സർക്കാർ പ്രവർത്തിക്കുക എന്നും.

പ്രശ്നങ്ങളിൽനിന്നും വഴുതിമാറുന്നതിന്റെ ഉത്തമമാതൃക കാണിച്ചുകൊണ്ട് ആർഎസ്എസ് മേധാവി മോഹൻ ഭാഗവത് പറഞ്ഞു, "ആരോപിക്കപ്പെടുന്ന ഈ പിന്നോട്ടടിയെക്കുറിച്ച് ആവശ്യത്തിൽ കൂടുതൽ ചർച്ചകൾ നടക്കുന്നു" എന്ന്. ഈ അമിതമായ ചർച്ചകളാണ് സാമ്പത്തിക പ്രവർത്തനങ്ങളുടെ മന്ദീഭവിക്കലിലേക്ക് നയിക്കുന്നതെന്നും അദ്ദേഹം പറയുന്നു. അതായത്, നാമൊന്നും മിണ്ടാതെയിരുന്നതാൽ ബിസിനസ് അഭിവൃദ്ധിപ്പെടുമത്രേ. നമുക്കെല്ലാം ഉത്തമ നായകൻമാരാവാൻ കഴിയും എന്ന് തോന്നാൻ സിനിമ കാണാൻപോവുന്നതുപോലെ.ഒരു ആർഎസ്എസ് യോഗത്തിൽ സംസാരിക്കവെ അദ്ദേഹം പറഞ്ഞു, സമ്പദ്‌രംഗത്തെ വിലയിരുത്താനുള്ള തെറ്റായ ഒരു സൂചകമാണ് ജിഡിപി എന്നും രാജ്യം വളർന്നുകൊണ്ടിരിക്കുകയാണ് എന്നും. മാന്ദ്യത്തെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ നിർവ്വചനമാണ് ഏറ്റവും വിചിത്രം. "വളർച്ചാനിരക്ക് പൂജ്യത്തിൽ താഴെ വരുമ്പോൾ മാത്രമാണ് മാന്ദ്യമുണ്ടെന്ന് പറയാനാകു എന്ന് ഒരു സാമ്പത്തിക ശാസ്ത്രജ്ഞൻ എന്നോട് പറഞ്ഞിട്ടുണ്ട്. നമ്മുടെ വളർച്ചാനിരക്ക് അഞ്ച് ശതമാനമാണ്. ഒരാൾക്ക്, അതിൽ ഉത്കണ്ഠയുണ്ടാകാം. പക്ഷെ, അത് ചർച്ച ചെയ്യേണ്ട ആവശ്യകതയൊന്നുമില്ല", അദ്ദേഹം പറഞ്ഞു. ഏത് സാമ്പത്തിക ശാസ്ത്രജ്ഞനാണ് ഇദ്ദേഹത്തോട് പറഞ്ഞതെന്നും അറിയപ്പെടുന്ന സാമ്പത്തിക വിദഗ്ദ്ധർ ഇത്തരം വിഗ്രഹഭഞ്ജകമായ അഭിപ്രായങ്ങളെക്കുറിച്ച് എന്തുപറയും എന്നും നമുക്കറിയില്ല.

**യഥാർത്ഥ പ്രശ്നങ്ങൾ മറച്ചുപിടിക്കുന്നതിൽ വ്യവസ്ഥിതിയുടെ വക്താക്കൾ പോലും സന്തുഷ്ടരല്ല**

വിശ്വാസം നഷ്ടപ്പെടുത്തുകയും എതിർ ചിന്താഗതി വളർത്തുന്നതുമായ അസ്വാസ്ഥ്യജനകമായ എല്ലാ പ്രശ്നങ്ങളെയും തങ്ങൾ പറിച്ചെറിഞ്ഞതായാണ് സർക്കാരും അവരുടെ ഉപദേഷ്ടാക്കളും പറയുന്നത്. ഒരു വാഹനത്തിലെ ടയറിന്റെ കാറ്റ് കുറഞ്ഞുകൊണ്ടിരിക്കുകയാണെങ്കിൽ മുന്നിലുള്ള വഴിയിലെ ആണികൾ നീക്കം ചെയ്യുന്നതുകൊണ്ടുമാത്രം ആ ചോർച്ചയെ തടയാൻ പറ്റില്ല. ദരിദ്രരോടും അടിച്ചമർത്തപ്പെടുന്നവരോടുമുള്ള ആശങ്കാകുലമായ അവജ്ഞയും അതിസമ്പന്നരുടെ വീർത്ത പണസഞ്ചി വീണ്ടും പെരുപ്പിക്കാനുള്ള സർക്കാരിന്റെ ശ്രമങ്ങളുമെല്ലാം വ്യവസ്ഥിതിയുടെ സംരക്ഷകരിലെ ഒരു വിഭാഗത്തിനുപോലും അസ്വസ്ഥതയുണ്ടാക്കി തുടങ്ങിയിട്ടുണ്ട്. കമ്പോള ചോദനയിലെ ഇടിവിനെയും സമ്പദ്‌രംഗത്തിന്റെ ബൃഹത്‌സൂചികകളിലെ താഴ്ചയെയുംപറ്റിയുള്ള ആശങ്ക പങ്കുവെച്ചുകൊണ്ട റിസർവ് ബാങ്ക് മുൻ ഗവർണ്ണർ രഘുറാം രാജൻ ഈയിടെ അഭിപ്രായപ്പെട്ടു, "വികലമായി ആവിഷ്കരിക്കപ്പെട്ട നോട്ട് നിരോധനവും ജിഎസ്ടിയും പോലുള്ള നടപടികളാണ് സാമ്പത്തിക പിന്നോട്ടടിയുടെ രണ്ട് പ്രധാന കാരണങ്ങൾ".

**ജനങ്ങളുടെ വാങ്ങൽശേഷി കുറഞ്ഞതുകൊണ്ടുണ്ടായ കമ്പോള ചോദനയിലെ ഇടിവാണ് പ്രശ്നമെന്നിരിക്കെ, നിക്ഷേപത്തിലെ കുറവാണ് കാരണം എന്ന് വരുത്തിത്തീർക്കാനാണ് സർക്കാരിന്റെ ശ്രമം. അവർ കോർപ്പറേറ്റ് നികുതി കുറയ്ക്കുകയും നേരിട്ടുള്ള വിദേശ നിക്ഷേപത്തിന്റെ വ്യവസ്ഥകൾ ഉദാരമാക്കുകയും നികുതി ഒഴിവാക്കി നിരവധി ആനുകൂല്യങ്ങളോടെ പ്രത്യേക സാമ്പത്തിക മേഖലകൾ തുടങ്ങുകയും അവശ്യ മേഖലകളെല്ലാം കുത്തകകൾക്ക് കാഴ്ചവയ്ക്കുകയും ചെയ്തുകൊണ്ട് നിക്ഷേപത്തിന് ഉത്തേജനം കൊടുക്കുന്നു എന്ന് നടിക്കുകയാണ്.**

"എന്റെ അഭിപ്രായത്തിൽ സാധാരണക്കാർ കഷ്ടപ്പെട്ട് ഉണ്ടാക്കിയ സമ്പാദ്യം ദുരുപയോഗം ചെയ്യുന്നതിനേക്കാൾ വലിയ പാപമൊന്നും ധനകാര്യരംഗത്തില്ല. കടമെഴുതിത്തള്ളലും ബാധ്യതകളൊഴിവാക്കിക്കൊടുക്കലും ഏറെക്കുറെ സ്ഥിരമാക്കുന്ന ഒരു സംവിധാനത്തെ നാം അനുവദിക്കുന്നു എന്നത് ക്രൂരമായ അന്യായമാണ്, എന്ന് മാത്രമല്ല, സാധാരണക്കാരുടെ സത്യസന്ധമായ സമ്പാദ്യത്തെ സംരക്ഷിക്കാനും മാത്രം കരുത്തുള്ള ഒരു സംവിധാനം ഇതുവരെയും നമുക്കില്ലതാനും" എന്നുപറഞ്ഞത് എച്ച്ഡിഎഫ്സി ബാങ്ക് ചെയർമാൻ ദീപക് പരേഖ് ആണ്. ധനകാര്യമന്ത്രി നിർമ്മല സീതാരാമന്റെ ഭർത്താവായ സാമ്പത്തിക ശാസ്ത്രജ്ഞൻ പറകല പ്രഭാകർ അഭിപ്രായപ്പെട്ടത് നരേന്ദ്ര മോദി ഗവൺമെന്റ് തങ്ങളുടെ പുതിയ നയങ്ങൾ ആവിഷ്കരിക്കാൻ മടികാട്ടുന്നു എന്നാണ്. സർക്കാരിന് നിഷേധ മനോഭാവമാണെന്ന് ആരോപിച്ചുകൊണ്ട് അദ്ദേഹം എഴുതി, "സർക്കാർ ഇപ്പോഴും നിഷേധ മനോഭാവം പ്രകടിപ്പിക്കുമ്പോൾ പൊതുമണ്ഡലത്തിലേക്ക് ഇടതടവില്ലാതെ പ്രവഹിക്കുന്ന സ്ഥിതിവിവര കണക്കുകൾ കാണിക്കുന്നത് ഒരോ മേഖലയും വെല്ലുവിളികൾ നിറഞ്ഞ സാഹചര്യത്തെ നേരിടുകയാണെന്നാണ്." കേന്ദ്രത്തിനെതിരെ ആഞ്ഞടിച്ചുകൊണ്ട് അദ്ദഹം, ബിജെപിയുടെ 'വിശദീകരിക്കാനാകാത്ത വൈമനസ്യ'മാണ് പ്രശ്നങ്ങളുടെ കാരണമെന്ന് ആരോപിച്ചു. സാമ്പത്തിക വളർച്ചാനിരക്ക് നിർണ്ണയിക്കുന്ന കണക്കുകൂട്ടൽ രീതിയിൽ തിരിമറികൾ നടത്തി വളർച്ചാനിരക്ക് നിരവധി ശതമാനം ഉയർത്തി പ്രസിദ്ധീകരിച്ച ഗവൺമെന്റിനെതിരെ പരിഹസിച്ചുകൊണ്ട്, കഴിഞ്ഞ കൊല്ലംവരെ പ്രധാനമന്ത്രിയുടെ മുതിർന്ന സാമ്പത്തിക ഉപദേഷ്ടാക്കളിൽ ഒരാളായിരുന്ന അരവിന്ദ് സുബ്രഹ്മണ്യൻ പറഞ്ഞത്, "യഥാർത്ഥ വളർച്ചാനിരക്ക് ഏഴ് ശതമാനം അല്ല മറിച്ച് 4.5 ശതമാനം ആണ്" എന്നാണ്. നൊബേൽ സമ്മാന ജേതാവ് അമർത്യാ സെൻ, "2014ന് ശേഷം ഇന്ത്യ തെറ്റായ ദിശയിലേക്കാണ് പോകുന്നത്" എന്ന് പറഞ്ഞതായുള്ള റിപ്പോർട്ടുകൾ കൊടുങ്കാറ്റുയർത്തിയിരുന്നു. "വളർച്ചാനിരക്ക് സൂചികയിൽ ചില നിഗൂഢതകളുണ്ട്, നിക്ഷേപ സംഖ്യകൾ താഴ്ന്ന് നിൽക്കുകയാണ്, തൊഴിലില്ലായ്മയിലെ റിപ്പോർട്ടുചെയ്യപ്പെട്ടിരിക്കുന്ന വളർച്ച യഥാർത്ഥമാണ്, തൊഴിലന്വേഷകർ തൊഴിൽ സുരക്ഷയും നല്ല വേതനവും ആനുകൂല്യങ്ങളും ആഗ്രഹിക്കുന്നുവെങ്കിലും അവ വിരളമാണ്. അതുകൊണ്ടാണ് റെയിൽവേയിലെ 90,000 കുറഞ്ഞ വേതനമുള്ള ജോലിക്കായി 2.5 കോടി ഉദ്യോഗാർത്ഥികൾ അപേക്ഷിച്ചത് "എന്നെല്ലാം ആറ് മാസം മുമ്പുതന്നെ നിരീക്ഷിച്ചത് ഇത്തവണത്തെ നൊബേൽ സമ്മാന ജേതാവ് അഭിജിത് ബാനർജിയാണ്. പക്കാവട വില്പന ഒരു തൊഴിലല്ലെന്ന് പറഞ്ഞ് പ്രധാനമന്ത്രിയെ പരിഹസിച്ച അദ്ദേഹം നിരീക്ഷിച്ചത്, ഒരു ശരാശരി കർഷക കുടുംബത്തിന് കാർഷിക വൃത്തിയിൽനിന്ന് ജീവനോപാധികൾ കണ്ടെത്തുന്ന രീതി എന്നേ അവസാനിപ്പിക്കേണ്ടിവന്നു എന്നാണ്. "നമ്മൾ ഒരു കെയ്നീഷ്യൻ തിരിച്ചിറക്കത്തിലാണ്. അതായത്, വേണ്ടത്ര കമ്പോള ചോദനയില്ല എന്ന്. ആളുകൾ ആഹാരം വാങ്ങുന്നില്ല. ഗവൺമെന്റ് ചെയ്യേണ്ട കാര്യങ്ങളിലൊന്ന് തിരഞ്ഞെടുക്കാൻ പറഞ്ഞാൽ ഞാൻ പറയുക പാവപ്പെട്ടവരുടെ കൈയ്യിൽ പണമെത്തിക്കുക എന്നതായിരിക്കും. കാർഷികോല്പന്നങ്ങൾക്ക് ഉയർന്ന താങ്ങുവില നിശ്ചയിക്കുന്നതിലൂടെ, തൊഴിലുറപ്പ് പദ്ധതിയിലൂടെ... താഴ്ന്ന വരുമാനക്കാരുടെ കയ്യിൽ പണം വരുന്നത് ചോദനയെ ഉജ്ജീവിപ്പിക്കും. അപ്പോൾ ബിസ്കറ്റ് കമ്പനികൾ പൂട്ടേണ്ടിവരില്ല. അവ പൂട്ടിപ്പോകുന്നത് തീർച്ചയായും മോശപ്പെട്ട സൂചനയാണ്."

**മുതലാളിത്ത പ്രതിസന്ധിയുടെ ആഘാതം പേറുന്നത് ജനങ്ങൾ**

പക്ഷെ, ഏറ്റവും പ്രധാനപ്പെട്ട അഭിപ്രായപ്രകടനം വന്നത് രഘുറാം രാജനിൽ നിന്നാണ്. കഴിഞ്ഞ മാർച്ച് മാസത്തിൽ ബിബിസി റേഡിയോ 4ന് നൽകിയ അഭിമുഖത്തിൽ അദ്ദേഹം പറഞ്ഞു, "ജനങ്ങൾക്ക് വേണ്ടത് കൊടുക്കാൻ സാമ്പത്തിക-രാഷ്ട്രീയ സംവിധാനങ്ങൾക്ക് കഴിയാതെവന്നതോടെ മുതലാളിത്തം ഒരു കലാപത്തിന്റെ ഗുരുതരമായ ഭീഷണിയിലാണ്." എല്ലാ ബൂർഷ്വ സാമ്പത്തിക വിദഗ്ദ്ധരുടെ കൂട്ടായ്മയും ഇതിലാണ് ഭീതി പൂണ്ടിരിക്കുന്നത്. രോഗചികിത്സയ്ക്കായുള്ള അനുഭവമാത്ര ചികിത്സ നിർദ്ദേശിക്കുന്ന തിരക്കിലാണ് അവരെല്ലാം. ഒരിക്കൽ പൊതുജന സമ്മർദ്ദത്താൽ ചെയ്തതുപോലെ, സ്ഥിരം ജോലികൾ ജനങ്ങൾക്ക് കൊടുക്കാൻ കഴിയുംവിധം തൊഴിലാധിക്യ വ്യവസായങ്ങൾ പൊതുമേഖലയിൽ ആരംഭിക്കുകയും ജനങ്ങളുടെ വരുമാനം ഉറപ്പാക്കാൻ ഉതകുംവിധമുള്ള ഉചിതവും ആവശ്യവുമായ നടപടികളെടുക്കുകയും ചെയ്തുകൊണ്ട് കമ്പോളത്തിലെ ചോദന വർദ്ധിപ്പിക്കുകയാണ് അടിയന്തര കർത്തവ്യം എന്നതാണ് യാഥാർത്ഥ്യം. രണ്ടാമതായി, കർഷകർക്ക് പ്രയോജനകരമായ വിധത്തിൽ ഉല്പന്നങ്ങൾ ശേഖരിക്കാനായി അഴിമതിയും കെടുകാര്യസ്ഥതയു മില്ലാത്ത ഉല്പന്ന ശേഖരണ സംവിധാനം ഉണ്ടാക്കാനും അതുവഴി ഗ്രാമീണ ജനതയുടെ വാങ്ങൽശേഷി ഉയർത്താനും കഴിയണം. 1930കളിലെ മഹാമാന്ദ്യത്തിൽനിന്ന് ലോകമുതലാളിത്ത സമ്പദ്‌വ്യവസ്ഥയെ കരകയറ്റാൻ ആവിഷ്കരിച്ച കെയ്നീഷ്യൻ കുറിപ്പടികളിൽനിന്നും പാഠങ്ങൾ എടുത്തുകൊണ്ട് 'ദാരിദ്ര്യ നിർമ്മാർജ്ജന'ത്തിന്റെ സൈദ്ധാന്തികർ ഊന്നിപ്പറയുന്നതും ഇതുതന്നെയാണ്. അവർ കൂട്ടിച്ചേർക്കുന്നു,

(ശേഷം 7-ാം പേജിൽ)

# ബിപിസിഎൽ സ്വകാര്യവത്കരണത്തിനെതിരെ ജനകീയ ചെറുത്തുനിൽപ്പ്

## റിഫൈനറിക്ക് മുന്നിൽ ഐക്യദാർഢ്യ സംഗമം

ബിപിസിഎൽ സ്വകാര്യവൽക്കരണ വിരുദ്ധ സമരത്തിന് ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ട് കേരള സംസ്ഥാന ജനകീയ പ്രതിരോധ സമിതി, കൊച്ചി റിഫൈനറിക്ക് മുന്നിൽ നടത്തിയ ഐക്യദാർഢ്യ സംഗമം സമിതി സംസ്ഥാന പ്രസിഡന്റും പ്രമുഖ സാമ്പത്തിക വിദഗ്ധനുമായ പ്രൊഫ.കെ.അരവിന്ദാക്ഷൻ ഉദ്ഘാടനം ചെയ്തു. കേരളത്തിന്റെ നാനാതുറകളിലുള്ള ജനകീയ സമര നേതാക്കളേയും പൊതുമേഖലാ സ്ഥാപനങ്ങളിൽ സ്വകാര്യവൽക്കരണ വിരുദ്ധ സമരങ്ങൾക്ക് നേതൃത്വം നൽകുന്ന പ്രമുഖ ട്രേഡ് യൂണിയൻ നേതാക്കളേയും ഒരു വേദിയിൽ അണിനിരത്തിയ സംഗമം ഏറെ വ്യത്യസ്തത പുലർത്തി. സേവ് ബിപിസിഎൽ സമരത്തെ ജനകീയ സമരമായി വികസിപ്പിക്കാനാവശ്യമായ പ്രവർത്തനങ്ങളെക്കുറിച്ച് സംഗമം ഗൗരവമായി ചർച്ച ചെയ്തു.

ജനകീയ പ്രതിരോധ സമിതി സംസ്ഥാന ജനറൽ സെക്രട്ടറി എം.ഷാജർഖാൻ അദ്ധ്യക്ഷത വഹിച്ചു. സിആർഇഎ വൈസ് പ്രസിഡന്റ് എൻ.ആർ. മോഹൻകുമാർ സ്വാഗതമാശംസിച്ചു. സേവ് ബിപിസിഎൽ സമരസമിതിയംഗം പി.പി.സജീവ് കുമാർ വിഷയമവതരിപ്പിച്ചു. എസ്.ഗോപീകൃഷ്ണൻ(എസ്ആർഎംയു), ജോർജ് വർഗീസ്(ഓഫീസേഴ്സ് അസോസിയേഷൻ, ബിഎസ്എൻഎൽ), സി.ഡി.ജോസൻ(എഐബിഇഎ), സി.ബി.വേണുഗോപാൽ (കേരള സ്റ്റേറ്റ് ഇൻഷൂറൻസ് എംപ്ലോയിസ് യൂണിയൻ) പ്രൊഫസർ ജോർജ് ജോസഫ് (തേവര കോളേജ്), വി.കെ.സദാനന്ദൻ (കെഎസ്ആർടിസി വർക്കേഴ്സ് ഫെഡറേഷൻ), പി.എം.ദിനേശൻ(എച്ച്എൻഎൽ സി&സി വർക്കേഴ്സ് സെന്റർ) കെ.എസ്.ഹരികുമാർ (ഫാക്ട് ഓഫീസേഴ്സ് അസോസിയേഷൻ മുൻ ജനറൽ സെക്രട്ടറി), എന്നിവർ പ്രസംഗിച്ചു.

തുടർന്ന്, ഉച്ചക്കുശേഷം ജനകീയ സമര നേതാക്കളുടെ സംഗമം നടന്നു. യോഗത്തിൽ ജനകീയ പ്രതിരോധ സമിതി സംസ്ഥാന സെക്രട്ടറി ടി.കെ. സുധീർകുമാർ ആമുഖപ്രഭാഷണം നടത്തി. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി വർക്കേഴ്സ് അസോസിയേഷൻ ജനറൽ സെക്രട്ടറി എസ്.സീതിലാൽ അദ്ധ്യക്ഷത വഹിച്ചു. ജനകീയസമരനേതാവും പരിസ്ഥിതി പ്രവർത്തകനുമായ ഡോ.ഡി.സുരേന്ദ്രനാഥ് സമ്മേളനം ഉദ്ഘാടനം ചെയ്തു. വിവിധ സമരസമിതികളെ പ്രതിനിധീകരിച്ച് ഹാഷിം ചേന്നാമ്പിള്ളി(എൻഎച്ച് 17 ആക്ഷൻ കൗൺസിൽ), ജി.ആർ. സുഭാഷ്(വിളപ്പിൽശാല ജനകീയ സമിതി), ആർ.പാർത്ഥസാരഥി വർമ്മ(കരിമണൽ ഖനന വിരുദ്ധസമിതി), എസ്.സുരേഷ്കുമാർ(ചെങ്ങറ ഭൂസമരസമിതി), ജോർജ് മുല്ലക്കര(ജനകീയ പ്രതിരോധ സമിതി), ടി.എസ്.മനോജ് കുമാർ(എസ്‌സിഎസ്ടി ഗവൺമെന്റ് എംപ്ലോയീസ് ഫെഡറേഷൻ സംസ്ഥാന സെക്രട്ടറി), പി.പ്രവീൺകുമാർ(കൊച്ചിൻ റിഫൈനറി എംപ്ലോയീസ് അസോസിയേഷൻ), പി.ഒ.ജോയ്(കൊച്ചി റിഫൈനറി ക്യാന്റീൻ എംപ്ലോയീസ് യൂണിയൻ), വി.പി.വിൽസൺ(മൂലമ്പിള്ളി ജനകീയ സമരസമിതി), ജോർജ് മാത്യു കൊടുമൺ(കർ



കേരള സംസ്ഥാന ജനകീയ പ്രതിരോധ സമിതി കൊച്ചി റിഫൈനറിക്ക് മുന്നിൽ നടത്തിയ ഐക്യദാർഢ്യ സംഗമം സംസ്ഥാന പ്രസിഡന്റ് പ്രൊഫ.കെ.അരവിന്ദാക്ഷൻ ഉദ്ഘാടനം ചെയ്യുന്നു

ഷക പ്രതിരോധ സമിതി), എം.ജി.അജി(സിആർഡബ്ളിയുഎ), എസ്.കെ.നസിമുദ്ദീൻ, ജേക്കബ്ബ് സി. മാത്യു(ആർഇയു) എന്നിവർ പ്രസംഗിച്ചു.

## കണ്ണൂരിൽ പ്രതിഷേധ കൂട്ടായ്മ

രാജ്യത്തിന്റെ പൊതുസ്വത്തായ ഭാരത് പെട്രോളിയം കോർപ്പറേഷനെ സ്വകാര്യവൽക്കരിക്കാനുള്ള കേന്ദ്രസർക്കാർ നീക്കത്തിനെതിരെ ബിപിസിഎൽ ജീവനക്കാർ നടത്തുന്ന സമരത്തിന് ഐക്യദാർഢ്യം പ്രഖ്യാപിച്ചു കൊണ്ട് എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പാർട്ടിയും എഐയുറ്റിയുസിയും സംയുക്തമായി കണ്ണൂർ പഴയ ബസ്റ്റാന്റ് പരിസരത്ത് പ്രതിഷേധ കൂട്ടായ്മ സംഘടിപ്പിച്ചു. എഐയുടിയുസി സംസ്ഥാന സെക്രട്ടറി സഖാവ് വി.കെ.സദാനന്ദൻ പ്രതിഷേധ കൂട്ടായ്മ ഉദ്ഘാടനം ചെയ്തു.

എസ്‌യുസിഐ(സി) ജില്ലാ സെക്രട്ടറി കെ.കെ.സുരേന്ദ്രന്റെ അദ്ധ്യക്ഷതയിൽ നടന്ന പ്രതിഷേധ കൂട്ടായ്മയിൽ ഡോ.ഡി. സുരേന്ദ്രനാഥ്, എഐയുടിയുസി ജില്ലാ പ്രസിഡന്റ് എം.കെ. ജയരാജ് എന്നിവർ പ്രസംഗിച്ചു. എഐയുടിയുസി ജില്ലാ സെക്രട്ടറി അനൂപ് ജോൺ സ്വാഗതവും എസ്‌യുസിഐ(സി) ജില്ലാ കമ്മിറ്റിയംഗം പി.സി.വിവേക് നന്ദിയും പറഞ്ഞു.

## മുളന്തുരുത്തിയിൽ ജനകീയ പ്രതിഷേധ സദസ്

ബിപിസിഎല്ലിന്റെ സ്വകാര്യവൽക്കരണത്തിനെതിരെ ജനങ്ങളുടെ ഐക്യനിര വളർത്തിയെടുക്കാൻവേണ്ടി കക്ഷിരാഷ്ട്രീയത്തിന് അതീതമായി പ്രവർത്തിക്കുന്ന സേവ് ബിപിസിഎൽ ജനകീയ ഫോറത്തിന്റെ ആഭിമുഖ്യത്തിൽ മുളന്തുരുത്തി പള്ളിത്താഴത്ത് സംഘടിപ്പിച്ച ജനകീയ പ്രതിഷേധ സദസ്സ് മുൻ മന്ത്രി അനൂപ് ജേക്കബ് എംഎൽഎ ഉദ്ഘാടനം ചെയ്തു. മുളന്തുരുത്തി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് രഞ്ജി കുര്യൻ അദ്ധ്യക്ഷത വഹിച്ചു. ബിപിസിഎൽ സംരക്ഷണ സമരസമിതിയംഗം എൻ.ആർ.മോഹൻകുമാർ വിഷയാവതരണം നടത്തി. സാമൂഹ്യ പ്രവർത്തകനായ സണ്ണി എം.കപിക്കാട് മുഖ്യപ്രഭാഷണം നടത്തിയ പ്രതിഷേധ സദസ്സിൽ സി.കെ.പ്രകാശ്(മുൻ എഡിഎം), കെ.സുനിൽകുമാർ(മാധ്യമ പ്രവർത്തകൻ), എം.എൽ.സുരേഷ്(സിഐറ്റിയു), ജോളി പി.തോമസ്(കോൺഗ്രസ്), കെ.സി.മണി(എഐടിയുസി), ബാബു കാലാപ്പിള്ളി (വ്യാപാരി വ്യവസായി ഏകോനസമിതി), പി.എൻ.പുരുഷോത്തമൻ (സിപിഐ(എം)), പി.സി.ജോളി (കർഷക പ്രതിരോധ സമിതി), വി.ഐ.റെജി(മദ്യ വിരുദ്ധ ജനകീയ സമരസമിതി), എം.കെ.ഉഷ (എസ്‌യുസിഐ(സി)) എന്നിവർ പ്രസംഗിച്ചു.

ജയിംസ് താഴൂരത്ത്(വാർഡ് മെമ്പർ), ടോമി തച്ചാമ്പുറത്ത്(സിപിഐ), രാജു തോമസ്(കേരള കോൺഗ്രസ്(എം)), കുര്യാക്കോസ് ടി.ഐസക് (കെപിഎസ്ടിഎ), കെ.കെ.വേലായുധൻ(മുൻ ബ്ലോക്ക് പഞ്ചായത്ത് അംഗം), സ്ലീബാ ദാസ് പി.സ്റ്റീഫൻ (ജനകീയ പ്രതിരോധ സമിതി), കെ.ഒ.സുധീർ(എഐയുറ്റിയുസി), കെ.കെ.സുകുമാരൻ(നവോത്ഥാന ശക്തി), എം.ആർ.സെനിത്കുമാർ (സേവ് ബിപിസിഎൽ ജനകീയ ഫോറം) തുടങ്ങിയവർ ജനകീയ പ്രതിഷേധ സദസിന് നേതൃത്വം നൽകി. ■

## രാജ്യത്തിന്റെ സാമ്പത്തിക സ്ഥിതി...

(6-ാം പേജിൽ നിന്ന്)

"ആസൂത്രിതമല്ലാത്ത ഒരു സ്വകാര്യ സംരംഭ സമ്പദ്‌വ്യവസ്ഥയിൽ എല്ലാവർക്കും തൊഴിൽ നൽകാനുതകുന്ന, സ്വയം ചലിക്കുന്നതും തെറ്റുതിരുത്തുന്നതുമായ ഒരു സംവിധാനം ഉണ്ടാകില്ല." മുങ്ങിക്കൊണ്ടിരിക്കുന്ന ഒരു സമ്പദ്‌വ്യവസ്ഥയെ ഉയർത്തിയെടുക്കുന്നതിനായി ജനങ്ങളുടെ വാങ്ങൽശേഷി വർദ്ധിപ്പിച്ചുകൊണ്ട് ചോദന വർദ്ധിപ്പിക്കാനായി കൂടുതൽ ഗവൺമെന്റ് മുൻകൈ ഉണ്ടാകണമെന്നാണ് കെയിൻസ് ഊന്നിപ്പറഞ്ഞത്. ജനങ്ങളുടെ വാങ്ങൽശേഷിയെ ഉയർത്തിക്കൊണ്ട്, അവർ പാപ്പരാകുന്നതിനെ അല്പമെങ്കിലും തടയുന്നതിനായുള്ള അടിയന്തര തിരുത്തൽ നടപടികളാണ് നമ്മുടെ രാജ്യത്ത് വേണ്ടത്. പക്ഷേ, പഴകി ദ്രവിച്ച മുതലാളിത്ത വ്യവസ്ഥയുടെ സൃഷ്ടിയായ പ്രശ്നങ്ങൾക്കിതു കൊണ്ടൊന്നും പരിഹാരമാകില്ല. മുതലാളിത്തത്തിന്റെ ജീർണ്ണവും മരണാസന്നവുമായ അവസ്ഥയെ ചൂഴ്ന്ന് നിൽക്കുന്ന പ്രതിസന്ധിയെ തരണം ചെയ്യാൻ അതിന്റെ പ്രവർത്തനപരമായ ഘടകങ്ങളെ മാറ്റി എഴുതാനായി ആവിഷ്കരിക്കപ്പെട്ട ഒരു സിദ്ധാന്തമാണ് അന്തിമ വിശകലനത്തിൽ കെയ്നീഷ്യൻ ചികിത്സാ വിധികൾ. ജനജീവിതത്തിൽ ഇന്ന് ദുരന്തം വിതയ്ക്കുന്ന നവ ഉദാരവത്കരണ നയങ്ങൾക്ക് വഴിയൊരുക്കിയത് ഈ കെയ്നീഷ്യൻ മാതൃകയാണെന്നതാണ് നാം ഓർമ്മിക്കേണ്ട ഒരു വസ്തുത.

നിരവധി ലാറ്റിനമേരിക്കൻ രാജ്യങ്ങളിൽ കെയിൻസിന്റെയും അദ്ദേഹത്തിന്റെ അവിടുത്തെ പിന്താങ്ങിയായ റൗൾ പ്രെബിഷിന്റെയും സ്വാധീനം 1970കളിൽ മിൽട്ടൺ ഫ്രീഡ്മാന്റെ ഉദാരസാമ്പത്തിക സിദ്ധാന്തങ്ങളിലേയ്ക്ക് വഴിതിരിയാൻ നിർബന്ധിതമാക്കി. ചിലി അതിലൊരു രാജ്യമായിരുന്നു. ഏതാണ്ട് അഞ്ച് വർഷം മുമ്പ് വരെ ചിലി, പൊതുനിക്ഷേപത്തിലുള്ള ചരിത്രപരമായ വർദ്ധനയെക്കുറിച്ച് അഭിമാനിക്കുകയും ചില ഒറ്റപ്പെട്ട മേഖലകളുടെ വികാസത്തിനും സാമൂഹിക ക്ഷേമ പദ്ധതികളുടെ ദൃഢീകരണത്തിനുമായി കൂടുതൽ പണം ഇറക്കുന്നതിന് പ്രതിജ്ഞയെടുക്കുകയും ചെയ്തിരുന്നു. എന്നാൽ ഒരാൾക്ക് ഭക്ഷിക്കാനായി മത്സ്യം നൽകുന്നതിനും സ്വന്തംകാലിൽ നിൽക്കാൻ ജീവനോപാധി എന്ന നിലയിൽ മത്സ്യബന്ധനം പഠിപ്പിക്കുന്നതിനും തമ്മിൽ അടിസ്ഥാനപരമായുള്ള വ്യത്യാസമുണ്ടല്ലോ. സ്വന്തംകാലിൽ പരാശ്രയംകൂടാതെ നിൽക്കാൻ ഒരുവനെ പ്രാപ്തനാക്കാൻ മുതലാളിത്തത്തിന് കഴിയില്ല. കാരണം അതിന്റെ തന്നെ നൂലാമാലകളിൽപെട്ടിരിക്കുകയാണ് മുതലാളിത്തം. പ്രശ്നങ്ങളുടെ ഉറവിടം അതായത്, തൊഴിലാളികളുടെ തൊഴിൽശേഷിയെ കവർന്നെടുക്കുകയും അതിനെത്തുടർന്ന് സൃഷ്ടിക്കപ്പെട്ട സമ്പത്ത് വിരലിലെണ്ണാവുന്ന മുതലാളിമാരുടെ ലാഭം വർദ്ധിപ്പിക്കുന്നതിനായി അസമമായി വിതരണം ചെയ്യുകയും ചെയ്യുന്ന മുതലാളിത്ത സമ്പദ്ക്രമം നിലനിർത്തിക്കൊണ്ട് ദാരിദ്ര്യം നിർമ്മാർജ്ജനം ചെയ്യാൻ കഴിയില്ല എന്നതാണ് ചർച്ചചെയ്യേണ്ട കാര്യം. ചരിത്രത്തിന്റെ കർക്കശമായ ഗതിയിൽ മുതലാളിത്തം കാലഹരണപ്പെടുകയും പിന്തിരിപ്പനാകുകയും എല്ലാത്തരം പ്രതിസന്ധികൾക്കും ജന്മം നൽകുകയും അതിന്റെയെല്ലാം ഭാരം ജനങ്ങളുടെമേൽ ഏൽപ്പിക്കുകയും ചെയ്തിരിക്കുന്നു. അതുകൊണ്ടാണ് ലോകത്ത് എല്ലായിടത്തും മുതലാളിത്ത-സാമ്രാജ്യത്വ ഭരണകൂടങ്ങൾക്കെതിരെ ജനങ്ങളുടെ പ്രതിഷേധത്തിന്റെ കുതിച്ചുചാട്ടം നമ്മൾ കാണുന്നത്.

ഒരു ശരിയായ തൊഴിലാളിവർഗ്ഗ വിപ്ലവപാർട്ടിയുടെ നേതൃത്വത്തിൽ മുതലാളിത്തത്തെ ഒരു വിപ്ലവത്തിലൂടെ അധികാരഭ്രഷ്ടമാക്കിക്കൊണ്ടേ ഈ പ്രതിഷേധങ്ങളെ അതിന്റെ യുക്തിപരമായ പരിണതിയിലേക്ക് എത്തിക്കാൻ കഴിയൂ. മഹാനായ ലെനിൻ നടത്തിയ വിശദീകരണം ഉദ്ധരിച്ചുകൊണ്ട് നമുക്ക് ഉപസംഹരിക്കാം. "സാങ്കേതിക ജ്ഞാനത്തിന്റെ അത്ഭുതാവഹമായ വളർച്ചയുണ്ടായിട്ടും മുതലാളിത്തത്തിന്...അർദ്ധപട്ടിണിക്കാരും ദരിദ്രരുമായ ജനങ്ങളുടെ ജീവിതനിലവാരം ഉയർത്താൻ കഴിയുന്നുണ്ടെങ്കിൽ അത് മുതലാളിത്തമായിരിക്കില്ല...വികസനത്തിലെ അസമത്വം, ജനസാമാന്യത്തിന്റെ അർദ്ധപട്ടിണി ഇവയെല്ലാം ഈ മുതലാളിത്ത ഉല്പാദന രീതിയുടെ അടിസ്ഥാനപരവും ഒഴിച്ചുകൂടാനാകാത്തതുമായ മുന്നുപാധികളാണ്."*(സാമ്രാജ്യത്വം, മുതലാളിത്തത്തിന്റെ പരമോന്നത ഘട്ടം)* ■

# വിജ്ഞാന ശാസ്ത്രം, വൈരുദ്ധ്യാത്മക ഭൗതികവാദം, വിപ്ലവ ജീവിതം എന്നിവയെപ്പറ്റി




കഴിഞ്ഞ ലക്കം തുടർച്ച

**സ്ഥലകാലങ്ങളെ കുറിച്ചുള്ള ശരിയായ ധാരണ**

അടുത്തിടെ ചില സോവിയറ്റ് പ്രസിദ്ധീകരണങ്ങളിൽ വന്ന, ചലനം, സമയം, സ്ഥലം ഇതെല്ലാം പദാർത്ഥത്തിന്റെ നിലനിൽപ്പിന്റെ രൂപങ്ങളാണ് എന്ന ആശയം, ശരിയോ തെറ്റോ എന്ന് ഒരു സഖാവ് ചോദിക്കുകയുണ്ടായി. ചലനം പദാർത്ഥത്തിന്റെ നിലനിൽപ്പിന്റെ രീതിയാണെന്ന് വിശദീകരിച്ചുകഴിഞ്ഞു. പദാർത്ഥമെന്നാൽ ചലനത്തിലുള്ള പദാർത്ഥം. ചലനമില്ലാതെ പദാർത്ഥമില്ല, അങ്ങനെ ഉണ്ടാവുകയുമില്ല. അപ്പോൾ, ചലനമെന്നത് പദാർത്ഥത്തിന്റെ നിലനിൽപ്പിന്റെ രൂപമാണെന്ന് പറയുന്നത് ശരിയല്ല. മുൻപുള്ള ചില സ്കൂളുകളിൽ ഈ വിഷയത്തെ കുറിച്ച് ഞാൻ അൽപ്പം ദീർഘമായി പ്രതിപാദിച്ചിരുന്നു. സ്ഥലവും കാലവും, അസ്തിത്വവുമായി അഥവാ നിലനിൽക്കുന്ന പദാർത്ഥവുമായി, വേർപിരിക്കാനാകാത്തവിധം ബന്ധപ്പെട്ടിരിക്കുന്നു എന്നതാണ് ചർച്ച ചെയ്യേണ്ട വിഷയം. പദാർത്ഥം നിലനിൽക്കുന്നു എന്നതിനർത്ഥം അത് സ്ഥലകാലങ്ങളിൽ നിലനിൽക്കുന്നു എന്നാണ്. പദാർത്ഥത്തിന്റെ നിലനിൽപ്പ് അഥവാ അസ്തിത്വം, സ്ഥലകാലങ്ങളിൽ നിന്നും വേർപെടുത്തി സങ്കൽപ്പിക്കാൻ സാധിക്കുകയില്ല. നേരേമറിച്ച്, സ്ഥലവും കാലവും പദാർത്ഥത്തിൽനിന്നും വേർപെടുത്തി സങ്കൽപിക്കുന്നത് അസംബന്ധമാണ്. സമ്പൂർണമായ ശൂന്യത എന്ന ഒന്നില്ല. പ്രപഞ്ചശൂന്യത എന്ന് നമ്മൾ വിളിക്കുന്നതിൽ പോലും വികിരണമായും, അങ്ങേയറ്റം വിരളമായ വാതകങ്ങളായും ധൂളിയായുമൊക്കെ പദാർത്ഥം നിലനിൽക്കുന്നു. സ്ഥലവും കാലവും പദാർത്ഥത്തിന്റെ നിലനിൽപ്പിന്റെ ഉപാധികളാണ്. പദാർത്ഥം നിലനിൽക്കുന്നു എന്നതിനർത്ഥം, പദാർത്ഥം ഒരു സമയദൈർഘ്യത്തിൽ നിലനിൽക്കുന്നു, അത് മാറ്റത്തിനു വിധേയമാണ് എന്നാണ്. കൂടാതെ, പദാർത്ഥം നിലനിൽക്കുന്നു എന്നതിനർത്ഥം, അത് സ്ഥലത്തിന്റെ ഒരു വിസ്തൃതിയിൽ നിലനിൽക്കുന്നു, അത് ചലനത്തിന്റെ അവസ്ഥയിലാണ് എന്നാണ്. അപ്പോൾ, സ്ഥലമോ കാലമോ, പദാർത്ഥത്തിൽനിന്നോ അസ്തിത്വത്തിൽനിന്നോ ഒഴിച്ചുനിർത്താൻ സാധിക്കുന്നതല്ല. അതായത്, പദാർത്ഥം നിലനിൽക്കുന്നു എന്നു പറയുമ്പോൾ, അത് കാലികമായ ദൈർഘ്യത്തിലും, സ്ഥലത്തിന്റെ വിസ്തൃതിയിലും നിലനിൽക്കുന്നു എന്നതായിരിക്കണം ധാരണ. ഇതാണ് അതിന്റെ നിലനിൽപ്പിന്റെ ഉപാധി. എന്നു പറഞ്ഞാൽ, സ്ഥലവും കാലവുമാണ് പദാർത്ഥത്തിന്റെ നിലനിൽപ്പിന് ഒഴിവാക്കാൻ പറ്റാത്ത ഉപാധികൾ.

ശാസ്ത്രത്തിലെയും തത്വചിന്തയിലെയും മറ്റേതൊരു പൊതുതത്വത്തെയും അടിസ്ഥാന സങ്കല്പത്തെയും പോലെതന്നെ, സ്ഥലകാല സങ്കല്പങ്ങളുടെ മനസ്സിലാക്കലും നിശ്ചലമോ മാറ്റമില്ലാത്തതോ അല്ല എന്നതും ഓർക്കേണ്ടതുണ്ട്. മൂർത്തമായ പദാർത്ഥമണ്ഡലത്തിന്റെ മൂർത്തസ്വഭാവത്തിൽ നിന്നും സ്വതന്ത്രമായ ഒരു ആശയമല്ല അത്. ന്യൂട്ടോണിയൻ മണ്ഡലത്തിലെ സ്ഥലകാലങ്ങളുടെ പ്രത്യേക മൂർത്തസ്വഭാവവും പ്രാധാന്യവും, ആപേക്ഷികതാ ചലനത്തിന്റെ കാര്യത്തിൽ നിലനിൽക്കുന്ന സ്ഥലകാലങ്ങളുടെ പ്രത്യേക മൂർത്തസ്വഭാവത്തിലും പ്രാധാന്യത്തിലുംനിന്ന് വ്യത്യാസപ്പെട്ടിരിക്കുന്നു. കൂടാതെ, ക്വാണ്ടം മെക്കാനിക്കൽ നിയമങ്ങൾ അനുസരിക്കുന്ന സൂക്ഷ്മകണികകളുടെ മണ്ഡലത്തിലെ സ്വഭാവവിശേഷങ്ങളിൽ നിന്നും ഇവ വ്യത്യാസപ്പെട്ടിരിക്കുന്നു.

കൂടാതെ, ആധുനികശാസ്ത്രത്തിൽ സ്ഥലത്തെയും കാലത്തെയും കുറിച്ചുള്ള സങ്കല്പവും ഇതിന്റെ അടിസ്ഥാനത്തിൽ രൂപംകൊള്ളുന്ന സ്ഥലകാല നൈരന്തര്യത്തിന്റെ (spacetime continuum) സങ്കല്പവും പരസ്പരം ബന്ധപ്പെടുത്തിയാണ് കാണുന്നത്. സ്ഥലകാല സമവാക്യങ്ങൾ പദാർത്ഥചലനത്തെ കുറിച്ച് പഠിക്കാൻ ഉപയോഗിക്കുന്നു. ഇതിനുമേലാണ് ചതുർമാനജ്യാമിതിയുടെ ബഹുവിധരൂപങ്ങൾ നിൽക്കുന്നത്. യൂക്ലിഡിയൻ ജ്യാമിതിയിൽ രണ്ടു ബിന്ദുക്കൾ തമ്മിൽ യോജിപ്പിക്കുന്നതിലൂടെ ഒരു നേർരേഖ ലഭിക്കുന്നു. പക്ഷേ ഈ യൂക്ലിഡിയൻ ജ്യാമിതികൊണ്ട് ബഹിരാകാശശാസ്ത്രത്തിലോ, പ്രപഞ്ചത്തെ ഒന്നാകെകണ്ട് പഠിക്കുന്ന ശാസ്ത്രമായ കോസ്മോളജിയിലോ പ്രയോജനമില്ല. പ്രപഞ്ചത്തിൽ, സ്ഥലകാലങ്ങളുടെ ഘടനയിൽ ഏതെങ്കിലും രണ്ട് ബിന്ദുക്കൾ തമ്മിൽ യോജിപ്പിക്കുമ്പോൾ ഒരു നേർരേഖ കിട്ടണമെന്നില്ല.

**സ്ഥലവും കാലവും പദാർത്ഥത്തിന്റെ നിലനിൽപ്പിന് ആവശ്യമായ ഉപാധികളാണ്. പദാർത്ഥം നിലനിൽക്കുന്നു എന്നതിനർത്ഥം, പദാർത്ഥം ഒരു സമയദൈർഘ്യത്തിൽ, സ്ഥലത്തിന്റെ ഒരു വിസ്തൃതിയിൽ നിലനിൽക്കുന്നു, അത് ചലനത്തിന്റെ അവസ്ഥയിലാണ് എന്നാണ്. അപ്പോൾ, സ്ഥലമോ കാലമോ, പദാർത്ഥത്തിൽ നിന്നോ അസ്തിത്വത്തിൽ നിന്നോ ഒഴിച്ചുനിർത്താൻ സാധിക്കുന്നതല്ല.**

അത് ഒരു വക്രരേഖയുമാകാം. അങ്ങനെയാണ് ചലനത്തിലുള്ള പദാർത്ഥം വ്യാപിച്ചിരിക്കുന്നത്. ഋജുവായ പ്രതലം, വക്രത തുടങ്ങിയ ധാരണകൾ വളരെ വ്യത്യസ്തവും അസാധാരണവുമായ രൂപങ്ങൾ കൈക്കൊള്ളുകയും, അവയെ യൂക്ലിഡിയൻ ജ്യാമിതിയുടെ ചട്ടക്കൂടിനുള്ളിൽ കൈകാര്യം ചെയ്യാൻ സാധിക്കാതെ വരികയും ചെയ്യും. ഈ വളഞ്ഞ ഇടത്തിന്റെ ആശയംതന്നെ യൂക്ലിഡ്-ഇതര ജ്യാമിതിയെ യൂക്ലീഡിയൻ ജ്യാമിതിയുടെ അതിരുകൾക്കപ്പുറത്തേയ്ക്ക് കൊണ്ടുപോയിരിക്കുന്നു.

ത്രിമാന ജ്യാമിതിയുടെയും, കൂടാതെ ത്രികോണമിതിയുടെയും തത്വങ്ങളുപയോഗിച്ചാണ് എഞ്ചിനീയർമാർ വീടുകളും മറ്റ് കെട്ടിടങ്ങളും പണിയുന്നത്. ഈ മുഴുവൻ ചട്ടക്കൂടും യൂക്ലിഡിയൻ ജ്യാമിതിയുടെ അടിത്തറക്കുമേലാണ് നിൽക്കുന്നത്. എന്തൊക്കെ പരിമിതികളുണ്ടായാലും കൂടുതൽ കാര്യങ്ങൾ വെളിപ്പെടുമെന്നും, ശാസ്ത്രം കോസ്മോളജിയുടെ സഹായത്തോടെ നമ്മുടെ ഇപ്പോഴുള്ള വിജ്ഞാനത്തിന് പുതിയ മാനങ്ങൾ പ്രദാനം ചെയ്യുമെന്നുമാണ് സ്വാഭാവികമായും പ്രതീക്ഷിക്കുന്നത്. ഇന്ന് മനുഷ്യൻ ബഹിരാകാശത്തേക്കുള്ള യാത്രതന്നെ ആരംഭിച്ചിരിക്കുന്നു. വിപുലമായ സാങ്കേതികമുന്നേറ്റത്തിന്റെ ഫലമായി സൗരയൂഥത്തിനുപുറത്ത്, പ്രപഞ്ചത്തെക്കറിച്ച് ധാരാളം പുതിയ അറിവുകൾ സമാഹരിക്കാൻ കഴിയുന്നു. ഇങ്ങനെയാണ് ശാസ്ത്രത്തിന്റെ ജൈത്രയാത്ര മുന്നേറുന്നത്.

ചുരുക്കിപ്പറഞ്ഞാൽ, ഗലീലിയോ മുതൽ ന്യൂട്ടൺവരെ, ന്യൂട്ടൺ മുതൽ ഐൻസ്റ്റീൻവരെ ഓരോ ഘട്ടങ്ങൾ പിന്നിട്ട് ശാസ്ത്രം മുന്നോട്ട് കുതിച്ചു. അതിന്റെ ജൈത്രയാത്ര ഇനിയും തുടരുകയും ചെയ്യും. അത് ഒരിക്കലും അവസാനിക്കില്ല. എന്തുകൊണ്ട്? കാരണം പ്രകൃതിയുടെ നിഗൂഢതകൾ വെളിപ്പെടുത്താനാണ് ശാസ്ത്രം ശ്രമിക്കുന്നത്. ആ പ്രകൃതിതന്നെ അനന്തമായ മാറ്റത്തിന്റെയും വികാസത്തിന്റെയും പ്രക്രിയയിലാണ്. അതിന് അന്ത്യവുമില്ല, എവിടെയും വിരാമവുമില്ല. ശാസ്ത്രത്തിന്റെ അന്വേഷണങ്ങൾ അനന്തമായി തുടരുന്നു. സത്യാന്വേഷണവും അതുപോലെതന്നെ. ഇന്ന് സത്യമായി നാം അറിയുന്നത്, അജ്ഞാതമായി കാണപ്പെടുന്നതുമായി നാളെ വൈരുദ്ധ്യത്തിലാകും. നമുക്ക് അറിയുവാൻ സാധിക്കാത്ത അനവധി കാര്യങ്ങൾ ഈ ഭൂമിയിലും ലോകത്തും ഉണ്ടെന്നും, അവയെ ഒരിക്കലും നമുക്ക് അറിയാൻ സാധിക്കില്ലെന്നും വാദിക്കുന്ന ആളുകൾ ഒരു തെറ്റിദ്ധാരണ വെച്ചുപുലർത്തുന്നവരാണ്. എല്ലാ കാര്യവും നമുക്ക് അറിയാൻ സാധിക്കും എന്ന് ദ്വന്ദ്വാത്മക ഭൗതികവാദം ഊന്നിപ്പറയുന്നു. പക്ഷേ എപ്പോഴും പലതും അജ്ഞാതമായിരിക്കും. അതായത്, നമുക്ക് ഇനിയും അറിയാത്ത ഒരുപാട് കാര്യങ്ങളുണ്ട്. അവ ഇന്ന് അജ്ഞാതമാണ്. ഇതെല്ലാം നാം കാലക്രമേണ അറിയും. പക്ഷേ അപ്പോഴും പലതും അറിയുവാൻ ബാക്കിയുണ്ടാകും. അറിഞ്ഞതും ഇനിയും അറിയുവാൻ ഉള്ളതും തമ്മിലുള്ള ഈ സംഘർഷത്തിലൂടെയാണ് പുരോഗതി പ്രാപിക്കുന്നത്.

അതുകൊണ്ട്, സത്യത്തെക്കുറിച്ചുള്ള നമ്മുടെ ധാരണ വളരെ വ്യക്തമായിരിക്കണമെന്നത് നിർബന്ധമാണ്. ഒരു നിശ്ചിതസമയത്ത്, ഒരു മൂർത്ത സാഹചര്യത്തിൽ, ഒരേയൊരു മൂർത്തസത്യം മാത്രമേ ഉണ്ടാവുകയുള്ളു. അതുകൊണ്ട് സത്യം മൂർത്തവും ആപേക്ഷികവും നിർണായകവും ആഴത്തിൽ പ്രവർത്തിക്കുന്നതുമാണെന്ന് പറയുന്നു. മറ്റൊരു രീതിയിൽ പറഞ്ഞാൽ സത്യം അനിഷേധ്യമാണ്. ഈ മൂർത്തസത്യത്തെ സംബന്ധിച്ചിടത്തോളം, അത് മൂർത്തമായിരുന്നാൽത്തന്നെയും, പല വ്യക്തികൾക്ക് അതിനെപ്പറ്റി പലവിധ മനസ്സിലാക്കലുകൾ ഉണ്ടാകാം. അതിനർത്ഥം, സത്യം ഗ്രഹിക്കുന്നത് സംബന്ധിച്ച്, അതിന്റെ മനസ്സിലാക്കലിലോ സ്വാംശീകരണത്തിലോ മനുഷ്യർ തമ്മിൽ വ്യത്യാസങ്ങൾ ഉണ്ടാകാം. പക്ഷേ, സത്യത്തെ സംബന്ധിച്ച ശരിയായ ധാരണയെ അത് ബാധിക്കുന്നില്ല. സത്യം, അങ്ങനെ തന്നെ നിലനിൽക്കുന്നു. മറുവശത്ത്, മൂർത്തസത്യത്തെ കുറിച്ചുള്ള നമ്മുടെ മനസ്സിലാക്കലും മാറ്റത്തിനും വികാസത്തിനും വിധേയമാണ്. നമ്മൾ അറിയുവാൻ ശ്രമിക്കുന്നതെന്തോ അതുതന്നെ മാറുകയും വികസിക്കുകയുമാണ്. അറിയുന്നയാൾതന്നെ മാറുകയും പുരോഗമിക്കുകയുമാണ്. ശാസ്ത്രത്തിന്റെ മേഖലയിൽ വിജ്ഞാനം നേടാൻ നാം ഉപയോഗിക്കുന്ന ഉപകരണങ്ങൾതന്നെ നിരന്തരമായ മെച്ചപ്പെടുത്തലിനും വികാസത്തിനും വിധേയമായിക്കൊണ്ടിരിക്കുന്നു. അതുകൊണ്ടുതന്നെ, ശാശ്വതവും പരമവുമായ അറിവ്, എന്തായാലും ഉണ്ടാവാൻ സാധ്യമല്ല. നമ്മുടെ പഠനത്തിന്റെ വിഷയമായ പ്രപഞ്ചംതന്നെ അനന്തമാണ്. അനന്തതയെക്കുറിച്ചുള്ള സങ്കല്പംതന്നെ സ്ഥിരമോ നിശ്ചലമോ ആകുക സാധ്യമല്ല. അതും നിരന്തരമായ മാറ്റത്തിന്റെ പ്രക്രിയയിലാണ്. നമ്മുടെ ധാരണയിലുണ്ടാകുന്ന മാറ്റത്തിന്റെയും വികാസത്തിന്റെയും പശ്ചാത്തലത്തിൽ, ഒരു സമയത്തെ അനന്തതയെ സംബന്ധിച്ച ധാരണ, പിന്നീടൊരിക്കൽ, ആ സമയത്തെ വികസിതവും സമ്പുഷ്ടവുമായ ധാരണയുടെ അടിസ്ഥാനത്തിൽ പരിമിതമെന്ന് വിലയിരുത്തപ്പെടാം. ഇതുമൂലം, പുതിയ വികാസങ്ങളുടെ ഫലമായി അനന്തതയിൽനിന്നും പരിമിതമായി മാറിയ പഴയ ധാരണയും, അനന്തതയുടെ അപാരതയെക്കുറിച്ച് പുതുതായി വെളിപ്പെട്ട ധാരണയും തമ്മിൽ വൈരുദ്ധ്യം ഉടലെടുക്കുന്നതായി കാണാൻ സാധിക്കും. ഇവിടെ ഞാൻ ആവർത്തിക്കട്ടെ, വിജ്ഞാനത്തിന് അതിരുകളില്ല. ഇന്ന് അജ്ഞാതമായിരിക്കുന്നത് നാളെ അറിഞ്ഞുകഴിയുമ്പോൾ, നമുക്കുമുന്നിൽ പുതിയ നിഗൂഢതകൾ തെളിഞ്ഞുവരും. അത് കൊണ്ടാണ്, സത്യം മൂർത്തം മാത്രമല്ല, ആപേക്ഷികവുമായിരിക്കുന്നത്. സത്യം മൂർത്തരൂപത്തിൽ നിലനിൽക്കുന്നത്, മൂർത്തമായ സാഹചര്യങ്ങളിലും മൂർത്തമായ അവസ്ഥയിലുമാണ്. ഏതൊരു വിഷയ

*(ശേഷം 9–ാം പേജിൽ)*

# സ്ഥലവും കാലവുമാണ് പദാർത്ഥത്തിന്റെ നിലനിൽപ്പിന് ഒഴിവാക്കാൻ പറ്റാത്ത ഉപാധികൾ

(8-ാം പേജിൽ നിന്ന്)

ത്തിലും അതുകൊണ്ട് സത്യം ഒന്നേയുള്ളു, ബഹുവിധമില്ല. സത്യം ഇല്ല എന്നല്ല, പക്ഷേ പരമമോ ശാശ്വതമോ ആയ സത്യം എന്നൊന്നില്ല. സത്യമാണ് നമ്മുടെ ജീവിതത്തിൽ വെളിച്ചം വിതറുന്നത്, പുതിയ ഉയരങ്ങൾ കീഴടക്കുന്നതിനായുള്ള നമ്മുടെ മുന്നേറ്റത്തിൽ, എന്നും പുതിയ ആയുധങ്ങളുമായി നമ്മെ യുദ്ധസന്നദ്ധരാക്കുന്നത്.

**സനാതനമായ സത്യം എന്ന ആശയം ഒരു ഉട്ടോപ്യയാണ്**

സനാതനമായ സത്യം എന്നത് ഒരു തികഞ്ഞ മിത്താണെന്ന തിരിച്ചറിവിൽ വിഷമിക്കേണ്ട ആവശ്യമില്ല. മറിച്ച്, നമ്മൾ അതിൽ സന്തോഷിക്കുകയാണ് വേണ്ടത്. സനാതനസത്യം എന്ന ആശയം നമ്മളെ നിഷ്ക്രിയത്വത്തിൽ തളച്ചിടാൻ മാത്രമേ സഹായിക്കൂ. അത് നമ്മളെ പ്രവർത്തിക്കാൻ പ്രേരിപ്പിക്കില്ല, കാരണം, അത് പ്രവർത്തന ശേഷിയില്ലാത്ത, വെറും സാങ്കൽപ്പിക ആശയം മാത്രമാണ്. ഇത് കൂടാതെ, ലോകത്ത് വിജ്ഞാനത്തിന്റെ പല മണ്ഡലങ്ങളിലും പരമമോ മൗലികമോ ആയി ഒന്നും നിലനിൽക്കുന്നില്ല എന്നു പറയുന്നത്, ശരിയല്ല എന്ന് വീണ്ടും വീണ്ടും ബോധിപ്പിക്കുവാനുള്ള ശ്രമമുണ്ടെന്നു നിങ്ങൾക്ക് കാണാൻ സാധിക്കും. ഉദാഹരണത്തിന്, ജീനുകളിലെ ചില അടിസ്ഥാന ഗുണവിശേഷങ്ങൾ അഥവാ സവിശേഷതകൾ മാറ്റം വരാത്തതും പരമവുമായി ഉണ്ടെന്നാണ് ചില ആളുകൾ അവകാശപ്പെടുന്നത്. ഇത് സമർത്ഥിക്കാനായി, മനുഷ്യനിലെ ചില പാരമ്പര്യ സ്വഭാവങ്ങളുടെ ഉദാഹരണങ്ങൾ അവർ ഉദ്ധരിക്കുന്നു. ഉദാഹരണത്തിന്, കുടുംബങ്ങളിൽ പാരമ്പര്യമായി ചില ശാരീരികസാദൃശ്യങ്ങൾ പലപ്പോഴും കാണാറുണ്ട്. കൂടാതെ, സന്ധിവാതം, പ്രമേഹം തുടങ്ങി പാരമ്പര്യമായി ഉണ്ടാകുന്നതെന്ന് അറിയപ്പെടുന്ന അസുഖങ്ങളുണ്ട്. തൊലിയുടെ നിറവും, ചില വംശങ്ങളുടേയും ഗോത്രങ്ങളുടേയും ചില ശാരീരികപ്രത്യേകതകളും ദൃഷ്ടാന്തമായി ചൂണ്ടിക്കാട്ടി, മൗലികവും കലർപ്പില്ലാത്ത രക്തമുള്ളതുമായ ചില വംശങ്ങളുണ്ടെന്നുകൂടി വാദിക്കാറുണ്ട്.

വംശീയത്തെ സംബന്ധിച്ച വിഷയം ഞാൻ പിന്നീട് ചർച്ച ചെയ്യാം. ജീനുകളുടെ പരമമായ സ്വഭാവമെന്ന് പറയുന്ന വിഷയം ഉദിക്കുന്നത്, അൽപം മുമ്പ് പരാമർശിച്ച പാരമ്പര്യസ്വഭാവവിശേഷങ്ങൾ കണക്കിലെടുക്കുമ്പോഴാണ്. ജീവിവർഗങ്ങളുടെ പ്രത്യുത്പാദന പ്രക്രിയയിൽ പരസ്പരപ്രവർത്തനമൊന്നുമില്ല എന്ന് അവകാശപ്പെടുമ്പോൾ, അത് ശാസ്ത്രത്തിനു നിരക്കുന്നതല്ല എന്നത് ആർക്കും നിഷേധിക്കാനാകില്ല. ജനിതകഘടകത്തിന്റെയും പരിതഃസ്ഥിതിയുടെയും നിരന്തരവും അങ്ങേയറ്റം സങ്കീർണവും സൂക്ഷ്മവുമായ പരസ്പരപ്രവർത്തനത്തിനിടയിൽ ജീനുകൾ അചഞ്ചലമാണ്, മാറ്റമില്ലാത്തതാണ്, എന്ന് ചിന്തിക്കുന്നത് തികച്ചും അയഥാർത്ഥമാണ്. ജീനുകൾ അഭേദ്യമാണെന്ന് കരുതുകയാണെങ്കിൽ, ജനിതകമാറ്റത്തിലൂടെ ഉണ്ടാകുന്ന ഉൾപരിവർത്തനവും(mutation) പുതിയ ജീവിവർഗങ്ങളുടെ ഉത്ഭവവും കൃത്യമായി വിശദീകരിക്കുവാൻ സാധിക്കുകയില്ല. ആധുനികജീവശാസ്ത്രവും ജനിതകശാസ്ത്രവും ഇത്തരം തോന്നലുകളെ അംഗീകരിക്കുന്നില്ല. പാരമ്പര്യമായി ഉണ്ടാകുന്ന സാദൃശ്യത്തിന്റെ വിഷയത്തിൽ നമുക്കു ചോദിക്കാം: ഈ സാദൃശ്യം എല്ലായ്പ്പോഴും പ്രകടമാണോ? ശാരീരികമായ സാമ്യം ഉണ്ടാകുമ്പോൾപോലും, ഈ സാമ്യം സ്വഭാവവിശേഷങ്ങളുടെ കാര്യത്തിൽ ഇല്ല എന്നതാണ് സത്യം.

അപ്പോൾ ജീനുകളുടെയോ പാരമ്പര്യ സ്വഭാവവിശേഷങ്ങളുടെയോ കാര്യത്തിൽ ഒന്നും തന്നെ പരമമോ മൗലികമോ ആയി കണക്കാക്കാൻ കഴിയില്ല. ഒരു ശാസ്ത്രശാഖയെന്ന നിലയിൽ തീർച്ചയായും ജനിതകശാസ്ത്രത്തിന് വളരെയധികം സാധ്യതകളുണ്ട്. പക്ഷേ ജനിതകശാസ്ത്രത്തിന്റെ പേരിൽ അതിശയോക്തി കലർത്തിയ അവകാശവാദങ്ങൾ നടത്തുകയെന്ന പ്രവണതയും ഇന്നത്തെക്കാലത്ത് ഉണ്ടാകുന്നുണ്ട്. ഇനിയും ഒരുപാട് കാര്യങ്ങൾ അറിയുവാൻ അവശേഷിക്കുന്ന ഒരുപാട് മേഖലകൾ വൈദ്യശാസ്ത്രത്തിലുണ്ട്. ഉദാഹരണത്തിന്, കരൾ എങ്ങനെ പ്രവർത്തിക്കുന്നു എന്നതും, അതിനെ ശരിയായി നിയന്ത്രിക്കുന്നതിലൂടെ എങ്ങനെ പല അസുഖങ്ങളും ചികിത്സിക്കാം തുടങ്ങിയ ഗവേഷണങ്ങളൊക്കെ നടന്നുകൊണ്ടിരിക്കുന്നു. ഉപാപചയ(metabolic) രോഗങ്ങൾ ശരീരത്തിന്റെ ഉപാപചയധർമവുമായി ബന്ധപ്പെട്ടിരിക്കുന്നു. പക്ഷേ ശാസ്ത്രീയപഠനങ്ങളുടെ പേരിൽ, സ്പഷ്ടമായ ശാസ്ത്രവിരുദ്ധ ആശയങ്ങൾ ശാസ്ത്രീയമായി തെളിയിക്കപ്പെട്ട സത്യങ്ങളെന്ന പേരിൽ വ്യാജമായി അവതരിപ്പിക്കാൻ ശ്രമിച്ചാൽ, നമുക്ക് അത് അംഗീകരിക്കാൻ കഴിയില്ല.

പാരമ്പര്യവും പരിതഃസ്ഥിതിയും, പരസ്പരപ്രവർത്തനത്തിന്റെ ഒരു സങ്കീർണസംവിധാനത്തിലൂടെ പരസ്പരബന്ധിതമാണെന്ന ആധുനികശാസ്ത്രത്തിന്റെ പൊതുധാരണ അംഗീകരിക്കുമ്പോൾ തന്നെ, ഒരു പറ്റം ശാസ്ത്രജ്ഞർ ഉയർത്തിക്കാട്ടുന്നത്, മനുഷ്യന്റെ സർഗശേഷിയും ധിഷണയും സ്വഭാവഗുണങ്ങളും പ്രത്യേക ജീനുകളാൽ നിയന്ത്രിക്കപ്പെടുന്നു എന്നാണ്. ചിലർ പറയുന്നതാകട്ടെ, ഗണിതത്തിലുള്ള താത്പര്യം ഒരുതരം ജീനിന്റെ ഫലമാണ്, സംഗീതത്തിലുള്ള പ്രാവീണ്യം മറ്റൊരുതരം മൂലം, എന്നൊക്കെയാണ്. ചുരുക്കത്തിൽ, മനുഷ്യന്റെ ധിഷണാശേഷിയും വികാരങ്ങളും സർഗശേഷിയുമൊക്കെ ഏതെങ്കിലുമൊരു തരത്തിൽപ്പെട്ട ജീനുകളാൽ നിയന്ത്രിക്കപ്പെടുന്നു എന്നാണ് ഈ ശാസ്ത്രജ്ഞർ കണക്കാക്കുന്നത്. പക്ഷേ, തലച്ചോറിനെപ്പറ്റി ആധുനിക ശരീരശാസ്ത്രം പഠിപ്പിക്കുന്നതോ: സർഗശേഷി, വികാരങ്ങൾ, ധിഷണ എന്നിവയെല്ലാം മുഖ്യമായും മനുഷ്യന്റെ തലച്ചോറിന്റെ സവിശേഷഘടനയുമായി ബന്ധപ്പെട്ടിരിക്കുന്നു; ഇത് മറ്റ് മൃഗങ്ങളുടെ തലച്ചോറിന്റെ ഘടനയിൽ അസാദ്ധ്യവുമാണ്. സർഗശേഷിയുടെ ഓരോ ഭാവവും ചരിത്രത്തിന്റെ ഓരോ പ്രത്യേകഘട്ടത്തിൽ മാത്രം പൂത്തുലഞ്ഞതാണെന്ന് നാം വിശ്വസിക്കണോ – ഉദാഹരണത്തിന് മതപ്രവാചകർ ഒരു ഘട്ടത്തിൽ, സംഗീതപ്രതിഭകൾ മറ്റൊന്നിൽ, വിശ്രുതശാസ്ത്രജ്ഞർ ഇനിയൊരു ഘട്ടത്തിൽ എന്നിങ്ങനെ – ഇതിലോരോന്നും, അതാത് പ്രത്യേക ജീൻ, ആ പ്രത്യേക കാലത്ത് പൊട്ടിമുളച്ചു വന്നതിന്റെ ഫലമായി സംഭവിച്ചതാണോ? ഇത്തരമൊരു ചിന്ത യുക്തിക്കും ശാസ്ത്രത്തിനും നിരക്കുന്നതാണോ? അപ്പോൾ, പരിതഃസ്ഥിതി, പ്രത്യേകിച്ചും സാമൂഹ്യപരിതഃസ്ഥിതി, വലിയൊരു പങ്കു വഹിക്കുന്നു എന്ന അനിവാര്യമായ നിഗമനത്തിലെത്തുന്നു. ഈ വെളിച്ചത്തിലാണ് പാരമ്പര്യവും പരിതഃസ്ഥിതിയും തമ്മിലുള്ള ബന്ധം പ്രത്യേകിച്ചും മനുഷ്യന്റെ വളർച്ചയിലും വികാസത്തിലും സാമൂഹ്യ പരിതഃസ്ഥിതിയുടെ പങ്ക്, നമ്മൾ മനസ്സിലാക്കേണ്ടത്.

വീണ്ടും, വംശങ്ങളുടെയും ഗോത്രങ്ങളുടെയും ഇടയിൽ മൗലികവും കലർപ്പില്ലാത്ത രക്തത്തോടുകൂടിയതുമായ ചിലവ പ്രത്യേകമായി ഉണ്ടെന്ന ഒരു വിശ്വാസം ആഴത്തിൽ വേരോടിയിട്ടുണ്ട്. അങ്ങനെ ശുദ്ധവും മൗലികവുമായ വംശം എന്നയൊന്നില്ലെന്ന്, ചരിത്രവും ശാസ്ത്രവുമായി പരിചയമുള്ളവർക്ക് അറിയാം. ആർക്കെങ്കിലും അങ്ങനെ വിശുദ്ധരക്തത്തിന്റെ സങ്കൽപ്പമുണ്ടെങ്കിൽ, അങ്ങനെ ഇടകലരാത്ത വംശം എന്ന ഒന്ന് നിലനിൽക്കുന്നില്ല എന്ന് അവർ തിരിച്ചറിയേണ്ടതുണ്ട്. അതിവിദൂരഭൂതകാലത്തുതന്നെ, വംശങ്ങൾക്കിടയിലെ ഏറ്റുമുട്ടലുകളുടെയും സംഘർഷങ്ങളുടെയും ഇടയിൽത്തന്നെ ഇടപഴകലിന്റെ നീണ്ട പ്രക്രിയയുണ്ടാകുകയും, അതുവഴി, വംശങ്ങൾക്കിടയിലെ കൂടിക്കലരൽ നടക്കുകയും ഉണ്ടായിട്ടുണ്ട്. മംഗളോയ്ഡ്, പാലാ ആൽപൈൻ, ആസ്ട്രലോയ്ഡ്, ഈജിപ്ഷ്യൻ തുടങ്ങി ഒരു വംശവും, വംശം എന്ന നിലയിൽ ഇടകലരാത്തതോ മൗലികമോ അല്ല. ഇതേ രീതിയിൽത്തന്നെ, ശുദ്ധ ആര്യരക്തം, ശുദ്ധ ആര്യവംശം എന്നതും ഒരു കെട്ടുകഥയാണ്. എന്നിട്ടും ഈ നാട്ടിൽ, ഇത്തരം ചരിത്രവിരുദ്ധവും തെറ്റിദ്ധരിച്ചതുമായ ചിന്താഗതികളിൽ നിന്ന് ഉരുത്തിരിയുന്ന ഒരു പ്രത്യേകതരം ചിന്താധാര ശക്തമാണ്. ഇത്, ഉയർന്നതും താഴ്ന്നതുമായ ജാതിഘടനയുടെ കാഴ്ചപ്പാടും പേറുന്നുണ്ട്. ജാതിയുടെ പേരിൽ നടമാടുന്ന ഭീകരമായ അടിച്ചമർത്തലും വിവേചനവും വർണിക്കാൻ വാക്കുകൾ മതിയാവില്ല. സൂര്യനു കീഴിൽ ഒരാളും ബ്രാഹ്മണനോ ശൂദ്രനോ ആയി ജനിക്കുന്നില്ല, എല്ലാവരും മനുഷ്യരായാണ് ജനിക്കുന്നത്. രാജവാഴ്ച മുതൽ തന്നെ ബ്രാഹ്മണമേധാവിത്വത്തിൻകീഴിൽ, മനുഷ്യത്വരഹിതമായ അനീതിക്കും അപമാനത്തിനും, തത്ഫലമായി സൃഷ്ടിക്കപ്പെടുന്ന അപകർഷതാബോധത്തിനും ഇരയാകാൻ, താഴ്ന്ന ജാതിയിലുള്ളവർ അഥവാ ശൂദ്രർ എന്നു വിളിക്കപ്പെട്ടവർ വിധിക്കപ്പെട്ടിരുന്നു എന്നത് ചരിത്രരേഖകൾ സാക്ഷ്യപ്പെടുത്തുന്നുണ്ട്. ഇന്നും നമ്മുടെ സമൂഹം ജാതിയുടെ ശാപം പേറുന്നതിന്റെ പ്രധാനകാരണം നമ്മുടെ സ്വാതന്ത്ര്യസമര നേതൃത്വത്തിന്റെ ദൗർബല്യമാണ്. അവർ അവശ്യം ഏറ്റെടുക്കേണ്ടിയിരുന്ന, സമൂഹത്തിന്റെ ജനാധിപത്യവൽക്കരണത്തിനായുള്ള സാമൂഹ്യ-സാംസ്കാരിക പ്രസ്ഥാനത്തെ അവഗണിക്കുകയും, അത് പൂർത്തീകരിക്കാതിരിക്കുകയും ചെയ്തു. ബൂർഷ്വാ രാഷ്ട്രീയ കക്ഷികളും, ഇടതെന്ന് വിളിക്കപ്പെടുന്ന കക്ഷികൾ പോലും, തങ്ങളുടെ സങ്കുചിത താത്പര്യങ്ങളിലൂന്നിയ പാർലമെന്ററി നേട്ടങ്ങൾക്കായി, ജാതിയുടെയും മതത്തിന്റെയും മറ്റ് വിഭാഗീയ ചിന്തകളുടെയും കൂട്ടുപിടിക്കുന്നു.

എന്തായാലും, സനാതനമായ സത്യമില്ല എന്ന അതേ കാരണംകൊണ്ടുതന്നെ, സനാതനമായ മൂല്യങ്ങളുമില്ല എന്നതും ഓർക്കുക. പക്ഷേ, സനാതനമായ മൂല്യങ്ങൾ ഇല്ല എന്നത് മൂല്യങ്ങളേയില്ല എന്ന് അർത്ഥമാക്കുന്നില്ല. അത്തരത്തിലുള്ള ചിന്ത മൂല്യസങ്കല്പത്തെത്തന്നെ നിഷേധിക്കുന്നതാണ്. നിങ്ങൾ അറിഞ്ഞാലും ഇല്ലെങ്കിലും, നിങ്ങൾ ബോധവാന്മാരാണെങ്കിലും ഇല്ലെങ്കിലും, ഏതെങ്കിലും തരത്തിലുള്ള തത്വമോ പ്രത്യയശാസ്ത്രമോ നമ്മുടെ എല്ലാ പ്രവൃത്തിയെയും നമ്മുടെ ജീവിതത്തെയും നിയന്ത്രിക്കുന്നു. പക്ഷേ, ആ പ്രത്യയശാസ്ത്രവും നിശ്ചലമല്ല, അതും മാറിക്കൊണ്ടിരിക്കുന്നു. ഇങ്ങനെയാണ് ഇതിനെ മാർക്സിസം മനസ്സിലാക്കുന്നത്. അതുകൊണ്ടാണ് മാർക്സിസം വെറുമൊരു വരട്ടുതത്വവാദമല്ലാത്തത്. ഈ അർത്ഥത്തിൽ, മാർക്സിസ്റ്റ് പ്രത്യയശാസ്ത്രം അതിന്റെ അടിസ്ഥാനസ്വഭാവത്തിൽ, മറ്റെല്ലാ തത്വചിന്തകളിൽ നിന്നും, അത് ആശയവാദപരമാ

(ശേഷം 10-ാം പേജിൽ)

**സൈദ്ധാന്തിക പാഠങ്ങൾ**




**എല്ലാ കാര്യവും നമുക്ക് അറിയാൻ സാധിക്കും എന്ന് ദ്വന്ദാത്മക ഭൗതികവാദം ഊന്നിപ്പറയുന്നു. പക്ഷേ ഓരോ സമയത്തും ഒന്നല്ലെങ്കിൽ മറ്റൊന്ന് അജ്ഞാതമായിരിക്കും. ഇനിയും അറിയാത്ത ഒരുപാട് കാര്യങ്ങളുണ്ട്. അവ ഇന്ന് അജ്ഞാതമാണ്. അതെല്ലാം കാലക്രമേണ അറിയും. പക്ഷേ അപ്പോഴും മറ്റു പല കാര്യങ്ങളും അറിയുവാൻ ബാക്കിയുണ്ടാകും. അറിഞ്ഞതും ഇനിയും അറിയുവാൻ ഉള്ളതും തമ്മിലുള്ള ഈ സംഘർഷം മുന്നോട്ടുപൊയ്ക്കൊണ്ടിരിക്കും.**

# സത്യം മൂർത്തവും ആപേക്ഷികവും അനിഷേധ്യവുമാണ്

(9-ാം പേജിൽ നിന്ന്)

കട്ടെ, മറ്റ് ഭൗതികവാദ തത്വചിന്തകളാകട്ടെ, വ്യത്യാസപ്പെട്ടിരിക്കുന്നു. ഇവിടെയാണ് അടിസ്ഥാനപരമായ വ്യത്യാസം കുടികൊള്ളുന്നത്.

**ആധുനികശാസ്ത്രത്തിലെ പദാർത്ഥസങ്കല്പം**

ഇനി പദാർത്ഥസങ്കല്പത്തിന്റെ ചില വശങ്ങൾ വീണ്ടും ചർച്ച ചെയ്യാം. അണുവിനെ വിഭജിച്ച് നിരവധി സൂക്ഷ്മ അണുഘടകകണങ്ങൾ കണ്ടെത്തുന്നതിൽ നേരത്തേതന്നെ ശാസ്ത്രജ്ഞർ വിജയിച്ചിരുന്നുവല്ലോ. സൗകര്യത്തിനായി, ഇലക്ട്രോണിന്റെ മാത്രം ഉദാഹരണത്തിൽ ചർച്ച ഞാൻ പരിമിതപ്പെടുത്താം. അന്വേഷണത്തിന്റെ ഒരു ഘട്ടത്തിൽ ഒരു ചോദ്യം ഉയർന്നുവന്നിരുന്നു: എന്താണ് ഇലക്ട്രോണിന്റെ സ്വഭാവം? അതൊരു പദാർത്ഥകണമാണോ അതോ തരംഗമാണോ? തുടക്കത്തിൽ ശാസ്ത്രജ്ഞർ ചിന്തിച്ചത് ഇലക്ട്രോണിന് കണികാസ്വഭാവമാണ് എന്നാണ്. ചില പരീക്ഷണങ്ങളിലൂടെയാണ് അവർ ഈ നിഗമനത്തിലെത്തിച്ചേർന്നത്. ലൂയിസ് ഡി ബ്രോഗ്ലി പിന്നീട് തന്റെ പരികൽപനയിൽ കാണിച്ചു തന്നത് ഇലക്ട്രോണിന് ഒരു തരംഗസ്വഭാവം കൂടി ഉണ്ട് എന്നതാണ്. ഈ നിഗമനത്തിന്റെ സാധുത പരീക്ഷണപഠനങ്ങളിലൂടെ സ്ഥാപിക്കപ്പെട്ടിട്ടുണ്ട്.

ഇത് ശാസ്ത്രജ്ഞർക്കിടയിൽ വലിയ ചലനമുണ്ടാക്കി. ഇതു മാത്രമല്ല, ഇതും മറ്റു ചില പ്രശ്നങ്ങളും പരാമർശിച്ചുകൊണ്ട്, ഭൗതികശാസ്ത്രത്തിൽ ഒരു പ്രതിസന്ധി ഉടലെടുത്തിരിക്കുന്നു എന്നുവരെ ശാസ്ത്രജ്ഞർ പറഞ്ഞുതുടങ്ങി. അവരിൽ ചിലർ വിശ്വസിച്ചത്, യഥാർത്ഥത്തിൽ ഇലക്ട്രോൺ ഒരേ സമയം തന്നെ കണികയും തരംഗവുമാണ്, ഇലക്ട്രോൺ എങ്ങനെ പ്രത്യക്ഷപ്പെടും പെരുമാറും എന്നത് പരീക്ഷണസാഹചര്യങ്ങളെ ആശ്രയിച്ചിരിക്കുന്നു എന്നാണ്. ഇതിൽ അൽപം സത്യമുണ്ട്. പക്ഷേ, എന്റെ വീക്ഷണത്തിൽ, ഇലക്ട്രോണിന്റെ സ്വഭാവത്തെ സമഗ്രമായി മനസ്സിലാക്കുന്നതിന് തടസ്സമാകുന്ന ചില പരിമിതികൾ അതിനുണ്ട്. എന്തായാലും ഡി ബ്രോഗ്ലിതന്നെ ഈ പ്രതിസന്ധിക്ക് ഒരു പരിഹാരം അവതരിപ്പിച്ചു. ഇത് ശാസ്ത്രത്തിന്റെ പിന്നീടുള്ള വികാസത്തിന് സഹായകമാവുകയും, ഈ പറഞ്ഞ പ്രതിസന്ധിയുടെ മറ്റുചില വശങ്ങൾ പരിഹരിക്കാൻ സഹായിക്കുകയും ചെയ്തു. ഡി ബ്രോഗ്ലി കാണിച്ചുതന്നത്, ഇലക്ട്രോണും മറ്റ് സൂക്ഷ്മകണങ്ങളും മാത്രമല്ല സ്ഥൂലവസ്തുക്കൾപോലും, ഒരേസമയം കണികയുടെയും തരംഗത്തിന്റെയും സ്വഭാവത്തോടെ നിലനിൽക്കുന്നു എന്നാണ്. ഒരു വ്യത്യാസമുള്ളത്, സ്ഥൂലവസ്തുക്കളുടെ കാര്യത്തിൽ കണികാസ്വഭാവം മുന്നിട്ടു നിൽക്കുന്നു, തരംഗസ്വഭാവം അഗണ്യമാംവിധം നിസ്സാരമാകുകയും ചെയ്യുന്നു. അതേസമയം സൂക്ഷ്മകണികകളുടെ കാര്യത്തിൽ, കണികയുടെയും തരംഗത്തിന്റെയും സ്വഭാവങ്ങൾ തുല്യപ്രാധാന്യത്തോടെ നിലനിൽക്കുന്നു. ഈ ശാസ്ത്രീയ പഠനങ്ങൾ ചുരുങ്ങിയത് ഒരു കാര്യത്തിൽ വ്യക്തത വരുത്തി. അതായത്, പദാർത്ഥം വാസ്തവത്തിൽ ഒരേ സമയം പിണ്ഡസ്വഭാവത്തിന്റെയും ഊർജ്ജസ്വഭാവത്തിന്റെയും ദ്വന്ദ്വാത്മക ഐക്യമാണ്: തരംഗ-കണിക ദ്വിത്വം(wave-particle duality) എന്ന് വിളിക്കപ്പെടുന്ന കണികാസ്വഭാവത്തിന്റെയും തരംഗസ്വഭാവത്തിന്റെയും ദ്വന്ദ്വാത്മക ഐക്യം.

ഇതിനു ശേഷവും, ശാസ്ത്രത്തിന്റെയും തത്വചിന്തയുടെയും മേഖലകളിൽ ചില വിഷയങ്ങളെ സംബന്ധിച്ച് ചില ഗുരുതരമായ പ്രശ്നങ്ങൾ പ്രത്യക്ഷപ്പെട്ടു. ഹെയ്സൻബെർഗിന്റെ അനിശ്ചിതത്വ സിദ്ധാന്തമാണ്(uncertainty principle) ഇതിൽ ഏറ്റവും മുന്നിൽ നിന്നത്. ഈ സിദ്ധാന്തത്തിൽ, ഹെയ്സൻബെർഗ് ചൂണ്ടിക്കാട്ടിയത്, ഇലക്ട്രോണിന്റെ അല്ലെങ്കിൽ മറ്റേതെങ്കിലും സൂക്ഷ്മകണികയുടെ സ്ഥാനവും ആവേഗവും (momentum) ഒരേസമയം ആഗ്രഹിക്കുന്ന കൃത്യതയോടെ അളക്കുവാൻ സാധ്യമല്ല എന്നാണ്. ലളിതമായ ഭാഷയിൽ ഇതിനെയാണ് സാധാരണയായി അനിശ്ചിതത്വ സിദ്ധാന്തം അഥവാ, അനിശ്ചിതത്വത്തിന്റെ തത്വം എന്ന് പറയുന്നത്. ഇതാണ് അതിന്റെ സത്ത. സ്ഥാനത്തിന്റെ അളവിന്റെ കൃത്യത കൂടുമ്പോൾ, ആവേഗത്തിന്റെ അളവ് കൂടുതൽ അനിശ്ചിതമാകുന്നു. തിരിച്ചും, ആവേഗത്തിന്റെ അളവിന്റെ കൃത്യത കൂടുമ്പോൾ, സ്ഥാനം കണ്ടെത്തുന്നത് കൂടുതൽ അനിശ്ചിതമാകുന്നു. ഒരു വസ്തുവിന്റെ സ്ഥാനവും ആവേഗവും ഒരേസമയം വേണ്ട കൃത്യതയോടെ അളക്കുവാൻ സാധിക്കുമെന്നും, തത്ഫലമായി ആ വസ്തുവിന്റെ ഭാവിയിലെ ഏതു സ്ഥാനവും അതിന്റെ ഭാവിപാതയും കൃത്യമായി പ്രവചിക്കാൻ സാധിക്കുമെന്നുമുള്ളത് ക്ലാസിക്കൽ ഫിസിക്സിന്റെ അടിസ്ഥാന ധാരണ

സൈദ്ധാന്തിക പാഠങ്ങൾ




യായിരുന്നു. പക്ഷേ, സൂക്ഷ്മകണങ്ങളുടെ ലോകത്ത് പ്രാബല്യത്തിലുള്ള ക്വാണ്ടം സിദ്ധാന്തമനുസരിച്ച് ആവശ്യമായ കൃത്യതയോടെ ഈ പ്രവചനം നടത്താൻ സാധ്യമല്ല. ഇതുമൂലം, ഈ 'അനിശ്ചിതത്വ'ത്തെ ചുറ്റിപ്പറ്റി ഒച്ചപ്പാടുകൾ ഉണ്ടായി. ഇപ്പോഴും ശാസ്ത്രജ്ഞർക്കും ചിന്തകർക്കുമിടയിൽ ഈ വിഷയത്തിൽ വളരെയധികം ആശയക്കുഴപ്പം നിലനിൽക്കുന്നു. അതുകൊണ്ട് ലഭ്യമായ എല്ലാ അവസരത്തിലും ദ്വന്ദ്വാത്മക ഭൗതികവാദത്തിനും മാർക്സിസത്തിനും എതിരെ ആക്രമണമഴിച്ചുവിടാൻ ഇത് ഉപയോഗപ്പെടുത്തുകയാണ്. ഹെയ്സൻബെർഗ് മുന്നോട്ടുവെച്ച ഈ സിദ്ധാന്തത്തിൽ, ദ്വന്ദ്വാത്മകഭൗതികവാദത്തിനെതിരേ ഉപയോഗപ്പെടുത്താൻ സാധിക്കുന്ന എന്തെങ്കിലും ഉള്ളതായി എനിക്കു കാണാൻ സാധിച്ചിട്ടില്ല. ഒന്നാമതായി, ഇവിടെ പരിഗണിക്കപ്പെടുന്ന മേഖലയെന്നത് വളരെ ലോലവും, നിരന്തരമായ പ്രവർത്തന-പ്രതിപ്രവർത്തന അഥവാ പരസ്പര പ്രവർത്തനം നടക്കുന്നതുമായ ഒന്നാണെന്ന് എല്ലാ ശാസ്ത്രജ്ഞർക്കും അറിയാം. തന്നെയുമല്ല, സ്ഥാനമാകട്ടെ ആവേഗമാകട്ടെ, നമുക്കൊന്നും അറിയാൻ സാധിക്കുകയില്ല എന്നതല്ല പ്രശ്നം. അതല്ല കാര്യം. രണ്ടും അറിയുവാൻ സാധിക്കും, പക്ഷേ ഒരേസമയം രണ്ടും ആവശ്യമായ കൃത്യതയോടെ അളക്കുവാൻ സാധിക്കുകയില്ല എന്നുമാത്രം. ഈ മേഖലയിലോ മണ്ഡലത്തിലോ അത് അങ്ങനെയാകുന്നത് സ്വാഭാവികം മാത്രമാണ്. കാരണം, വളരെയധികം സൂക്ഷ്മവും ലോലവും, അങ്ങേയറ്റം സങ്കീർണവുമായ കാര്യകാരണബന്ധമാണ് ഇവിടെ നിലനിൽക്കുന്നത്. ഓരോ ക്ഷണത്തിലും മാറ്റത്തിന്റെ പ്രക്രിയയിൽ, മാറ്റത്തിന്റെ കാരണം തന്നെ മാറിക്കൊണ്ടിരിക്കുന്നു. സൂക്ഷ്മകണത്തിന്റെ ചലനത്തിന്റെ ഈ സവിശേഷത, ഹെയ്സൻബെർഗ് ഒരു ഗണിതശാസ്ത്രബന്ധത്തിന്റെ രൂപത്തിൽ പ്രകാശിപ്പിച്ചിരിക്കുന്നു. അതാകട്ടെ, ഒരു സമവാക്യമല്ല, അസമവാക്യമാണ്. സൂക്ഷ്മകണങ്ങളുടെ പ്രത്യേക മണ്ഡലത്തിലാണ് അനിശ്ചിതത്വസിദ്ധാന്തം പ്രയോഗക്ഷമമാകുന്നത്. പക്ഷേ, സ്ഥൂലവസ്തുക്കളുടെ മണ്ഡലത്തിൽ ഈ സിദ്ധാന്തം അപ്രസക്തമാകുന്നു. ആ മണ്ഡലത്തിൽ ക്ലാസിക്കൽ ഭൗതികശാസ്ത്രത്തിന്റെ സിദ്ധാന്തം പ്രസക്തമാകുന്നു. സൂക്ഷ്മകണങ്ങളുടെ സ്വഭാവം ഏതെങ്കിലും തരത്തിലുള്ള നിയമം ലംഘിക്കുന്നുവെന്നോ, സമ്പൂർണമായ കുഴപ്പമോ അരാജകത്വമോ നിലനിൽക്കുന്നു എന്നതോ അല്ല, അനിശ്ചിതത്വസിദ്ധാന്തത്തിന്റെ വിഷയം. വസ്തുത അതല്ല. സൂക്ഷ്മമണ്ഡലത്തിലെ കാര്യകാരണതത്വത്തെ അസാധുവാക്കാൻ തക്കവണ്ണമുള്ള വിവക്ഷയൊന്നും ഹെയ്സൻബെർഗിന്റെ അനിശ്ചിതത്വസിദ്ധാന്തത്തിലില്ല എന്നതാണ് എനിക്കു ചൂണ്ടിക്കാണിക്കുവാനുള്ളത്. ഈ ഉദ്ദേശ്യത്തോടെയുള്ള ഏത് നിർദ്ദേശവും അവകാശവാദവും തെറ്റാണ്, ശാസ്ത്രവിരുദ്ധവുമാണ്. മറുവശത്ത്, കാര്യകാരണതത്വവും നിശ്ചിതത്വവാദവും(determinism) ഈ മണ്ഡലത്തിലും പ്രാബല്യത്തിലിരിക്കുന്നു. എന്നുമാത്രമല്ല, അവ കൂടുതൽ സമ്പുഷ്ടവും വികസിതവും ആയിരിക്കുന്നു.

**പൂർവ്വനിശ്ചിതത്വവാദത്തിൽ നിന്നും നിശ്ചിതത്വവാദത്തെ സംഭവ്യത മോചിപ്പിച്ചു**

അനിശ്ചിതത്വസിദ്ധാന്തം കൂടാതെ, ശാസ്ത്രജ്ഞർക്കിടയിൽ അഭിപ്രായവ്യത്യാസമുള്ള ഒരു മേഖല കൂടിയുണ്ട്. അത്, ഇലക്ട്രോണുകളുടെ ചലനത്തെ നിയന്ത്രിക്കുന്ന സംഭവ്യത നിയമത്തിന്റെ വ്യാഖ്യാനവുമായി ബന്ധപ്പെട്ടിരിക്കുന്നു. ഇവിടെ, സംഭവ്യത നിയമം ഒരു ശാസ്ത്രനിയമം കൂടിയായിരിക്കുന്നതുകൊണ്ട് ചില ശാസ്ത്രജ്ഞർ ഒരു ചോദ്യമുയർത്തുന്നു: ക്വാണ്ടം സിദ്ധാന്തത്തിലെ അനിശ്ചിതത്വതത്വത്തിന്റെ കണ്ടുപിടിത്തം, പ്രകൃതിയിലെ വിവിധ മാറ്റങ്ങളെ നിശ്ചിതമായ രീതിയിൽ വിശദീകരിച്ച നിശ്ചിതത്വവാദത്തിന്റെ മുൻധാരണയെ അസാധുവാക്കിയില്ലേ? അതായത്, ഒന്ന് മറ്റൊന്നിന് എതിരാണ്, ഇവ തമ്മിൽ ചേർന്നുപോകുന്നവയല്ല. നിശ്ചിതത്വവാദത്തിന്റെ അടിത്തറയിളക്കിയാൽ, കാരണത്വവാദവും(causality) തകരും. ഈ വിഷയത്തിനുമേൽ അന്ന് പൊന്തിവന്ന അവിശ്വാസം, ശാസ്ത്രസമൂഹത്തിൽ ഇപ്പോഴും പരിഹരിക്കപ്പെട്ടിട്ടില്ലെന്നാണ് എനിക്ക് തോന്നുന്നത്. ഈ വിഷയത്തിൽ ശാസ്ത്രജ്ഞർക്കിടയിൽ അഭിപ്രായവ്യത്യാസങ്ങളും ആശയക്കുഴപ്പങ്ങളും തങ്ങിനിൽക്കുന്നു. പക്ഷേ, എന്റെ മനസ്സിലാക്കൽ വ്യത്യസ്തമാണ്. ക്ലാസിക്കൽ മെക്കാനിക്സിൽ നിശ്ചിതത്വവാദത്തിന്റെ മനസ്സിലാക്കൽ ഒരുതരത്തിൽ യാന്ത്രികമാണ്. സ്ഥൂലലോകത്ത്, ചലിക്കുന്ന ഒരു വസ്തുവിന്റെ ഒരു ക്ഷണത്തിലെ സ്ഥാനവും വേഗവും നൽകിയാൽ, എവിടേക്ക് എപ്പോൾ ആ വസ്തു ചലിച്ചെത്തും എന്നത് കണക്കുകൂട്ടി പ്രവചിക്കാൻ സാധ്യമാണ്. മറ്റു വാക്കുകളിൽ, ഒരു വസ്തുവിന്റെ മുൻ അവസ്ഥ അതിന്റെ നിലവിലെ അവസ്ഥയെ നിശ്ചയിക്കുന്നു. കൂടാതെ, അതിന്റെ ആ മുൻ അവസ്ഥ, അതിനും മുന്നേയുള്ള അവസ്ഥയാൽ നിശ്ചയിക്കപ്പെട്ടിരിക്കുന്നു. ഗലീലിയോയുടേയും ന്യൂട്ടന്റെയും കാലം തൊട്ടേ ഇത് ഇങ്ങനെതന്നെയാണ് കണ്ടുകൊണ്ടിരുന്നത്. നിരീക്ഷണവും, കണക്കുകൂട്ടിയുള്ള പ്രവചനവും ഒത്തുപോകുന്നതായി കണ്ടു. ഇതിൽനിന്നും, ഒരു സംഭവമോ പ്രതിഭാസമോ, അത് സംഭവിക്കുന്നതിനുമുന്നേതന്നെ നിശ്ചിതമാണ്, അതായത്, ഓരോ സംഭവവും പൂർവ്വനിശ്ചിതമാണ്, എന്ന നിഗമനത്തിലേക്കാണ് ഔപചാരിക വിചിന്തനം നയിക്കുന്നത്. നിശ്ചയവാദത്തിന്റെ ഈ മനസ്സിലാക്കൽ, പൂർവ്വനിശ്ചിതത്വവാദത്തിന് വ്യക്തമായും മുൻതൂക്കം നൽകുന്നു എന്നാണിത് കാണിക്കുന്നത്.

എന്റെ മനസ്സിലാക്കൽ എന്തെന്നാൽ, ഒരു ഇലക്ട്രോണിന്റെ സ്ഥാനം സംഭവ്യത നിയമത്തിനനുസരിച്ച് വിശദീകരിക്കുമ്പോൾ, അതിന്റെ സംഭവ്യമായ സ്ഥാനമാണ്, അല്ലാതെ ക്ലാസിക്കൽ ഭൗതികശാസ്ത്രത്തിന്റെ വ്യവസ്ഥയനുസരിച്ചുള്ള നിശ്ചിതമായ സ്ഥാനമല്ല അത് അർത്ഥമാക്കുന്നത്. അതായത്, കൃത്യമായ അതിർത്തികൾക്കുള്ളിൽ ഇലക്ട്രോണിന്റെ ഏകദേശസ്ഥാനമാണ് അല്ലാതെ സ്ഥലത്തിലെ ഒരു നിശ്ചിതബിന്ദുവാകില്ല ഉദ്ദേശിക്കുന്നത്. അതുകൊണ്ട്, സംഭവ്യത നിയമത്തിന്റെ പ്രയോഗത്തിലൂടെ ഉണ്ടാകുന്ന നിഗമനം ഒരു നിഗമനമേ അല്ല എന്ന് പറയാൻ സാധിക്കുകയില്ല. നിശ്ചിതമായ സംഭവ്യതയുടെ അടിസ്ഥാനത്തിൽ

(ശേഷം 11-ാം പേജിൽ)

**അതിവിദൂര ഭൂതകാലത്തുതന്നെ, വംശങ്ങൾക്കിടയിലെ ഏറ്റുമുട്ടലുകളുടെയും സംഘർഷങ്ങളുടെയും ഇടയിൽത്തന്നെ ഇടപഴകലിന്റെ നീണ്ട പ്രക്രിയയുണ്ടാകുകയും, അതുവഴി, വംശങ്ങൾക്കിടയിലെ കൂടിക്കലരൽ നടക്കുകയും ഉണ്ടായിട്ടുണ്ട്. മംഗളോയ്ഡ്, പാലാ ആൽപൈൻ, ആസ്ട്രലോയ്ഡ്, ഈജിപ്ഷ്യൻ തുടങ്ങി ഒരു വംശവും, വംശം എന്ന നിലയിൽ ഇടകലരാത്തതോ മൗലികമോ അല്ല.**

# സത്യം സനാതനമല്ല എന്നതിനാൽ മൂല്യങ്ങളും സനാതനമല്ല

(10-ാം പേജിൽ നിന്ന്)

പ്രശ്നത്തെ കാണുമ്പോൾ, ഈ നിഗമനം തീർച്ചയായും ഏകദേശ സ്വഭാവത്തിൽ ഉള്ളതാണ്. സംഭവ്യതയെ അടിസ്ഥാനമാക്കിയുള്ള ഒരു നിഗമനം, അത് സംഭവ്യതയെ അടിസ്ഥാനമാക്കിയ യുക്തിപരവും വിവേകപൂർണവുമായ നിഗമനം എന്ന അർത്ഥത്തിൽ, ഒരു സവിശേഷനിഗമനം കൂടിയാണ്. അതു പോലെ തന്നെ സംഭവ്യതയെ അടിസ്ഥാനമാക്കിയ സത്യവും സത്യം തന്നെയാണ്. അത് സത്യമേ അല്ല എന്ന് നമുക്കു പറയുവാൻ സാധിക്കുകയില്ല. ഇതാണ് പ്രശ്നത്തിന്റെ ഒരു വശം.

നിശ്ചിതത്വവാദത്തെ കുറിച്ച് നിലനിന്നിരുന്ന ധാരണക്ക് യാന്ത്രികമായ മുൻവിധിയുണ്ടായിരുന്നുവെന്ന് മുമ്പ് പറഞ്ഞല്ലോ. ഈ ധാരണ, പൂർവനിശ്ചിതത്വവാദത്തിന്റെ നിഴലിലായിരുന്നു. നിശ്ചിതത്വവാദമെന്നത് വിധിവാദമാണെന്ന്(fatalism) കണക്കാക്കാൻ അത് പലരെയും പ്രേരിപ്പിച്ചു. അതുകൊണ്ട്, ആധുനികശാസ്ത്രത്തിലെ സംഭവ്യത യെന്ന ധാരണ, അനിശ്ചിതത്വസിദ്ധാന്തത്തിന്റെ കാര്യത്തിലാകട്ടെ, അല്ലെങ്കിൽ സൂക്ഷ്മകണങ്ങളെ സംബന്ധിക്കുന്ന മറ്റ് പ്രശ്നങ്ങളിലാകട്ടെ, നിശ്ചിതത്വവാദത്തിന്റെ അടിത്തറയിളക്കിയെന്നോ, കാര്യകാരണത്വം ഇല്ലാതാക്കിയെന്നോ ഞാൻ കരുതുന്നില്ല. സംഭവ്യത നിയമം, ശക്തിയേറിയ അടിത്തറയിൽ സ്ഥാപിക്കുന്നതിനായി, നിശ്ചിതത്വവാദത്തെ പൂർവ്വനിശ്ചിതത്വവാദത്തിന്റെ മുൻവിധികളിൽനിന്നും സ്വതന്ത്രമാക്കി എന്നതാണ് ശരി. ഭൗതികലോകത്തിലെ മാറ്റം, സംഘർഷങ്ങളുടെ ബാഹുല്യത്തിൽ നിലനിൽക്കുന്നതിനാലും, വൈരുദ്ധ്യത്തിനുള്ളിൽ ത്തന്നെ വൈരുദ്ധ്യമുള്ളതുകൊണ്ടും പ്രവർത്തന-പ്രതിപ്രവർത്തന-പരസ്പരപ്രവർത്തനത്തിന്റെ ഒരു പരസ്പരദ്വന്ദ്വാത്മകത കൂടി ഉൾക്കൊള്ളുന്നതിനാലും ബന്ധപ്പെട്ട പ്രതിഭാസങ്ങളോരോന്നും ശാസ്ത്രത്തിലും ദ്വന്ദ്വാത്മക ഭൗതികവാദത്തിലും വിശകലനം ചെയ്യേണ്ടതുണ്ട്. ഒരു പ്രതിഭാസത്തിന് അഥവാ അസ്തിത്വത്തിനുള്ളിൽ ശക്തികളുടെ ബാഹുല്യം ഉണ്ടായിരിക്കുകയും, പ്രവർത്തന - പ്രതിപ്രവർത്തന - പരസ്പരപ്രവർത്തനത്തിന്റെ ഒരു സങ്കീർണപ്രക്രിയയിലൂടെ മാറ്റം സംഭവിക്കുകയും ചെയ്യുമ്പോൾ പലപ്പോഴും മാറ്റത്തിന്റെ ഫലമായി ഉണ്ടാകാവുന്ന ഭാവിസ്ഥിതിയോ അവസ്ഥയോ പ്രവചിക്കാനാകില്ല. എന്നാൽ ഓരോ ക്ഷണത്തിലുമുള്ള മാറ്റം എപ്പോഴും നിയമപ്രകാരമാണ് സംഭവിക്കുന്നത്. അതുകൊണ്ടുതന്നെ കാര്യകാരണത്വവും നിശ്ചിതത്വവാദവും നിഷേധിക്കുകയെന്നത്, ശാസ്ത്രത്തിന്റെ അടിസ്ഥാനതത്വങ്ങൾക്ക് വിരുദ്ധമാണ്. നിശ്ചിതത്വവാദത്തിന്റെ പുതിയതും സമ്പന്നവുമായ ധാരണ യാന്ത്രികമായ ഒന്നല്ലെന്നും മറിച്ച് അത് പൂർവ്വനിശ്ചിതത്വവാദത്തിന്റെയും വിധിവാദത്തിന്റെയും സ്വാധീനത്തിൽനിന്നും മുക്തമാക്കപ്പെട്ടിരിക്കുന്നുവെന്നും മനസ്സിലാക്കണം.

**വൈരുദ്ധ്യവാദത്തിന്റെയും സംഭവ്യതയുടെയും പ്രയോഗം വിപ്ലവജീവിതത്തിൽ**

ഈ വിഷയം മറ്റൊരു വീക്ഷണകോണിലൂടെ പരിശോധിക്കാൻ ഞാൻ നിങ്ങളോട് ആവശ്യപ്പെടുന്നു. അതിന് പ്രകൃതിശാസ്ത്രവുമായും, ഞാൻ ദീർഘനേരമായി ചർച്ച ചെയ്തുവന്ന വിഷയങ്ങളുമായും ബന്ധമില്ല. പക്ഷേ, അതിനൽപം പ്രാധാന്യമുണ്ട്. അതിന്റെ ആഴത്തിലുള്ള മനസ്സിലാക്കലിനായി അതിവിടെ ചർച്ചചെയ്യാം. പാർട്ടി നേതാക്കളുടെയും കേഡർമാരുടെയും വികാസത്തിന്റെ വിഷയം മനസ്സിൽവെച്ചുകൊണ്ടാണ് ഞാൻ സംസാരിക്കാൻ പോകുന്നത്. നമ്മുടെ അനുഭവത്തിൽ, പാർട്ടിയിൽ ചേരുകയും ഒരുമിച്ചു പ്രവർത്തിക്കുകയും ചെയ്യുന്ന ധാരാളം പ്രവർത്തകരിൽ, ചില സഖാക്കൾ കൂടുതൽ ഉയർന്ന ഉത്തരവാദിത്തങ്ങൾ ഏറ്റെടുക്കുകയും, സ്വയം നല്ല പ്രവർത്തകരായി, അതായത് നല്ല കമ്മ്യൂണിസ്റ്റുകളായി വളരുകയും ചെയ്യുന്നു. മറ്റു ചിലർ വളരെ ഉയർന്ന നിലയിൽ ആരംഭിച്ചിട്ടുണ്ടാകാം, പക്ഷേ പിന്നീട് ജീവിതസമരത്തിൽ ബോധപൂർവമോ അല്ലാതെയോ വിട്ടുവീഴ്ചകൾ ചെയ്ത് പിന്നിലാവുകയും ചെയ്യുന്നു. ഈ വ്യത്യാസങ്ങൾ എങ്ങനെ സംഭവിക്കുന്നു എന്നതിന് ഉത്തരം നൽകുന്നതിനായി, നാം സാധാരണഗതിയിൽ പറയുന്നത്, സഖാക്കളുടെ പോരാട്ടരീതിയിലെ വ്യത്യാസമാണ് ഇത്തരം വളരെ വ്യത്യസ്തമായ ഫലങ്ങൾക്ക് കാരണമായതെന്നാണ്. ഈ മനസ്സിലാക്കലിൽ അടിസ്ഥാനപരമായി തെറ്റൊന്നുമില്ല. പക്ഷേ അൽപം കൂടി വിമർശനപരമായി നിങ്ങളിതിനെ വിശകലനം ചെയ്താൽ ഒരു സഖാവ് ഓരോ നിമിഷത്തിലും പോരാടുന്നതിനൊപ്പം, വിട്ടുവീഴ്ചകളും ചെയ്യുന്നു, അതായത്, പോരാട്ടവും വിട്ടുവീഴ്ചയും മനസ്സിന്റെ അകത്തളത്തിൽ, ഒരു അതിസൂക്ഷ്മ സങ്കീർണതയിൽ ഒരുമിച്ച് നടക്കുന്നു എന്ന് വ്യക്തമാകും. ഈ സങ്കീർണപ്രക്രിയമൂലം വൈവിധ്യവും സങ്കീർണവുമായ ജീവിതത്തിന്റെ വൈരുദ്ധ്യങ്ങളിലും പൊരുത്തക്കേടിലും ആർക്കും മുൻകൂട്ടി പറയാൻ കഴിയാത്ത പല ഫലങ്ങളും ഉണ്ടാകുന്നു. ഒരു പാർട്ടി പ്രവർത്തകനെന്ന നിലയിൽ ഒരു സഖാവിന്റെ വൈദഗ്ദ്ധ്യത്തെ




കുറിച്ച് പലരും വളരെനല്ല അഭിപ്രായം സൂക്ഷിക്കുമ്പോൾ, ഭാവിയിൽ ആ സഖാവ് എങ്ങനെ മാറും എന്നകാര്യം നമുക്ക് പ്രവചിക്കാൻ സാധിക്കുമോ? നമുക്കു കഴിയും, പക്ഷേ നമുക്കു കഴിയുന്നില്ല. പിന്നെ എന്തുകൊണ്ടാണ് ഒരു കമ്മ്യൂണിസ്റ്റ് മരിക്കുന്ന ദിനം വരെ പരീക്ഷണത്തെ അതിജീവിക്കണമെന്ന് നാം പറയുന്നത്? കാരണം, ജീവിതത്തിൽ ഒരു പരീക്ഷയും അവസാനത്തേതല്ല. ഇന്ന് പരീക്ഷയിൽ വിജയിയാകുന്നയാൾ നാളെ മറ്റൊരു പരീക്ഷയിൽ പരാജയപ്പെടാം. ഇത്തരം സാഹചര്യങ്ങളിൽ, ഈ മാറ്റങ്ങളെയോ സംഭവവികാസങ്ങളെയോ നിയന്ത്രിക്കുന്ന ഒരു നിയമവുമില്ലെന്ന് നമുക്കു പറയാൻ സാധിക്കുമോ? അങ്ങനെ ഉറപ്പിക്കുന്നത് തീർച്ചയായും ശരിയല്ല. മറുവശത്ത്, നിയമത്താൽ നിയന്ത്രിക്കപ്പെടുന്നതാണ് എന്നതുകൊണ്ടു മാത്രം ഒരു സഖാവിന്റെ വികാസത്തിലെ വഴിത്തിരിവ് നമുക്ക് കൃത്യമായി പ്രവചിക്കാൻ കഴിയുമോ? നിശ്ചിതത്വവാദം പ്രവർത്തിക്കുന്നുണ്ട് സംശയമില്ല. പക്ഷേ, ഇവിടെ പൂർവ്വനിശ്ചിതത്വവാദമോ, വിധിവാദമോ ഇല്ല. മറിച്ച്, ഒരു സഖാവിന്റെ ജീവിതസമരത്തിലെ വികാസത്തെക്കുറിച്ച് പറയുമ്പോൾ, നമുക്ക് സാധ്യമായ ഒരു ഫലത്തെക്കുറിച്ചു മാത്രമേ പറയാൻ സാധിക്കൂ. അതായത്, സാധ്യത മാത്രമേ നമുക്ക് പറയാൻ കഴിയൂ. പക്ഷേ ഈ സാധ്യതയെന്നത്, ആ സഖാവിന്റെ കാര്യത്തിലെ ഫലമെന്തായാലും അത് വർജിക്കാനാവാത്തത് അഥവാ അനിവാര്യമായതോ തീർച്ചയുള്ളതോ ആണെന്ന് അർത്ഥമാക്കുന്നില്ല. നിശ്ചിതത്വവാദത്തെ കുറിച്ചുള്ള മാർക്സിസ്റ്റ് സങ്കൽപത്തെ യുക്തിവിചാരത്തിന്റെ മിഥ്യാബോധമെന്ന് കുറ്റപ്പെടുത്തുകയും, ആ ദുർബലന്യായം പറഞ്ഞ് നിശ്ചിതത്വവാദത്തെ മാത്രമല്ല, മാർക്സിസത്തെതന്നെ നിരാകരിക്കുകയും ചെയ്യുന്നവർ, ശാസ്ത്രത്തിലെ പുതിയ കണ്ടെത്തലുകളുടെ വെളിച്ചത്തിൽ നിശ്ചിതത്വവാദത്തെ പുതുതായി മനസ്സിലാക്കാൻ ശ്രമിക്കേണ്ടതുണ്ട്.

**കാരണങ്ങളുടെ ബഹുത്വം- ഒരു തെറ്റായ ധാരണ**

നിശ്ചിതത്വവാദം കൂടാതെ, കാരണങ്ങളുടെ ബഹുത്വം എന്ന വിഷയവും, മാർക്സിസത്തെ തകർക്കുവാനുള്ള പ്രയത്നത്തിൽ ആശയവാദികൾ ആക്രമണത്തിന് ഉപയോഗിക്കുന്നുണ്ട്. പല കാരണങ്ങളും ഒരേ സംഭവത്തെയോ പ്രതിഭാസത്തെയോ സൃഷ്ടിക്കാമെന്നതാണ് അവരുടെ ന്യായവാദം. ഒരു സംഭവത്തിനുപിന്നിൽ ഒരൊറ്റ കാരണംമാത്രം പ്രവർത്തിക്കുന്നു എന്ന് പറയുന്നത് തെറ്റാണെന്ന് അവർ കരുതുന്നു. ശരിയാണ്, പ്രത്യേക സംഭവങ്ങൾ പരാമർശിക്കുമ്പോൾ, വ്യത്യസ്തമായ പല കാരണങ്ങളാണ് ഒരു പ്രത്യേക സംഭവം ഉണ്ടാക്കിയതെന്ന് ആളുകൾ വളരെ സാമാന്യമായും അലസമായും പറയുന്നത് നാം കേൾക്കാറുണ്ട്. അതായത്, ഒരു പ്രത്യേകസംഭവം ഉണ്ടാകാൻ കുറേയേറെ കാരണങ്ങൾ പ്രവർത്തിച്ചു. പക്ഷേ, അലസമായി പറയുന്നതും, പറയുന്നതിന്റെ താത്വികമായ വിവക്ഷ തിരിച്ചറിയുന്നതും വ്യത്യസ്തമായ കാര്യങ്ങളാണ്. ഒരു പ്രത്യേകകാര്യം സംഭവിച്ചത് ഒരു കൂട്ടം കാരണങ്ങളാലാണെന്ന് നാം അലസമായി പറയുമ്പോൾ, ഇവിടെ ഉപയോഗിക്കുന്ന കാരണം എന്ന പദം, ഒരു ഘടകം അല്ലെങ്കിൽ ഒരു ഉപാധി എന്നാണ് അർത്ഥമാക്കുന്നതെന്ന് മനസ്സിലാക്കണം. അതിന് കാരണങ്ങളുടെ ബഹുത്വം എന്ന സങ്കൽപവുമായി യാതൊരു ബന്ധവുമില്ല.

> **ഇന്നും നമ്മുടെ സമൂഹം ജാതിയുടെ ശാപം പേറുന്നതിന്റെ പ്രധാനകാരണം, നമ്മുടെ സ്വാതന്ത്ര്യസമരനേതൃത്വം അവശ്യം ഏറ്റെടുക്കേണ്ടിയിരുന്ന, സമൂഹത്തിന്റെ ജനാധിപത്യവൽക്കരണത്തിനായുള്ള സാമൂഹ്യ-സാംസ്കാരിക പ്രസ്ഥാനത്തെ അവഗണിക്കുകയും, അത് പൂർത്തീകരിക്കാതിരിക്കുകയും ചെയ്തതാണ്. ബൂർഷ്വാ കക്ഷികളും, ഇടതെന്ന് വിളിക്കപ്പെടുന്നവർ പോലും, സങ്കുചിത നേട്ടങ്ങൾക്കായി, ജാതിയുടെയും മതത്തിന്റെയും മറ്റ് വിഭാഗീയ ചിന്തകളുടെയും കൂട്ടുപിടിക്കുന്നു.**

പക്ഷേ നമ്മൾ സൈദ്ധാന്തികതലത്തിലെ ഒരു ചോദ്യത്തെ പരിശോധിക്കുമ്പോൾ, നമുക്ക് അതിനെ അതിന്റെ സാമാന്യ അർത്ഥത്തിലോ പ്രയോഗത്തിലോ എടുക്കാൻ കഴിയില്ല. നിശ്ചിതത്വവാദത്തെ കുറിച്ച് ചർച്ച ചെയ്തപ്പോൾ നമ്മൾ തൊട്ടുമുന്നേ കണ്ടതുപോലെ, ഏതു മേഖലയിലും മാറ്റത്തിന്റെ പാതയിലെ ഒരു ബിന്ദുവിൽ അനവധി സാധ്യതകൾ നിലനിൽക്കുമ്പോൾ, ഏതു പാതയിലൂടെ വികാസം ആത്യന്തികമായി പൂർണത നേടും എന്നത് നമുക്ക് യഥാർത്ഥത്തിൽ പ്രവചിക്കാൻ സാധിക്കുകയില്ല. *എ* എന്നൊരു വസ്തുവുണ്ടെന്ന് സങ്കൽപിക്കുക. ഒരു പ്രത്യേകഘട്ടത്തിലെ അതിന്റെ മാറ്റത്തിന്റെ ഗതിയിൽ, *ബി, സി, ഡി, ഇ* എന്നിങ്ങനെ മാറുവാനുള്ള നിരവധി ബദൽ സാധ്യതകൾ അതിനുമുമ്പാകെ ഉണ്ടായിരിക്കും. അത് എങ്ങോട്ടുപോകും എന്ന് മുൻകൂട്ടി നമുക്ക് പറയുവാൻ സാധിക്കുകയില്ല. പക്ഷേ, മാറ്റം എന്തുതന്നെയായാലും, *എ*-ൽ നിന്ന് *ബി*-ലേക്ക്, *എ*-ൽ നിന്ന് *സി*-ലേക്ക്, *എ*-ൽ നിന്ന് *ഡി*,ലേക്ക്, എന്നിങ്ങനെ നിശ്ചിതമായ മാറ്റം നിയമവിധേയമായി നടക്കും എന്ന് നമുക്ക് ഉറപ്പിച്ചുപറയാൻ സാധിക്കും. മാറ്റത്തിന്റെ ഏതൊരു പ്രക്രിയയിലും സംഘർഷങ്ങളുടെ ബഹുത്വമാണ് പ്രവർത്തിക്കുന്നത്, കാരണങ്ങളുടെ ബഹുത്വമല്ല. സംഭവം എന്തുതന്നെയായാലും, ഒരു പ്രത്യേക സംഭവത്തിനുപിന്നിൽ ഒരു പ്രത്യേക കാരണമുണ്ട്.

തത്വചിന്തയിൽ, ഈ വിഷയത്തിൽ ഒരു ആശയം ഉണ്ട്. ഫലത്തിന്റെ തൊട്ടുമുന്നേയുള്ള അവസ്ഥയാണ് കാരണം എന്നതാണത്. അതായത്, ഒരു സാഹചര്യത്തിലേക്ക് പക്വത പ്രാപിക്കുകയും, ഒരു സംഭവം നടക്കുന്നതിന് പ്രേരിപ്പിക്കുകയും ചെയ്യുന്ന പരസ്പരപ്രവർത്തനമാണത്. ഒന്നിലധികം ഘടകങ്ങളുടെയോ അവസ്ഥകളുടെയോ പ്രവർത്തന-പ്രതിപ്രവർത്തന-പരസ്പര പ്രവർത്തനത്തിനിടയിൽ, ഒരു മാറ്റത്തിനായുള്ള സാഹചര്യമോ അവസ്ഥയോ പക്വത പ്രാപിക്കുമ്പോൾ, അതായത്, ഒരു പ്രത്യേക മാറ്റം സംഭവിക്കുന്നതിന് അനുയോജ്യമായ അവസ്ഥ പക്വത പ്രാപിക്കുമ്പോൾ, അത്, ആ മാറ്റത്തിന് തൊട്ടുമുന്നേയുള്ള അവസ്ഥയായി മാറുന്നു. ഈ അവസ്ഥ രൂപം കൊള്ളുകയോ പക്വത പ്രാപിക്കുകയോ ചെയ്യുന്ന ആ ക്ഷണത്തിൽ, ഫലം ഉളവാകുന്നു. ഇതാണ് ശരിയായ ധാരണ.

ശേഷം അടുത്ത ലക്കത്തിൽ

# അയോദ്ധ്യ കേസ്

# പരമോന്നത കോടതി വിധി പരമമായ നീതി നിഷേധം

**എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) ജനറൽ സെക്രട്ടറി സഖാവ് പ്രൊവാഷ് ഘോഷ് നവംബർ 10ന് പുറപ്പെടുവിച്ച പ്രസ്താവന**

**ക്ഷേ**ത്ര-മസ്ജിദ് തർക്കത്തെ സംബന്ധിച്ച് കോടതി വിധിയടക്കമുള്ള ഏതൊരു നടപടിയെയും വസ്തുതകളെയും കൃത്യമായി വിലയിരുത്തുകയും തീർപ്പുകൽപ്പിക്കുകയും ചെയ്യണമെങ്കിൽ, വികാരങ്ങൾക്കടിപ്പെടാതെ ചരിത്രത്തെ ആധാരമാക്കി, ശാസ്ത്രബോധത്തിലും യുക്തിചിന്തയിലും അധിഷ്ഠിതമായ വീക്ഷണത്തിലൂടെ വിലയിരുത്തേണ്ടതാവശ്യമാണ്.

ഒരു നിഗമനത്തിലെത്തുന്നതിന് മുൻപ് ചില വിഷയങ്ങൾ ഗൗരവതരമായി പരിശോധിക്കേണ്ടതുണ്ട്.

1. പുരാതനകാലത്തെ പുകൾപെറ്റ ഒരു ഇതിഹാസകാരനായ മഹർഷി വാൽമീകിയാണ് ഒരു കഥാപാത്രമായി രാമനെ തന്റെ കൃതിയിൽ അവതരിപ്പിച്ചത്. അയോദ്ധ്യയിലെ ദശരഥരാജാവിന്റെ കൊട്ടാരത്തിലാണ് രാമൻ ജനിച്ചതെന്നാണ് അതിൽ പറയുന്നത്. അല്ലാതെ പിൽക്കാലത്ത് നിർമ്മിക്കപ്പെട്ട ബാബരിമസ്ജിദ് നിലനിന്ന സ്ഥാനത്തായിരുന്നില്ല.

2. 1528ലാണ് ബാബ്റി മസ്ജിദ് നിർമ്മിക്കപ്പെട്ടത്. അവിടെയാണ് രാമന്റെ ജന്മസ്ഥലമെന്ന് അവകാശപ്പെട്ടുകൊണ്ട് ആരും തന്നെ അക്കാലത്ത് തർക്കമുന്നയിച്ചിരുന്നില്ല. 1574–75 വർഷങ്ങളിൽ 'രാമചരിതമാനസം' രചിക്കുകയും ഹിന്ദുക്കളുടെയിടയിൽ രാമനെ ജനകീയമാക്കുകയും ചെയ്ത കവി തുളസിദാസ്പോലും രാമന്റെ ജന്മസ്ഥലത്താണ് മസ്ജിദ് പണിതതെന്ന് സൂചിപ്പിച്ചതേയില്ല.

3. കൃഷ്ണചൈതന്യൻ, രാമകൃഷ്ണപരമഹംസൻ, വിവേകാനന്ദൻ തുടങ്ങി ആദരിക്കപ്പെടുന്ന ഹിന്ദുമതപ്രയോക്താക്കളാരുതന്നെ രാമൻ ജനിച്ച സ്ഥലത്താണ് മസ്ജിദ് പണിതതെന്ന വാദം ഒരിക്കലും ഉയർത്തിയിരുന്നില്ല. രാമനെ ഒരു ചരിത്രപുരുഷനെന്ന് കരുതുന്നതിന്റെ ആധികാരികതയെപ്പോലും വിവേകാനന്ദൻ ചോദ്യം ചെയ്തിട്ടുണ്ട്.

4. ബാബ്റി മസ്ജിദിന്റെ മൂന്ന് നൂറ്റാണ്ട് കാലത്തെ ചോദ്യം ചെയ്യപ്പെടാത്ത നിലനില്പിന് ശേഷം ബ്രിട്ടീഷ് ഭരണകാലത്ത്, 1885ൽ ചില ഹിന്ദു പുരോഹിതന്മാർ ഇക്കാര്യത്തിൽ ഒരു തർക്കമുന്നയിച്ചു. പക്ഷെ അവരുടെ വാദം തെളിയിക്കുന്ന മൂർത്തവും ഗണനീയവുമായ തെളിവുകളൊന്നുംതന്നെ അവർ മുന്നോട്ടുവച്ചില്ല. എന്നാൽ, ശിപായി ലഹളയ്ക്ക് ശേഷമുള്ള അസ്വാസ്ഥ്യം നിറഞ്ഞ കാലത്ത് ഹിന്ദുക്കൾക്കും മുസ്ലീങ്ങൾക്കുമിടയിൽ വിള്ളലുണ്ടാക്കുകയെന്ന ഉദ്ദേശത്തോടെ ബ്രിട്ടീഷ് സാമ്രാജ്യത്വ ഭരണാധികാരികൾ ഈ തർക്കമുയർത്തുന്നതിനെ പ്രോൽസാഹിപ്പിച്ചു.

5. നിസ്ക്കാര പ്രാർത്ഥനകൾ നിർത്തിവയ്പ്പിക്കുകയെന്ന ഉദ്ദേശത്തോടെ 1949ൽ രാത്രിയുടെ മറവിൽ മസ്ജിദ് കോമ്പൗണ്ടിനുള്ളിൽ രഹസ്യമായി രാമപ്രതിമ കൊണ്ടുവച്ചു. 1986ൽ ഹിന്ദു വോട്ടുകൾ നേടിയെടുക്കുകയെന്ന ഉദ്ദേശത്തോടെ കോൺഗ്രസ് നേതാവും അന്ന് പ്രധാനമന്ത്രിയുമായിരുന്ന രാജീവ് ഗാന്ധി പള്ളിയുടെ പിൻവശത്തെ വാതിൽ രാമപൂജയ്ക്കുവേണ്ടി തുറന്നുകൊടുത്തു. ഈ നടപടിക്ക് ബദലായി ഹിന്ദുവോട്ടിൻമേൽ പരിപൂർണ്ണ നിയന്ത്രണം സ്ഥാപിക്കാനായി ബിജെപി-സംഘപരിവാർ ശക്തികൾ, തുടക്കത്തിൽ, വർഗ്ഗീയ കലാപങ്ങൾ ആളിക്കത്തിച്ചുകൊണ്ട് രാമരഥയാത്ര ആരംഭിച്ചു. തുടർന്ന് ഒരു ചരിത്രസ്മാരകമായ ബാബ്റി മസ്ജിദ് തകർത്തു.

6. ഇന്നത്തെ അയോദ്ധ്യയുടെ പുരാവസ്തുപരമായ ഭൂതകാലത്തെ സംബന്ധിച്ച കണ്ടെത്തലുകളെച്ചൊല്ലി ആർക്കിയോളജിസ്റ്റുകൾക്കിടയിൽ അഭിപ്രായവ്യത്യാസങ്ങളുണ്ട്. തങ്ങളുടെ വിധി പ്രസ്താവിക്കുന്നതിന് സുപ്രീം കോടതി അവലംബിച്ചതായി പറയപ്പെടുന്ന ആർക്കിയോളജിക്കൽ സർവ്വെ ഓഫ് ഇന്ത്യയുടെ പ്രത്യേക കണ്ടെത്തലുകളെയും വ്യാഖ്യാനങ്ങളെയും അംഗീകരിക്കുകയാണെങ്കിൽതന്നെ ആരോപിക്കപ്പെടുന്നതുപോലെ രാമന്റെ ജന്മസ്ഥലത്താണ് മസ്ജിദ് പണിതതെന്ന് അത് തെളിയിക്കുന്നില്ല. പുരാതനകാലത്ത് അവിടെയുമിവിടെയുമൊക്കെ പല നിർമ്മിതികളും ഉണ്ടായിരുന്നു. അവയെല്ലാം ഇപ്പോൾ ഭൂമിക്കടിയിലാണ്. പര്യവേക്ഷണം നടത്തുമ്പോൾ ഇവയിൽ ചിലതൊക്കെ കണ്ടെത്താറുണ്ട്. അവയെ സംബന്ധിച്ച് പരസ്പരവിരുദ്ധങ്ങളായ പുരാവസ്തുശാസ്ത്ര വ്യാഖ്യാനങ്ങൾ മുന്നോട്ടുവയ്ക്കാറുമുണ്ട്. പല ബുദ്ധക്ഷേത്രങ്ങളും സ്തൂപങ്ങളും തകർക്കപ്പെടുകയും അവയുടെ സ്ഥാനത്ത് ഹൈന്ദവ ക്ഷേത്രങ്ങൾ സ്ഥാപിക്കപ്പെടുകയും ചെയ്തിട്ടുണ്ടെന്നുപോലും തെളിവുകളുണ്ട്. ഈ ഹൈന്ദവക്ഷേത്രങ്ങളൊക്കെ ഇന്നിപ്പോൾ പൊളിച്ചുകളയണമെന്നും ആ സ്ഥാനത്ത് ബുദ്ധക്ഷേത്രങ്ങൾ പണിയണമെന്നും ആവശ്യപ്പെട്ടാൽ അത് ന്യായീകരിക്കാനാവുമോ?

7. 1949ൽ രാമന്റെ പ്രതിമ കൊണ്ടുവച്ച നടപടിയെയും 1992ൽ ബാബ്റിമസ്ജിദ് തകർത്തതിനെയും നിയമവിരുദ്ധപ്രവൃത്തി എന്ന് പറഞ്ഞ് വിമർശിക്കുകയും, ക്ഷേത്രം തകർത്തല്ല ബാബ്റി മസ്ജിദ് പണിതതെന്ന വാദം സ്വീകരിക്കുകയും "മതഗ്രന്ഥങ്ങളുടെ വ്യാഖ്യാനങ്ങൾക്ക് അസംഖ്യം അനുമാനങ്ങളിലേക്ക് വഴിപ്പെടാൻ സാധിക്കും" എന്ന് അംഗീകരിക്കുകയും ചെയ്യുമ്പോൾതന്നെ, വിചിത്രമെന്ന് പറയട്ടെ, "വിശ്വാസവും ഭക്തിയും യഥാർത്ഥമാണെന്നും നാട്യമല്ലെന്നും മനസ്സിലാക്കാൻ കോടതിക്ക് അകൃത്രിമമായ രേഖകൾ ലഭ്യമായിക്കഴിഞ്ഞാൽ ആരാധിക്കുന്നവന്റെ വിശ്വാസത്തിന്റെ പക്ഷത്തേയ്ക്ക് ചാഞ്ഞേ മതിയാകൂ" എന്ന നിഗമനത്തിലെത്തിക്കൊണ്ട്, അതിന്റെ അടിസ്ഥാനത്തിൽ രാമക്ഷേത്രം പണിയാനുള്ള ഒരു ട്രസ്റ്റ് രൂപീകരിച്ച് തർക്കവസ്തു ഒന്നാകെ അവർക്ക് കൈമാറണമെന്നും മുസ്ലിങ്ങൾക്ക് ഒരു പള്ളി പണിയാനായി അഞ്ചേക്കർ സ്ഥലം നൽകണമെന്നുമുള്ള വിധി പ്രസ്താവിക്കുകയാണുണ്ടായത്. സംഘപരിവാറിന് ഇതൊരു പാരിതോഷികവും, ന്യൂനപക്ഷസമുദായത്തോടുള്ള സഹതാപപ്രദർശനവുമെന്നാണ് മനസ്സിലാക്കാവുന്നത്.

സ്വാഭാവികമായും ബിജെപിയും സംഘപരിവാറും തങ്ങൾക്ക് ലഭിച്ച വിജയത്താൽ ഉല്ലാസഭരിതരാകുകയും ഒരു ചരിത്രസ്മാരകത്തെ തകർത്ത അവരുടെ കുറ്റകൃത്യത്തെ ജുഡിഷ്യറി സാധുവാക്കിയതായി കണ്ടെത്തുകയും ചെയ്തു. പക്ഷെ, ഇത് രാജ്യത്തെ ജനാധിപത്യ-മതേതര വിശ്വാസികളിലും വിവേകമതികളായ ജനങ്ങളിലും ഉത്ക്കണ്ഠയും വേദനയും സൃഷ്ടിക്കുകയും ജുഡീഷ്യറിയുടെ നിഷ്പക്ഷതയിലും നീതിനിഷ്ഠയിലും സംശയം ജനിപ്പിക്കുകയും ചെയ്തു.

എല്ലാ നിയമ തത്വങ്ങളും, നീതിശാസ്ത്ര പാഠങ്ങളും, നൈതികതയും അവഗണിച്ചുകൊണ്ടുള്ള, ഫലത്തിൽ പരമമായ നീതി നിഷേധമായിക്കൂടിയാണ് പരമോന്നത കോടതിയുടെ വിധിയെ ഞങ്ങൾ കണക്കാക്കുന്നത്. ഇതേവരെ ജനാധിപത്യ നീതിശാസ്ത്രത്തിന്റെ ചരിത്രത്തിലെവിടെയും മതവിശ്വാസത്തെ നിയമത്തിനും ചരിത്രത്തിലധിഷ്ഠിതമായ തെളിവിനും മുകളിലായി പ്രതിഷ്ഠിച്ചിട്ടില്ല. അതിനാൽതന്നെ മതഉന്മത്തത ഉത്തേജിപ്പിക്കുന്ന വിധത്തിൽ, ദൂരവ്യാപകമായ ഫലമുളവാക്കുന്ന, ഗുരുതരമായ കീഴ്‌വഴക്കം ഇതുവഴി സൃഷ്ടിക്കപ്പെട്ടിരിക്കുകയാണ്.

ഈ അഭിപ്രായങ്ങൾ പരിശോധിക്കണമെന്നും ജനാധിപത്യാവകാശങ്ങൾക്കും മതേതര മൂല്യങ്ങൾക്കും ജുഡിഷ്യറിയുടെ നിഷ്പക്ഷതയ്ക്കുമെതിരെയുള്ള ആക്രമണങ്ങളെ ചെറുക്കണമെന്നും ജനങ്ങളുടെ ഐക്യം കാത്തു സൂക്ഷിക്കണമെന്നും ഞങ്ങൾ ജനങ്ങളോട് ആഹ്വാനം ചെയ്യുന്നു. ■

# കെഎസ്ആർടിസി തൊഴിലാളികളുടെ സെക്രട്ടേറിയറ്റ് മാർച്ച്

**കെ** എസ് ആർ ടി സിയെ സർക്കാർ ഡിപ്പാർട്ടുമെൻറാക്കുക, സ്വകാര്യവൽക്കരണ നീക്കം ഉപേക്ഷിക്കുക, വാടകവണ്ടി സമ്പ്രദായം നിർത്തലാക്കുക, മുഴുവൻ താൽക്കാലിക ജീവനക്കാരെയും സ്ഥിരപ്പെടുത്തുക, ശമ്പളം മുടക്കം കൂടാതെ നൽകുക, യാത്രാക്ലേശം പരിഹരിക്കുക, പുതിയ ബസ്സുകൾ നിരത്തിലിറക്കുകയും ഷെഡ്യൂളുകളുടെ എണ്ണം വർദ്ധിപ്പിക്കുകയും ചെയ്യുക, ശമ്പളപരിഷ്കരണം നടപ്പിലാക്കുക, ആശാസ്ത്രീയമായ ഡ്യൂട്ടി പാറ്റേൺ പരിഷ്കരണം പിൻവലിക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് കെഎസ്ആർടിസി വർക്കേഴ്സ് ഫെഡറേഷനും എംപാനൽ കൂട്ടായ്മയും സംയുക്തമായി സെക്രട്ടറിയേറ്റ് മാർച്ചും ധർണ്ണയും നടത്തി.

ജനകീയ പ്രതിരോധ സമിതി സംസ്ഥാന വൈസ് പ്രസിഡൻറ് ജയ്സൺ ജോസഫ് പരിപാടി ഉദ്ഘാടനം ചെയ്തു. ജനങ്ങളുടെ പൊതുസ്വത്തായ കെഎസ്ആർടിസിയെ തകർക്കുന്ന നയ-നടപടികളാണ് സംസ്ഥാന സർക്കാർ കൈക്കൊള്ളുന്നത്. ഇതിനെതിരെ തൊഴിലാളി-ബഹുജന പ്രക്ഷോഭണം വളർത്തിയെടുക്കണം. കെഎസ്ആർടിസിയെ സ്വകാര്യവൽക്കരിക്കുവാൻ നീക്കം നടത്തുന്ന സംസ്ഥാന സർക്കാരിന് കേന്ദ്രത്തിന്റെ സ്വകാര്യവൽക്കരണത്തെ എതിർക്കുവാൻ എന്ത് ധാർമ്മികതയാണുള്ളതെന്ന് അദ്ദേഹം പേറഞ്ഞു.

കെഎസ്ആർടിസി വർക്കേഴ്സ് ഫെഡറേഷൻ സംസ്ഥാന പ്രസിഡൻറ് എസ്.സീതിലാൽ അദ്ധ്യക്ഷത വഹിച്ചു. എംപാനൽ താൽക്കാലിക ജീവനക്കാരെ പിരിച്ചുവിട്ട് തെരുവാധാരമാക്കുകയല്ല മറിച്ച് സ്ഥിരപ്പെടുത്തുകയാണു വേണ്ടതെന്ന് അദ്ദേഹം ആവശ്യപ്പെട്ടു.

തമ്പാനൂർ ബസ് സ്റ്റേഷനിൽ നിന്നും ആരംഭിച്ച മാർച്ചിൽ നൂറുകണക്കിനു തൊഴിലാളികൾ അണിനിരന്നു. എംപാനൽ കൂട്ടായ്മ സംസ്ഥാന സെക്രട്ടറി എം.ദിനേശ് ബാബു മുഖ്യപ്രസംഗം നടത്തി. എഐയുടിയുസി സംസ്ഥാന പ്രസിഡൻറ് ആർ.കുമാർ, വർക്കേഴ്സ് ഫെഡറേഷൻ ജനറൽ സെക്രട്ടറി ജി.മധുസൂദനൻ പിള്ള, എംപാനൽ കൂട്ടായ്മ പ്രസിഡൻറ് എസ്.ഡി.ജോഷി വർക്കേഴ്സ് ഫെഡറേഷൻ സംസ്ഥാന ട്രഷറർ എം.എൻ.അനിൽ എന്നിവർ പ്രസംഗിച്ചു. എഐയുടിയുസി സംസ്ഥാന സെക്രട്ടറി വി.കെ.സദാനന്ദൻ, വർക്കേഴ്സ് ഫെഡറേഷൻ നേതാക്കളായ പി.എം.ദിനേശൻ, പി.രാമചന്ദ്രൻ, ആർ.എബി, കെ.ജി.സുരേഷ്കുമാർ, പി.ജെ.ലൂക്ക, എംപാനൽ കൂട്ടായ്മ നേതാക്കളായ മാഹീൻ കുഞ്ഞ്, ദീപ് ഡി.ആനന്ദ് തുടങ്ങിയവർ നേതൃത്വം നൽകി. ■



**കേരള സംസ്ഥാന ജനകീയ പ്രതിരോധ സമിതി സംസ്ഥാന വൈസ് പ്രസിഡന്റ് ജയിസൺ ജോസഫ് ധർണ്ണ ഉദ്ഘാടനം ചെയ്യുന്നു**

# വിപത്കരമായ റെയിൽവേ സ്വകാര്യവല്ക്കരണത്തെ ചെറുക്കുക

**സ്വാതന്ത്ര്യം ലഭിച്ച ഉടൻതന്നെ കേന്ദ്ര ഗവൺമെന്റ് പല ഘന വ്യവസായങ്ങളും സ്ഥാപിക്കുകയുണ്ടായി. ദേശീയ പുനർനിർമ്മാണമെന്ന പേരിലായിരുന്നെങ്കിലും ഇന്ത്യൻ കുത്തകകളുടെ താല്പര്യം സംരക്ഷിക്കുകയായിരുന്നു ലക്ഷ്യം. ഇന്ത്യൻ മുതലാളിത്തം ആഴമാർന്ന പ്രതിസന്ധിയിൽ അകപ്പെട്ടതോടെ മുതലാളിവർഗ്ഗ സേവകരായ ഗവൺമെന്റുകൾ ലാഭകരമായ പൊതുമേഖലാ സ്ഥാപനങ്ങൾ മുതലാളിമാർക്ക് കൈമാറാൻ തുടങ്ങി. അവർക്ക് പരമാവധി ലാഭം കൊയ്തെടുക്കാൻ ഇത് അവസരമൊരുക്കി. കഴിഞ്ഞ മൂന്ന് പതിറ്റാണ്ടുകൾക്കിടയിൽ അടിസ്ഥാന വ്യവസായങ്ങൾപോലും സ്വകാര്യവൽക്കരിക്കുന്ന പ്രക്രിയയും ആരംഭിച്ചുകഴിഞ്ഞു. രാജ്യത്തെ ഏറ്റവും വലിയ പൊതുമേഖലാ വ്യവസായവും സമ്പദ്ഘടനയുടെ ജീവധാരയുമായ റെയിൽവേയും ഇതിൽ ഉൾപ്പെടുന്നു.**



**1853ൽ** സ്ഥാപിതമായ ഇന്ത്യൻ റെയിൽവേ സുഘടിതവും ഏകോപിതവുമായ ഒരു ഗതാഗത, വാർത്താവിനിമയ സംവിധാനമായി വികസിച്ചു. കേന്ദ്രീകൃതമായ ഒരു കമ്പോളാധിഷ്ഠിത സമ്പദ്ഘടനയും ഭരണ സംവിധാനവും വികസിപ്പിച്ചെടുക്കുന്നതിലും രാജ്യത്തിന്റെ നാനാ മേഖലകൾതമ്മിൽ ദ്രുതഗതിയിലുള്ള പരസ്പരബന്ധം വളർത്തിയെടുക്കുന്നതിലും സഹായകമായി വർത്തിച്ചുകൊണ്ട്, രാഷ്ട്ര നിർമ്മാണ പ്രക്രിയയിൽത്തന്നെ റെയിൽവേ സുപ്രധാന പങ്കുവഹിച്ചു. വേഗമാർന്നതും സുരക്ഷിതവും ആശ്രയിക്കത്തക്കതും ജനകീയവും വ്യാപകമായി അംഗീകരിക്കപ്പെട്ടതുമായ സേവനങ്ങളിലൂടെയും യാത്രാ–ചരക്ക് ഗതാഗതത്തിന്റ മുഖ്യരൂപമെന്ന നിലയിലും സുസ്ഥിരമായ സാമ്പത്തിക വളർച്ച നേടുന്നതിലും വികസന പ്രക്രിയയെ വിപ്ലവവൽക്കരിക്കുന്നതിലും റെയിൽവേ നിർണ്ണായക പങ്കുവഹിച്ചു. വിദൂര സ്ഥലങ്ങളെയും മുക്കിലും മൂലയിലുമുള്ള ജനങ്ങളെയും പരസ്പരം ബന്ധിപ്പിച്ചുകൊണ്ട് രാജ്യത്തിന്റെ ഐക്യവും അഖണ്ഡതയും കാത്തുപുലർത്തുന്നതിലും റെയിൽവേയ്ക്ക് വലിയ സ്ഥാനമുണ്ട്.

1951ൽ ദേശസാൽക്കരിക്കപ്പെട്ട ഇന്ത്യൻ റെയിൽവേ, വലിപ്പത്തിൽ ലോകത്തെ നാലാമത്തെ റെയിൽവേ ശൃംഖലയും രാജ്യത്തെ ഏറ്റവും വലിയ പൊതുമേഖലാ സംരംഭവുമാണ്. 1991ൽ അധികാരത്തിലിരുന്ന കോൺഗ്രസ്സ് ഗവൺമെന്റ് ഇന്ത്യൻ സമ്പദ്ഘടനയിൽ ഉദാരവൽക്കരണ നയം നടപ്പിലാക്കാനും ഗവൺമെന്റ് ഉടമസ്ഥതയിലുള്ള വ്യവസായങ്ങളുടെ ഓഹരി വിറ്റഴിക്കാനും തുടങ്ങി. അതിന്റെ ഭാഗമായി, റെയിൽവേയുടെ പ്രവർത്തനം മെച്ചപ്പെടുത്താനെന്ന പേരിൽ പല കമ്മിറ്റികൾക്കും രൂപംനൽകി. 1994ൽ രൂപീകരിച്ച 'പ്രകാശ് ടാൻഡൻ കമ്മിറ്റി'യായിരുന്നു അതിലാദ്യത്തേത്. ആ കമ്മിറ്റിയുടെ ശുപാർശപ്രകാരം റെയിൽവേയുടെ കാറ്ററിംഗ് സംവിധാനം ഐആർസിടിസിക്ക് കൈമാറുകയും ചരക്ക് ഗതാഗതത്തിന് ഒരു കണ്ടെയ്നർ കോർപ്പറേഷൻ രൂപീകരിക്കുകയും ചെയ്തു. തുടർന്ന് ഓഫീസ് ജോലി, അറ്റകുറ്റപ്പണി, കേടുപാടുതീർക്കൽ, ശുചീകരണം തുടങ്ങി പല സേവനങ്ങളും സ്വകാര്യവൽക്കരിച്ചു. സ്ഥിരം നിയമനം ഒഴിവാക്കി കരാർ നിയമനവും തുടങ്ങി. പിന്നീട് 2002ൽ, ബിജെപി ഭരണകാലത്ത് 'രകേഷ് മോഹൻ കമ്മിറ്റി' നിയമിതമായി. റെയിൽവേയുടെ സാമൂഹികമായ പങ്കും വാണിജ്യപരമായ പങ്കും വേർതിരിക്കാൻ ഈ കമ്മിറ്റി ശുപാർശ ചെയ്തു. അതിന്റെ അടിസ്ഥാനത്തിൽ, ഗതാഗതവുമായി നേരിട്ട് ബന്ധപ്പെട്ട മേഖലയെ 'കോർ' എന്നും അല്ലാത്ത മേഖലകളെ 'നോൺ കോർ' എന്നും രണ്ടായി തിരിച്ചു. റെയിൽവേ നടത്തിയിരുന്ന സ്കൂളുകൾ, ആശുപത്രികൾ, അച്ചടിശാല തുടങ്ങിയവയൊക്കെ നിർത്തലാക്കുകയോ കരാറുകാർക്ക് നൽകുകയോ ചെയ്തു. സ്വകാര്യവൽക്കരണം ലക്ഷ്യംവച്ചുകൊണ്ട് ഏഴ് ഉല്പാദന യൂണിറ്റുകളെ കോർപ്പറേറ്റ്വൽക്കരിച്ചു. ബിജെപി രണ്ടാമതും അധികാരത്തിലെത്തിയതോടെ ഈ പ്രക്രിയയ്ക്ക് ആക്കം വർദ്ധിച്ചു. 2015ൽ രൂപീകരിച്ച 'വിവേക്ദേബ് റായ് കമ്മിറ്റി' കാതലായ പല മാറ്റങ്ങളും ശുപാർശ ചെയ്തു. സ്വകാര്യ ഏജൻസികളെ ട്രെയിൻ സർവ്വീസ് നടത്താൻ അനുവദിക്കുക, റെയിൽവേ ബജറ്റ് നിർത്തലാക്കുക, പ്രവർത്തനങ്ങൾ വികേന്ദ്രീകരിക്കുക, കോർ മേഖലയിൽ കേന്ദ്രീകരിച്ചുകൊണ്ട് നോൺകോർ മേഖലയിൽനിന്ന് അകലം പാലിക്കുക തുടങ്ങിയവയൊക്കെയായിരുന്നു നിർദ്ദേശങ്ങൾ. ആശുപത്രികൾ, സ്കൂളുകൾ, കാറ്ററിംഗ്, ഭവന നിർമ്മാണം, അടിസ്ഥാന സംവിധാനങ്ങളുടെ നിർമ്മാണവും അറ്റകുറ്റപ്പണിയും, എൻജിന്റെയും കോച്ചുകളുടെയും വാഗണുകളുടെയും സ്പെയർ പാർട്സുകളുടെയും നിർമ്മാണം, റെയിൽവേ പോലീസ് നടത്തിപ്പ് തുടങ്ങിയവയൊക്കെ നോൺ കോർ വിഭാഗത്തിൽ പെടുന്നു.

ഇതിന്റെ ഫലമായി റെയിൽവേ സ്കൂളുകൾ ഏതാണ്ട് പൂർണമായി നിർത്തലാക്കി. പതിനേഴ് മേഖലകളിലായി പ്രവർത്തിച്ചിരുന്ന, ഓരോന്നിലും 3000 മുതൽ 4000വരെ തൊഴിലാളികൾ പണിയെടുത്തിരുന്ന, ജനറൽ സ്റ്റോറുകൾ നിർത്തലാക്കാനും തീരുമാനിച്ചു. ഏഴ് ഉൽപാദന യൂണിറ്റുകളും അനുബന്ധ വർക്ഷോപ്പുകളും ഇന്ത്യൻ റെയിൽവേ റോളിംഗ്സ്റ്റോക് കമ്പനിയെ ഏൽപിക്കാനും നിർദ്ദേശമുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളുടെ ആഭ്യന്തര ഉൽപാദന ശേഷി തകർത്ത് ഉൽപാദന യൂണിറ്റുകൾ സ്വകാര്യ സംരംഭകരെ ഏൽപ്പിച്ചുകൊടുക്കുന്ന നടപടിയല്ലാതെ മറ്റൊന്നുമല്ല ഇത്. കൂറ്റൻ വർക്ഷോപ്പുകൾ ഏതാണ്ടെല്ലാംതന്നെ സ്വകാര്യ നിക്ഷേപകർക്ക് കൈമാറുകയോ അടച്ചുപൂട്ടുകയോ ചെയ്തുകഴിഞ്ഞു. ടിക്കറ്റ് വിൽപനയും പൂർണമായും സ്വകാര്യ സംരംഭകരെ ഏൽപിക്കുകയാണ്. പാസഞ്ചർ ട്രെയിൻ സർവ്വീസും സ്വകാര്യ മേഖലയെ ഏൽപിക്കാൻ റെയിൽവേ മന്ത്രാലയം തീരുമാനിച്ചിട്ടുണ്ടെന്നും തുടക്കത്തിൽ 150 ട്രെയിനുകളാണ് ഓടിക്കുകയെന്നും നീതി ആയോഗ് സിഇഒ അമിതാഭ് കാന്ത് പറയുന്നു. 50 റെയിൽവേ സ്റ്റേഷനുകൾ സ്വകാര്യ മേഖലയ്ക്ക് കൈമാറാനുള്ള പ്രക്രിയയും പുരോഗമിക്കുകയാണ്. "സമയബന്ധിതമായി" ഇത് പൂർത്തിയാക്കാൻ ഒരു കർമ്മ സമിതിക്ക് രൂപംനൽകുന്നുണ്ടെന്നും അദ്ദേഹം പറയുന്നു. രാജധാനി, ശതാബ്ദി പോലുള്ള പ്രമുഖ സർവ്വീസുകളും കൈമാറാൻ ഉദ്ദേശിക്കുന്നുണ്ട്. നാലുമാസത്തിനുള്ളിൽ ഇതിനുള്ള ടെൻഡർ നടപടികൾ പൂർത്തിയാക്കും. ന്യൂഡൽഹി-ലഖ്നൗ റൂട്ടിൽ ആദ്യത്തെ സ്വകാര്യ ട്രെയിനായ തേജസ് എക്സ്പ്രസ്സ് ഓട്ടം തുടങ്ങിക്കഴിഞ്ഞു. റെയിൽവേ എൻക്വയറി വിഭാഗവും സ്വകാര്യവൽക്കരിക്കുകയാണ്. ഈസ്റ്റേൺ റെയിൽവേയിലെ അസൻസോൾ ഡിവിഷനിലെ 9 റെയിൽവേ സ്റ്റേഷനുകളിലെ എൻക്വയറി കൗണ്ടറുകൾ സ്വകാര്യ വ്യക്തികളെ ഏൽപിക്കാൻ ടെൻഡർ വിളിച്ചുകഴിഞ്ഞു. (ഈ സമയ്, ബംഗാളി ദിനപത്രം, 2019 ഒക്ടോബർ 26)

റെയിൽവേയുടെ സ്വകാര്യവൽക്കരണവും പുറംകരാർ നൽകലുംമൂലം റെയിൽവേ ജീവനക്കാരുടെ എണ്ണം 22 ലക്ഷത്തിൽനിന്ന് ഇതിനകംതന്നെ 12 ലക്ഷമായി കുറഞ്ഞിട്ടുണ്ട്. 30 വർഷം സർവ്വീസ് പൂർത്തിയാക്കിയവരോ 55 വയസ്സ് കഴിഞ്ഞവരോ ആയ 3 ലക്ഷം പേരെക്കൂടി പിരിച്ചുവിടാൻ നടപടികൾ തുടങ്ങിയിട്ടുണ്ട്. പുനർനിയമനം നൽകിയവരെയും പിരിച്ചുവിടാൻ ഉത്തരവിട്ടിട്ടുണ്ട്. റെയിൽവേയിൽ നോൺ-ഗസറ്റഡ് വിഭാഗത്തിൽ 2.5 ലക്ഷം ഒഴിവുകൾ നിലവിലുണ്ട്. രാജ്യം സ്വാതന്ത്ര്യപ്രാപ്തിക്ക് ശേഷമുള്ള ഏറ്റവും വലിയ തൊഴിലില്ലായ്മയെ അഭിമുഖീകരിക്കുമ്പോൾ റെയിൽവേയുടെ സ്വകാര്യവൽക്കരണം എരിതീയിൽ എണ്ണയൊഴിക്കുന്ന ഫലമാണ് സൃഷ്ടിക്കുക.

വിദൂരവും അവികസിതവുമായ മേഖലകളിലേയ്ക്കും ലാഭകരമല്ലാത്ത റൂട്ടുകളിലും സർവ്വീസ് നടത്തുന്നതുപോലുള്ള സാമൂഹ്യ സേവനങ്ങൾ റെയിൽവേ അനുഷ്ഠിക്കുന്നുണ്ട്. ലാഭം മാത്രം ലാക്കാക്കിവരുന്ന സ്വകാര്യ സംരംഭകർ ഇതൊക്കെ നിർത്തലാക്കും. സ്വകാര്യവൽക്കരിക്കുന്നതോടെ യാത്രക്കൂലിയും ചരക്കുകൂലിയും കുത്തനെ കൂട്ടുമെന്ന് മാത്രമല്ല, മുതിർന്ന പൗരന്മാർ, ശാരീരിക വെല്ലുവിളി നേരിടുന്നവർ തുടങ്ങിയവർക്കൊക്കെ നൽകുന്ന ഇളവുകളും ഇല്ലാതാക്കും. ആദ്യ സ്വകാര്യ ട്രെയിനായ തേജസ് എക്സ്പ്രസ്സിലെ ടിക്കറ്റ് നിരക്ക് സാധാരണ എക്സ്പ്രസ്സ് ട്രെയിനിലെ നിരക്കിനേക്കാൾ വളരെ കൂടുതലാണ് എന്നതും കാണണം. ഭക്ഷ്യധാന്യങ്ങളും മറ്റും സൗജന്യനിരക്കിലും ദുരിതാശ്വാസ സാമഗ്രികൾ സൗജന്യമായും എത്തിക്കുന്ന സ്ഥിതിയും ഇല്ലാതാകും. റെയിൽവേ ജീവനക്കാർ പൊരുതി നേടിയ അവകാശങ്ങളും സൗജന്യങ്ങളും സ്വകാര്യവൽക്കരണത്തോടെ നഷ്ടമാകും. ചുരുക്കത്തിൽ, റെയിൽവേ എന്ന പൊതുമേഖലാ സംരംഭത്തിന്റെയും അതിലെ തൊഴിലാളികളുടെയും പൊതുജനങ്ങളുടെയും ഭാവി അനിശ്ചിതത്വത്തിലാക്കുന്നതാണ് റെയിൽവേയുടെ സ്വകാര്യവൽക്കരണം.

റെയിൽവേ ട്രാക്കുകൾ, സിഗ്നൽ സംവിധാനം, കെട്ടിടങ്ങൾ, പ്ലാറ്റ്ഫോമുകൾ തുടങ്ങിയവയൊക്കെ ജനങ്ങളുടെ സമ്പത്തായ പൊതു ഖജനാവിൽനിന്ന് പണം മുടക്കിയാണ് നിർമിച്ചിട്ടുള്ളതെന്ന് നമുക്കറിയാം. ഇവയൊക്കെ ഒരു മുടക്കുമില്ലാതെ കുത്തകകൾക്ക് ഉപയോഗിക്കാൻ കഴിയും. ഈ പൊതുസ്വത്തൊക്കെ കുത്തകകൾക്ക് നൽകാൻ ഭരിക്കുന്ന സർക്കാരിന് യാതൊരു അവകാശവുമില്ല. ഇത് പൊതുജനങ്ങളുടെ താല്പര്യത്തിന് നേർവിപരീതവുമാണ്. ശക്തമായ ട്രേഡ്യൂണിയൻ പ്രസ്ഥാനത്തിന്റെ അഭാവം മൂലമാണ് ഗവൺമെന്റിന് നിർബ്ബാധം സ്വകാര്യവൽക്കരണ നയങ്ങൾ നടപ്പിലാക്കാൻ കഴിയുന്നത്. 1974ലെ റെയിൽവേ പണിമുടക്കുപോലുള്ള ഉജ്ജ്വലമായ സമരങ്ങളുടെ പാരമ്പര്യമുള്ളവരാണ് റെയിൽവേ തൊഴിലാളികൾ. സിപിഐ, സിപിഐ(എം) പോലുള്ള സോഷ്യൽ ഡെമോക്രാറ്റിക് പാർട്ടികളുടെയുംമറ്റും അനുരഞ്ജന സ്വഭാവം മൂലമാണ് അത് തകർക്കപ്പെട്ടത്. ഇത് തടയാൻ നമ്മുടെ പാർട്ടിയും എഐയുടിയുസിയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള യൂണിയനുകളും കഠിന പ്രയത്നം നടത്തിയിരുന്നു. എന്തായാലും, റെയിൽവേയുടെയും അതിലെ തൊഴിലാളികളുടെയും ഭാവി സുരക്ഷിതമാകണമെങ്കിൽ സ്വകാര്യവൽക്കരണത്തിന് തടയിട്ടേ മതിയാകൂ. ശരിയായ നേതൃത്വത്തിൻകീഴിൽ, ശക്തവും സുദീർഘവുമായ ട്രേഡ് യൂണിയൻ സമരങ്ങൾ കെട്ടിപ്പടുത്തുകൊണ്ടേ അത് സാധ്യമാകൂ. അതോടൊപ്പംതന്നെ, സ്വകാര്യവൽക്കരണനയത്തിന്റെ അപകടം ജനങ്ങളെ ബോധ്യപ്പെടുത്തി അവരുടെ ഉറച്ച പിന്തുണയും നേടിയെടുക്കണം. ■

# ശ്രീചിത്രാ ആശുപത്രി ദരിദ്രജനവിഭാഗങ്ങൾക്ക് സൗജന്യചികിത്സ നിഷേധിക്കരുത്

തിരുവനന്തപുരത്തെ, ദേശീയ പ്രധാന്യമുള്ള ശ്രീചിത്രാ മെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽ പാവപ്പെട്ടവർക്കും സാധാരണക്കാർക്കും സൗജന്യനിരക്കിൽ ഇക്കാലമത്രയും നൽകി വന്ന ചികിത്സാ സഹായങ്ങൾ പൂർണ്ണമായി നിർത്തലാക്കുന്ന നടപടികളിലേയ്ക്ക് അധികൃതർ നീങ്ങുന്നു.

നവംബർ 21ന് ശ്രീചിത്രാ ഗവേണിംഗ് ബോഡി പുറത്തിറക്കിയ ഉത്തരവ് പ്രകാരം ഇനി മുതൽ പരമദരിദ്ര വിഭാഗങ്ങൾക്കുപോലും ഒരു വിധ സൗജന്യവും ലഭിക്കാത്ത രീതിയിലുള്ള മാനദണ്ഡങ്ങൾ കൊണ്ടുവന്നിരിക്കുന്നു. ഇക്കാലമത്രയും എ,ബി,സി,ഡി എന്നീ വിഭാഗങ്ങളിൽ എ ഗണത്തിൽപ്പെടുവന്നവർക്ക് പൂർണ്ണ സൗജന്യവും ബി കാറ്റഗറിയിൽ 60 ശതമാനവും ഡി വിഭാഗങ്ങൾക്ക് 40 ശതമാനവും ഇളവ് നൽകിയിരുന്നു. എന്നാൽ, ഇനി മുതൽ എപിഎൽ, ബിപിഎൽ എന്നീ രണ്ട് വിഭാഗങ്ങൾ മാത്രമേയുണ്ടാകൂ.

അതിൽത്തന്നെ ബിപിഎൽ വിഭാഗത്തെ രണ്ടായി വിഭജിക്കും. അതിൽ, പൂർണ്ണസൗജന്യത്തിന് അർഹരായവരെ കണ്ടെത്താൻ എന്ന പേരിൽ കണ്ണിൽ ച്ചോരയില്ലാത്ത മാനദണ്ഡങ്ങളാണ് ശ്രീചിത്രാ അധികൃതർ മുന്നോട്ടുവെച്ചിരിക്കുന്നത്.

ഇനിമുതൽ, സൗജന്യ ചികിത്സയ്ക്ക് അർഹരാകാൻ രോഗികൾക്ക് സ്വന്തമായി ഭവനമില്ലായെന്ന തദ്ദേശസ്ഥാപനങ്ങളുടെ സർട്ടിഫിക്കറ്റ് ഹാജരാക്കണം. സ്വന്തമായി ഭൂമിയുണ്ടാകാൻ പാടില്ല. അഥവാ സ്വന്തം പേരിലുള്ള ഭൂമിയെ സംബന്ധിച്ച് തദ്ദേശസ്ഥാപനത്തിന്റെ സാക്ഷ്യപത്രം ഹാജരാക്കണം. കുടുംബത്തിലെ മാറാരോഗിയുടെ ചികിത്സാ രേഖകൾ ഹാജരാക്കണം. പട്ടികജാതി-വർഗ്ഗ സർട്ടിഫിക്കറ്റ് ലഭ്യമാണെങ്കിലും കുടുംബത്തിൽ സ്ഥിരവരുമാനമുള്ള ആരുമുണ്ടാകാൻ പാടില്ലായെന്ന രേഖ ഹാജരാക്കണം. വീട്ടിൽ സ്വന്തമായി കക്കൂസ് പാടില്ല, സ്വന്തമായി കളർടിവി പാടില്ല എന്നുതുടങ്ങി പരിഷ്കൃത ലോകം കേട്ടാൽ ഞെട്ടുന്ന നിർദ്ദേശങ്ങൾ അടങ്ങിയ ഉത്തരവാണ് ശ്രീചിത്രാ അധികൃതർ പുറപ്പെടുവിച്ചത്. അഥവാ ഇനിമേൽ ആർക്കും സൗജന്യചികിത്സ നൽകില്ലായെന്ന പ്രഖ്യാപനമാണത്.

ആ ഉത്തരവിന്റെ വിശദാംശങ്ങൾ പുറത്തുവിട്ടുകൊണ്ട്, നവംബർ 29ന് കേരള സംസ്ഥാന ജനകീയ പ്രതിരോധ സമിതി ജനറൽ സെക്രട്ടറി എം.ഷാജർഖാൻ നടത്തിയ വാർത്താ സമ്മേളനത്തെതുടർന്നാണ് പ്രശ്നം മാധ്യമങ്ങളിലൂടെ പുറംലോകം അറിയുന്നത്.

പാവങ്ങൾക്ക് ചികിത്സാ സൗജന്യങ്ങൾ നിഷേധിച്ച് അവരെ പുറത്താക്കാനുള്ള നീക്കം ശ്രീചിത്രായെ സ്വകാര്യവൽക്കരിക്കുന്നതിന്റെ മുന്നോടിയാണെന്ന് അദ്ദേഹം പറഞ്ഞു. കേന്ദ്ര സർക്കാരിന്റെ ശാസ്ത്ര-സാങ്കേതിക വിഭാഗത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനത്തിന് കേന്ദ്രധനസഹായമുണ്ട്. സംസ്ഥാന സർക്കാരിന്റെ കാരുണ്യ ഫണ്ടിൽനിന്ന് ധനസഹായവും നൽകുന്നുണ്ട്. ഏകദേശം 30 കോടി രൂപയുടെ അധികവരുമാനമാണ് 2017-2018 വർഷങ്ങളിൽ ശ്രീചിത്രായ്ക്കുണ്ടായതെന്ന് അതിന്റെ വാർഷികറിപ്പോർട്ടിൽ വ്യക്തമാക്കുന്നുണ്ട്. ഇതുകൂടാതെയാണ് എല്ലാ ചികിത്സാചാർജ്ജുകളും കുത്തനെ വർദ്ധിപ്പിച്ചുകൊണ്ട് രോഗികളെ കൊള്ളയടിയ്ക്കാൻ ഒരുങ്ങുന്നതെന്നും അദ്ദേഹം വിശദീകരിച്ചു.

പൊതുജനാരോഗ്യരംഗത്ത് നിന്ന് കേന്ദ്രസർക്കാർ പിന്മാറുന്നതിന്റെ ഭാഗമായിട്ടാണ് ശ്രീചിത്രായിലെ പുതിയ പരിഷ്കാരങ്ങൾ എന്ന് വ്യക്തമാണ്. കോർപ്പറേറ്റുകൾക്കുവേണ്ടി പണിയെടുക്കുന്ന നീതി ആയോഗിന്റെ പ്രതിനിധികളാണ് ശ്രീചിത്രാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഗവേണിംഗ് ബോഡിയിൽ ഭരണം നടത്തുന്നത് എന്നതിൽ നിന്നുതന്നെ പരിഷ്കാരങ്ങളുടെ ജനവിരുദ്ധ സ്വഭാവം എന്തെന്നും അതിന് പിന്നിലാരാണെന്നും വ്യക്തമാണ്.

ആരോഗ്യമേഖലയിൽ പൊതുജനങ്ങൾക്ക് സൗജന്യചികിത്സ നൽകുന്നതിൽ നിന്ന് ഗവൺമെന്റ് പിന്മാറണമെന്ന മോദി സർക്കാരിന്റെ അജണ്ടയാണ് ശ്രീചിത്രാ ഗവേണിംഗ് ബോഡി നടപ്പാക്കുന്നതെന്നും എം.ഷാജർഖാൻ പറഞ്ഞു.

ശ്രീചിത്രാ ഇൻസ്റ്റിറ്റ്യൂട്ടിൽ പാവപ്പെട്ട രോഗികൾക്ക് നൽകിയിരുന്ന സൗജന്യങ്ങൾ നിഷേധിച്ച കറുത്ത ഉത്തരവ് പിൻവലിക്കണമെന്ന് എസ്‌യുസിഐ (കമ്മ്യൂണിസ്റ്റ്) പാർട്ടി തിരുവനന്തപുരം ജില്ലാ സെക്രട്ടറി സഖാവ് ആർ.കുമാർ പ്രസ്താവനയിൽ ആവശ്യപ്പെട്ടു.

ദേശീയ പ്രധാന്യമുള്ള, പൊതുസമ്പത്തിന്റെ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന ശ്രീചിത്രാ ആശുപത്രിയുടെ നടത്തിപ്പ് ചുമതല പൂർണ്ണമായും സർക്കാർ ഏറ്റെടുക്കണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു. ശ്രീചിത്രാ സ്ഥാപിച്ചതിന്റെ പിന്നിലുള്ള സാമൂഹ്യ ലക്ഷ്യങ്ങളാകെ അട്ടിമറിക്കുന്ന, ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ ആരോഗ്യമേഖലയിൽ സൃഷ്ടിക്കുന്ന, ഈ തീരുമാനത്തിനെതിരെ ബഹുജനങ്ങളും ആരോഗ്യമേഖലയിലെ പ്രവർത്തകരും മുന്നോട്ടുവരണമെന്നും അദ്ദേഹം അഭ്യർത്ഥിച്ചു. ■

### വയനാട്ടിൽ സർക്കാർ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രി സ്ഥാപിക്കുക

## സുൽത്താൻ ബത്തേരിയിൽ ബഹുജന സംഗമം

വയനാട്ടിൽ സർക്കാർ ഉടമസ്ഥതയിൽ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രി സ്ഥാപിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട്, ജനകീയ പ്രതിരോധ സമിതി ജില്ലാ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ഡിസംബർ 3ന് സുൽത്താൻ ബത്തേരി സ്വതന്ത്ര മൈതാനിയിൽ ബഹുജന സംഗമം നടന്നു. സമിതി വൈസ് പ്രസിഡന്റ് ഡോ.വി.സത്യാനന്ദൻ നായർ ഉദ്ഘാടനം ചെയ്തു. ജില്ലാ പ്രസിഡന്റ് അഡ്വ.അബ്ദുറഹ്മാൻ അദ്ധ്യക്ഷത വഹിച്ചു.



ജനകീയ പ്രതിരോധ സമിതി ജില്ലാ വൈസ് പ്രസിഡന്റ് ഡോ.വി.സത്യാനന്ദൻ നായർ സംഗമം ഉദ്ഘാടനം ചെയ്യുന്നു

ബത്തേരി സർവ്വജന സ്കൂളിലെ അഞ്ചാം ക്ലാസ് വിദ്യാർത്ഥിനി ക്ലാസ്സുമുറിയിൽ വച്ച് പാമ്പു കടിയേറ്റ് യഥാസമയം ചികിത്സ കിട്ടാതെ മരിച്ച സംഭവത്തോടെ ജനങ്ങളുടെ ഈ ആവശ്യത്തിന് ശക്തി കൂടിയിരിക്കുകയാണ്. ജില്ലയിൽ മൾട്ടി സ്പെഷ്യാലിറ്റി സൗകര്യം സർക്കാർ ആശുപത്രികളിൽ ലഭ്യമല്ല. ഇതുകാരണം കോഴിക്കോട് മെഡിക്കൽ കോളേജിലേക്ക് റഫർ ചെയ്യുകയാണ് പതിവ്. 100 കി.മീറ്റർ ദൂരം താണ്ടിയും ചുരം ഇറങ്ങിയും എത്തുമ്പോൾ മിക്കപ്പോഴും മരണം സംഭവിച്ചിരിക്കും.

ആദിവാസികളും ദരിദ്ര കർഷകരും കൂടുതൽ ഉള്ള വയനാടിന് സൂപ്പർ സ്പെഷ്യാലിറ്റി സൗകര്യം ഉടൻ ഏർപ്പെടുത്തണമെന്ന ജനകീയ ആവശ്യം ഇനിയും അവഗണിച്ചാൽ ശക്തമായ ബഹുജന സമരത്തെ നേരിടേണ്ടി വരുമെന്ന് പ്രസംഗകർ സർക്കാരിന് താക്കീത് നല്കി.

ജില്ലാ പ്രസിഡണ്ട് അഡ്വ. കാതിരി അബ്ദുറഹ്മാൻ അദ്ധ്യക്ഷത വഹിച്ചു. ജില്ലാ സെക്രട്ടറി എം.എ.പുഷ്പ, അഡ്വ.ഏലിയാസ് പോൾ, ദ്വാരക നാരായണൻ നായർ, സജീഷ് മാത്യു, ടോമി വടക്കുംചേരി, ബഷീർ കല്ലേരി, അഡ്വ. ടി.ജെ.ഡിക് സൺ, വി.കെ.സദാനന്ദൻ, പി.കെ.ഭഗത് എന്നിവർ പ്രസംഗിച്ചു. ■



ബിപിസിഎൽ സ്വകാര്യവത്കരണത്തിനെതിരെ എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പാർട്ടിയുടെയും എഐയുടിയുസിയുടെയും ആഭിമുഖ്യത്തിൽ തൊടുപുഴ ടൗണിൽ നടന്ന പ്രകടനം

## പ്രതിഷേധ കൂട്ടായ്മയും തെരുവോര ചിത്രരചനയും

വാളയാർ കേസിലെ കുറ്റവാളികൾക്ക് കർശന ശിക്ഷ ഉറപ്പുവരുത്തുക, കുട്ടികൾക്കും സ്ത്രീകൾക്കും നേരെയുള്ള അതിക്രമങ്ങൾ തടയുക, മദ്യത്തിന്റെയും ലഹരി വസ്തുക്കളുടെയും വ്യാപനം തടയുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് അഖിലേന്ത്യാ മഹിളാ സാംസ്കാരിക സംഘടന ജില്ലാ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ കണ്ണൂർ പഴയ ബസ് സ്റ്റാന്റിൽ പ്രതിഷേധ കൂട്ടായ്മയും തെരുവോര ചിത്രരചനയും സംഘടിപ്പിച്ചു. പ്രതിഷേധ കൂട്ടായ്മ, സ്ത്രീ സുരക്ഷാ സമിതി സംസ്ഥാന ജനറൽ സെക്രട്ടറി മിനി കെ.ഫിലിപ്പ് ഉദ്ഘാടനം ചെയ്തു. വാളയാർ കേസിലെ മുഴുവൻ കുറ്റവാളികൾക്കും കർശന ശിക്ഷ ഉറപ്പുവരുത്തണമെന്നും തെളിവുകൾ നശിപ്പിച്ച പോലീസ് ഉദ്യോഗസ്ഥർക്കെതിരെ നടപടിയെടുക്കണമെന്നും, സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷിതത്വം സർക്കാർ ഉറപ്പുവരുത്തണമെന്നും ഉദ്ഘാടന പ്രസംഗത്തിൽ മിനി കെ. ഫിലിപ്പ് പറഞ്ഞു.

പരിപാടിയിൽ എഐഎംഎസ്എസ് ജില്ലാ പ്രസിഡന്റ് മേരി എബ്രഹാം അദ്ധ്യക്ഷത വഹിച്ചു. ഡോ.ഡി.സുരേന്ദ്രനാഥ്, എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) ജില്ലാ കമ്മിറ്റിയംഗം അഡ്വ.പി.സി.വിവേക്, എഐഡിവൈഒ ജില്ല സെക്രട്ടറി അഡ്വ.ഇ.സനൂപ്, എഐഎംഎസ്എസ് ജില്ലാ സെക്രട്ടറി രശ്മി രവി, ജില്ലാ കമ്മിറ്റിയംഗം സബില രാജേഷ് എന്നിവർ പ്രസംഗിച്ചു. പ്രതിഷേധ കൂട്ടായ്മയുടെ ഭാഗമായി സംഘടിപ്പിച്ച ചിത്രരചനയിൽ സൂര്യ, ഹൃദ്യ, അനുഗ്രഹ, ദിയ, രശ്മി രവി, സബില എന്നിവർ ചിത്ര രചന നടത്തി. ■



പ്രതിഷേധ കൂട്ടായ്മ സ്ത്രീ സുരക്ഷാ സമിതി സംസ്ഥാന ജനറൽ സെക്രട്ടറി മിനി കെ.ഫിലിപ്പ് ഉദ്ഘാടനം ചെയ്യുന്നു

# അതിരൂക്ഷമായ തൊഴിലില്ലായ്മയ്ക്കെതിരെ യുവജന പ്രതിഷേധം

**അ**തിരൂക്ഷമായ തൊഴിലില്ലായ്മ പരിഹരിക്കുവാൻ അടിയന്തര നടപടികൾ സ്വീകരിക്കുക, തൊഴിലില്ലായ്മാ വേതനം പ്രതിമാസം 120-ൽ നിന്നും 3000 ആയി വർദ്ധിപ്പിക്കുക, പൊതുമേഖലാ സ്ഥാപനങ്ങൾ വിൽക്കരുത് തുടങ്ങിയ ആവശ്യങ്ങൾ മുൻനിർത്തി ആൾ ഇന്ത്യാ ഡെമോക്രാറ്റിക് യൂത്ത് ഓർഗനൈസേഷൻ (എഐഡിവൈഒ) ജില്ലാതല സമരപരിപാടികൾ സംഘടിപ്പിച്ചു.




എഐഡിവൈഒയുടെ ആഭിമുഖ്യത്തിൽ നവംബർ 18ന് കോട്ടയം കളക്ട്രേറ്റിലേക്ക് നടത്തിയ യുവജന മാർച്ച്

കോട്ടയത്ത് നടന്ന കളക്ട്രേറ്റ് മാർച്ച് എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) ജില്ലാ സെക്രട്ടറി സഖാവ് മിനി കെ.ഫിലിപ്പ് ഉദ്ഘാടനം ചെയ്തു. രണ്ട് കോടി പുതിയ തൊഴിലുകൾ എല്ലാ വർഷവും സൃഷ്ടിക്കുമെന്നു പറഞ്ഞ് അധികാരത്തിലേറിയ നരേന്ദ്ര മോദി സർക്കാർ നിലവിലുള്ള തൊഴിലുപോലും ഇല്ലാതാക്കുകയാണ്. ബിപിസിഎൽ അടക്കമുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ സ്വകാര്യവത്ക്കരിക്കുക കൂടി ചെയ്താൽ ലക്ഷക്കണക്കിനാളുകൾക്ക് തൊഴിൽ നഷ്ടപ്പെടും. അത് കൂടുതൽ ഗുരുതരമായ സാമൂഹ്യ പ്രശ്നങ്ങൾ സൃഷ്ടിക്കും. സഖാവ് മിനി കെ.ഫിലിപ്പ് അഭിപ്രായപ്പെട്ടു. എഐഡിവൈഒ സംസ്ഥാന സെക്രട്ടറി ഇ.വി.പ്രകാശ് മുഖ്യ പ്രസംഗം നടത്തി. തൊഴിലില്ലായ്മ പരിഹരിക്കുന്ന കാലത്തോളം യുവാക്കൾക്ക് ന്യായമായ തൊഴിലില്ലായ്മ വേതനം നൽകുവാൻ സർക്കാർ തയ്യാറാകണം. കേരളാ സർക്കാർ പ്രതിമാസം വെറും 120 നൽകിക്കൊണ്ട് യുവാക്കളെ അപമാനിക്കുകയാണ്. തൊഴിൽ രഹിത വേതനം കുറഞ്ഞത് 3000 രൂപയെങ്കിലും ആക്കി വർദ്ധിപ്പിക്കുവാൻ സർക്കാർ തയ്യാറാകണമെന്ന് സഖാവ് ഇ.വി.പ്രകാശ് ആവശ്യപ്പെട്ടു. എഐഡിവൈഒ ജില്ലാ പ്രസിഡന്റ് സഖാവ് രജിതാ ജയറാം അധ്യക്ഷത വഹിച്ച യോഗത്തിൽ സംസ്ഥാന കമ്മിറ്റിയംഗം സഖാവ് കെ.ബിമൽജി, ജില്ലാ സെക്രട്ടറി സഖാവ് അനിലാ ബോസ്, ജില്ലാ സെക്രട്ടേറിയറ്റംഗം സഖാവ് അരവിന്ദ് വേണുഗോപാൽ എന്നിവർ പ്രസംഗിച്ചു. സഖാക്കൾ കെ.സജി, കെ.പി.മായമോൾ, മനോഷ് മോഹൻ, റലേഷ് ചന്ദ്രൻ, ലാര്യ പരമേശ്വരൻ, കെ.ആർ.രജീഷ്, ശ്രീജിത്ത് കുഞ്ഞുമോൻ, അരുൺ ബോസ് എന്നിവർ മാർച്ചിന് നേതൃത്വം നൽകി.

തൃശ്ശൂർ എംപ്ലോയ്മെന്റ് ഓഫീസിനു മുന്നിൽ എഐഡിവൈഒ ജില്ലാക്കമ്മിറ്റി നടത്തിയ കുത്തിയിരുപ്പ് സമരം എസ്‌യുസിഐ(സി) ജില്ലാ സെക്രട്ടറി സഖാവ് പി.എസ്.ബാബു ഉദ്ഘാടനം ചെയ്തു. എഐഡിവൈഒ ജില്ലാ പ്രസിഡന്റ് സഖാവ് എ.എം.സുരേഷ് അധ്യക്ഷത വഹിച്ച യോഗത്തിൽ സംസ്ഥാന സെക്രട്ടറി സഖാവ് ഇ.വി.പ്രകാശ് മുഖ്യപ്രസംഗം നടത്തി. സംസ്ഥാന വൈസ് പ്രസിഡന്റ് എം.പ്രദീപൻ, സംസ്ഥാന കമ്മിറ്റിയംഗം മൈന ഗോപിനാഥ്, ജില്ലാക്കമ്മിറ്റിയംഗം പി.കെ.ധർമ്മജൻ, എഐഎംഎസ്എസ് ജില്ലാ സെക്രട്ടറി അഡ്വ.സുജ ആന്റണി, നന്ദഗോപൻ എന്നിവർ പ്രസംഗിച്ചു. ■

# ഐഎൻപിഎ കണ്ണൂർ ലീഡ് ബാങ്ക് മാർച്ച്

**വി**ദ്യാഭ്യാസ വായ്പാ ബാധ്യത പൂർണ്ണമായും സർക്കാർ ഏറ്റെടുക്കുക, വിദ്യാഭ്യാസ വായ്പയെടുത്തവരുടെമേലുള്ള ബാങ്കുകളുടെ ജപ്തി ഭീഷണിയും കോടതി നടപടികളും അവസാനിപ്പിക്കുക, വിദ്യാഭ്യാസ വായ്പ സംബന്ധിച്ച് റിസർവ് ബാങ്കും ഗവൺമെന്റും കാലാകാലങ്ങളിൽ നൽകിയിട്ടുള്ള ഉറപ്പുകൾ പാലിക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് ഇന്ത്യൻ നഴ്സസ് പേരന്റ്സ് അസോസിയേഷൻ(ഐഎൻപിഎ) കണ്ണൂർ ജില്ലാ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ നവംബർ 30ന് കണ്ണൂർ ജില്ലാ ലീഡ് ബാങ്കിലേയ്ക്ക് മാർച്ചും ധർണ്ണയും നടത്തി.




ഐഎൻപിഎ സംഘടിപ്പിച്ച കണ്ണൂർ ലീഡ് ബാങ്ക് മാർച്ച് സംസ്ഥാന സെക്രട്ടറി എസ്.മിനി ഉദ്ഘാടനം ചെയ്യുന്നു

വൻകിട കമ്പനികളുടെയും സമ്പന്നരുടെയും ലക്ഷക്കണക്കിന് കോടി രൂപയുടെ കിട്ടാക്കടം എഴുതിത്തള്ളുകയും കുത്തകകൾക്ക് കോടികളുടെ നികുതിയിളവ് അനുവദിക്കുകയും ചെയ്യുന്ന സർക്കാരും ബാങ്കുകളും ഏതാനും കോടികൾ വരുന്ന വിദ്യാഭ്യാസ വായ്പാ ബാധ്യതയുടെ പേരിൽ രക്ഷിതാക്കളെയും കുട്ടികളെയും വേട്ടയാടുന്നത് നിർത്തണമെന്നും ബാധ്യത പൂർണ്ണമായും സർക്കാർ ഏറ്റെടുക്കണമെന്നും സമരം ഉദ്ഘാടനം ചെയ്ത ഐഎൻപിഎ സംസ്ഥാന സെക്രട്ടറി എസ്.മിനി ആവശ്യപ്പെട്ടു. സർഫാസി ആക്ട് എന്ന കരിനിയമവും ഗുണ്ടകളെയും ഉപയോഗിച്ച് വായ്പ തിരിച്ച് പിടിക്കാനുള്ള ബാങ്കുകളുടെ നീക്കങ്ങളെ ചെറുക്കാൻ സംഘടന പ്രതിജ്ഞാബദ്ധമാണെന്ന് മുഖ്യപ്രസംഗം നടത്തിയ സംസ്ഥാന പ്രസിഡന്റ് ഡോ.ഡി.സുരേന്ദ്രനാഥ് പറഞ്ഞു.

ജില്ലാ പ്രസിഡന്റ് കെ.സി.ചാക്കോ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ ജില്ലാ സെക്രട്ടറി മേരി അബ്രഹാം, അനൂപ് ജോൺ, അഡ്വ.കസ്തൂരി ദേവൻ, അഡ്വ.വിനോദ് പയ്യട, കെ.സി.കുമാരൻ, രശ്മി രവി, ജോസഫ് പൂനാംപുറം, പി.ടി.തോമസ്, കെ.ജി.രാജൻ, കെ.രാജു, സുബിൻ സ്കറിയ, ഫ്രഡ്ഡി പരിയാരം, എൻ.വർക്കി എന്നിവർ പ്രസംഗിച്ചു. ■

# വയലാർ അനുസ്മരണം

**ആ**ൾ ഇൻഡ്യ ഡെമോക്രാറ്റിക് യൂത്ത് ഓർഗ്ഗനൈസേഷൻ ആലപ്പുഴ ജില്ലാക്കമ്മിറ്റി വയലാർ അനുസ്മരണം നടത്തി.

മുട്ടം നേതാജി സാമൂഹ്യ-സാംസ്കാരിക പഠന കേന്ദ്രത്തിൽ നടത്തിയ അനുസ്മരണ യോഗം പ്രശസ്ത അദ്ധ്യാപകൻ ബി.ദിലീപൻ ഉദ്ഘാടനം ചെയ്തു. വയലാർ കൃതികളുടെ പുനരാവർത്തി പഠനം കാലഘട്ടത്തിന്റെ അനിവാര്യതയായി തീർന്നിരിക്കുന്നുവെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. ബാനർ സാംസ്കാരിക സമിതി സംസ്ഥാന കമ്മിറ്റിയംഗം സഖാവ് ആർ.പാർത്ഥസാരഥി വർമ്മ മുഖ്യ പ്രഭാഷണം നടത്തി.

എഐഡിവൈഒ ജില്ലാ പ്രസിഡന്റ് സഖാവ് കെ.ബിമൽജി അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ എഐഎംഎസ്എസ് സംസ്ഥാന പ്രസിഡന്റ് സഖാവ് എം.സൗഭാഗ്യകുമാരി, സഖാവ് ആർ.പ്രവീൺ എന്നിവർ പ്രസംഗിച്ചു. ■

# ജാലിയൻ വാലാബാഗ് കൂട്ടക്കൊലയുടെ നൂറാം വാർഷികം

**എ**ഐഡിവൈഒ മാവേലിക്കര താലൂക്ക് യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ, ജാലിയൻ വാലാബാഗ് കൂട്ടക്കൊലയുടെ നൂറാം വാർഷികം ആചരിച്ചു. മാവേലിക്കര കെഎസ്ആർടിസി ജംഗ്ഷനിൽ നവംബർ 28ന് വൈകിട്ട് നടന്ന പൊതുയോഗത്തിൽ എഐഡിവൈഒ സംസ്ഥാന സെക്രട്ടറി സഖാവ് ഇ.വി.പ്രകാശ് മുഖ്യപ്രഭാഷണം നടത്തി.

നമ്മുടെ രാജ്യത്തിനുവേണ്ടി ജാലിയൻവാലാബാഗിൽ ജീവൻ ബലിനൽകിയവരെ അനുസ്മരിക്കേണ്ടത് ഓരോ ഇന്ത്യക്കാരന്റെയും കടമയാണെന്ന് അദ്ദേഹം പറഞ്ഞു.

ജില്ലാ പ്രസിഡന്റ് സഖാവ് കെ.ബിമൽജി അദ്ധ്യക്ഷത വഹിച്ചു. സെക്രട്ടറി സഖാവ് മൈന ഗോപിനാഥ്, ജില്ലാ കമ്മിറ്റിയംഗം സഖാവ് ആർ. പ്രവീൺ, എസ്.ഉണ്ണി എന്നിവർ പ്രസംഗിച്ചു. ■

# കുമാരനാശാന്റെ *ചിന്താവിഷ്ടയായ സീത*: ശതാബ്ദി ആചരണം

**കേ**രളീയ ജീവിതത്തിലും സാഹിത്യത്തിലും ചരിത്രപരമായ വഴിത്തിരിവ് സൃഷ്ടിച്ച കൃതിയായ മഹാകവി കുമാരനാശാന്റെ ചിന്താവിഷ്ടയായ സീതയുടെ ശതാബ്ദി ആചരിച്ചുകൊണ്ട്, അഖിലേന്ത്യാ മഹിളാ സാംസ്കാരിക സംഘടന വയനാട് ജില്ലാക്കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ 'ചിന്താവിഷ്ടയായ സീത - ചരിത്രം, പ്രസക്തി' എന്ന വിഷയത്തിൽ ചർച്ച നടത്തി.

സുൽത്താൻ ബത്തേരി ലൂഥറൻസ് ചർച്ച് ഹാളിൽ നടന്ന പരിപാടിയിൽ പ്രൊഫസർ താര ഫിലിപ്പ് അദ്ധ്യക്ഷത വഹിച്ചു. ബാനർ സാംസ്കാരിക സമിതി സംസ്ഥാന കമ്മിറ്റിയംഗവും ചിത്രകാരനുമായ ആർ.പാർത്ഥസാരഥി വർമ്മ വിഷയാവതരണം നടത്തി. നവോത്ഥാന മൂല്യങ്ങൾ പിന്നോട്ടടിക്കപ്പെട്ടുകൊണ്ടിരിക്കുന്ന വർത്തമാനകാല സാഹചര്യത്തിൽ, സീതയെപ്പോലെ പ്രശോഭിതരായ സ്ത്രീ കഥാപാത്രങ്ങളെ സമൂഹത്തിനു മുന്നിൽ പ്രാധാന്യത്തോടുകൂടി അവതരിപ്പിക്കേണ്ട കടമ നമുക്കേവർക്കുമുണ്ടെന്ന് അദ്ദേഹം പറഞ്ഞു.

തുടർന്ന് നടന്ന ചർച്ചയിൽ കെ.ഇന്ദിര ടീച്ചർ, സി.വി.ജോയി, പി.യു.ജോയി തുടങ്ങിയവർ സീതാകാവ്യത്തിന്റെ വ്യത്യസ്ത വശങ്ങൾ വിശകലനം ചെയ്ത് സംസാരിച്ചു. ലക്ഷ്മി ആൻസ്, രെസ്‌ല അസ്മി, അഭിജിത്ത് തുടങ്ങിയവരും ചർച്ചയിൽ പങ്കെടുത്തു. എം.എ.പുഷ്പ സ്വാഗതവും ശ്യാം നന്ദിയും പറഞ്ഞു. ■



ബാനർ സാംസ്കാരിക സമിതി സംസ്ഥാന കമ്മിറ്റിയംഗം ആർ.പാർത്ഥസാരഥി വർമ്മ വിഷയാവതരണം നടത്തുന്നു

Date of publishing 01/12/2019
REGISTERED. R.N. 24773/1992
P.R.No. KL/TV(N)/452/2018-20

UNITY MALAYALAM MONTHLY

December 2019
Vol.46 No.9
Price : Rs 5.00

കേന്ദ്രസർക്കാരിന്റെ തൊഴിലാളിവിരുദ്ധ – ജനവിരുദ്ധ നയങ്ങൾക്കെതിരെ ട്രേഡ് യൂണിയൻ സംയുക്ത സമിതി ആഹ്വാനം ചെയ്ത 2020 ജനുവരി 8 അഖിലേന്ത്യ പൊതുപണിമുടക്ക് വിജയിപ്പിക്കുക SUCI(C) AIUTUC

# എഐയുടിയുസി ജില്ലാ സമ്മേളനങ്ങൾ

## ആലപ്പുഴ

ആൾ ഇന്ത്യ യുണൈറ്റഡ് ട്രേഡ് യൂണിയൻ സെന്റർ അഖിലേന്ത്യാ സമ്മേളനത്തിനു മുന്നോടിയായുള്ള ആലപ്പുഴ ജില്ലാ സമ്മേളനം, ജില്ലാ പെൻഷൻ ഭവനിൽ നടന്നു. സംസ്ഥാന പ്രസിഡന്റ് ആർ.കുമാർ ഉദ്ഘാടനം ചെയ്തു. കേന്ദ്ര–സംസ്ഥാന സർക്കാരുകൾ കരാർ തൊഴിൽ ഒരു നയമായി സ്വീകരിച്ചിരിക്കുന്ന വേളയിൽ, എഐയുടിയുസിയുടെ മുൻകൈയിൽ കെഎസ്ഇബിയിലെ കരാർ തൊഴിലാളികൾ സുദീർഘമായ പോരാട്ടത്തിലൂടെയും നിയമയുദ്ധത്തിലൂടെയും സ്ഥിരം തൊഴിലാളികളായി മാറിയത് ചരിത്ര സംഭവമാണെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. ഭാരത് പെട്രോളിയം കോർപ്പറേഷൻ വിറ്റുതുലയ്ക്കുന്നതിനെതിരെ നടത്തിവരുന്ന പോരാട്ടം ശക്തിപ്പെടുത്തണമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.



ആലപ്പുഴ ജില്ലാ സമ്മേളനം എഐയുടിയുസി സംസ്ഥാന പ്രസിഡന്റ് സഖാവ് ആർ.കുമാർ ഉദ്ഘാടനം ചെയ്യുന്നു

ജില്ലാ പ്രസിഡന്റ് കെ.ആർ.ശശി അദ്ധ്യക്ഷത വഹിച്ചു. എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) ജില്ലാ സെക്രട്ടറി എസ്.സീതിലാൽ മുഖ്യപ്രസംഗം നടത്തി. കെഎസ്ഇ വർക്കേഴ്സ് യൂണിയൻ ജില്ലാ ജോ.സെക്രട്ടറി എസ്.സുഭാഷ്, കെഎസ്ബിഎ സംസ്ഥാന സെക്രട്ടറി എസ്.മോഹനൻ, കെഎംഎസ്ടിയു ജില്ലാ സെക്രട്ടറി ആർ.അർജുനൻ, കശുവണ്ടി തൊഴിലാളി സെന്റർ സംസ്ഥാന ജനറൽ സെക്രട്ടറി എസ്.രാധാകൃഷ്ണൻ തുടങ്ങിയവർ പ്രസംഗിച്ചു.

വിവിധ വിഷയങ്ങളിലെ പ്രമേയങ്ങൾ അവതരിപ്പിച്ചുകൊണ്ട് ജില്ലാ നേതാക്കൾ പ്രസംഗിച്ചു. ജില്ലാ പ്രസിഡന്റായി കെ.ആർ.ശശി, വൈസ് പ്രസിഡന്റുമാരായി കെ.ആർ.ഓമനക്കുട്ടൻ, എൻ.കെ.ശശികുമാർ, ടി.കെ.ഗോപിനാഥൻ, സെക്രട്ടറിയായി പി.ആർ.സതീശൻ, ജോ.സെക്രട്ടറിമാരായി ആർ.അർജുനൻ, കെ.പി.മനോഹരൻ, കെ.പി.സുബൈദ, എം.മുരളി, എസ്.ഭുവനേശ്വരൻ, ട്രഷറർ ആയി എസ്.അനിൽപ്രസാദ് എന്നിവരെയും 30 അംഗ എക്സിക്യൂട്ടീവ് കമ്മിറ്റിയെയും സമ്മേളനം തെരഞ്ഞെടുത്തു.

## കൊല്ലം

എഐയുടിയുസി കൊല്ലം ജില്ലാ സമ്മേളനം നവംബർ 24ന് കുണ്ടറയിൽ നടന്നു. കുണ്ടറ വ്യാപാര ഭവനിൽ നടന്ന പ്രതിനിധി സമ്മേളനം സംസ്ഥാന പ്രസിഡന്റ് ആർ.കുമാർ ഉദ്ഘാടനം ചെയ്തു. തൊഴിലാളികളെ സാമ്പത്തികവാദത്തിന്റേയും അവസരവാദത്തിന്റേയും ഇരകളാക്കുന്ന മുതലാളിത്ത വ്യവസ്ഥയ്ക്കെതിരെ, വർഗ്ഗസമരത്തിന്റെ കാഴ്ചപ്പാടിൽ നിന്നുകൊണ്ടുള്ള തൊഴിലാളി പ്രക്ഷോഭണം വളർത്തിയെടുക്കാൻ അദ്ദേഹം ആഹ്വാനം ചെയ്തു.




കൊല്ലം ജില്ലാ സമ്മേളനത്തിൽഎഐയുടിയുസി സംസ്ഥാന സെക്രട്ടറി സഖാവ് വി.കെ.സദാനന്ദൻ പ്രസംഗിക്കുന്നു

അടഞ്ഞു കിടക്കുന്ന സ്വകാര്യ കശുവണ്ടി ഫാക്ടറികൾ സർക്കാർ ഏറ്റെടുത്ത് തുറന്ന് പ്രവർത്തിപ്പിക്കുക, നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുക, ഭാരത് പെട്രോളിയം കമ്പനിയുടെ സ്വകാര്യവൽക്കരണം അവസാനിപ്പിക്കുക എന്നീ ആവശ്യങ്ങൾ ഉന്നയിക്കുന്ന പ്രമേയങ്ങൾ സമ്മേളനം അംഗീകരിച്ചു.

എസ്.രാധാകൃഷ്ണൻ(പ്രസിഡന്റ്), ജി.ധ്രൂവകുമാർ, അശോക് കുമാർ, സദാനന്ദൻപിള്ള(വൈസ് പ്രസിഡന്റുമാർ), ബി.വിനോദ് (സെക്രട്ടറി), ബി.രാമചന്ദ്രൻ, പി.പി.പ്രശാന്ത്കുമാർ, ഹരിദാസൻ, ജി.സതീശൻ, ശ്രീജയ തുടങ്ങിയവർ സെക്രട്ടേറിയറ്റ് അംഗങ്ങളുമായി 24 അംഗ ജില്ലാ കമ്മിറ്റിയെ സമ്മേളനം തെരഞ്ഞെടുത്തു.

## എറണാകുളം

തൃപ്പൂണിത്തുറ പൂർണ്ണത്രയീശ ഹാളിൽ നടന്ന എറണാകുളം ജില്ലാ സമ്മേളനം എസ്‌യുസിഐ(സി) സംസ്ഥാന സെക്രട്ടേറിയറ്റ് അംഗവും ജില്ലാ സെക്രട്ടറിയുമായ ടി.കെ.സുധീർകുമാർ ഉദ്ഘാടനം ചെയ്തു. എഐയുടിയുസി സംസ്ഥാന സെക്രട്ടറി വി.കെ.സദാനന്ദൻ മുഖ്യപ്രഭാഷണം നടത്തി. ജില്ലാ പ്രസിഡന്റ് എൻ.ആർ.മോഹൻകുമാർ, സെക്രട്ടറി പി.എം.ദിനേശൻ, സംസ്ഥാന നേതാക്കളായ എ.അബ്ദുൾ അസീസ്, വി.പി.കൊച്ചുമോൻ, കെ.എസ്.ഹരികുമാർ, പി.പി.സജീവ്കുമാർ, കെ.ഒ.ഷാൻ, സി.കെ.തമ്പി, സി.കെ.രാജേന്ദ്രൻ, കെ.ഒ.സുധീർ, സി.കെ.ശിവദാസൻ, സി.എൻ.മുകന്ദൻ, ജോണി ജോസഫ്, കെ.എൻ.രാജി തുടങ്ങിയവർ പ്രസംഗിച്ചു.




എഐയുടിയുസി എറണാകുളം ജില്ലാ സമ്മേളനം എസ്‌യുസിഐ(സി) സംസ്ഥാന സെക്രട്ടേറിയറ്റ് അംഗം സഖാവ് ടി.കെ.സുധീർ കുമാർ ഉദ്ഘാടനം ചെയ്യുന്നു

പി.എം.ദിനേശൻ പ്രസിഡന്റും കെ.എസ്.ഹരികുമാർ സെക്രട്ടറിയുമായി മുപ്പതംഗ ജില്ലാ കമ്മിറ്റിയെ സമ്മേളനം തെരഞ്ഞെടുത്തു.

## തിരുവനന്തപുരം

എഐയുടിയുസി സംഘടിപ്പിച്ച തിരുവനന്തപുരം ജില്ലാ തൊഴിലാളി കൺവെൻഷൻ സംസ്ഥാന പ്രസിഡന്റ് സഖാവ് ആർ.കുമാർ ഉദ്ഘാടനം ചെയ്തു. ജില്ലാ കമ്മിറ്റി അംഗം സഖാവ് ജി.ആർ.സുഭാഷ് അധ്യക്ഷത വഹിച്ചു. സംസ്ഥാന കമ്മിറ്റി അംഗം സഖാവ് കെ.എസ്.ഹരികുമാർ മുഖ്യപ്രഭാഷണം നടത്തി. ജില്ലാ സെക്രട്ടറി സഖാവ് കെ.ഹരി സംഘടനാ റിപ്പോർട്ട് അവതരിപ്പിച്ചു.




തിരുവനന്തപുരം ജില്ലാ തൊഴിലാളി കൺവൻഷനിൽ എഐയുടിയുസി സംസ്ഥാന കമ്മിറ്റി അംഗം സഖാവ് കെ.എസ്.ഹരികുമാർ മുഖ്യപ്രഭാഷണം നടത്തുന്നു

തുടർന്ന് നടന്ന ചർച്ചയിൽ വിവിധ യൂണിയനുകളെ പ്രതിനിധീകരിച്ച് എസ്.മിനി, ജയശ്രീ(ആശ വർക്കേഴ്സ് യൂണിയൻ), കെ.സുരേഷ്(കെഎസ്ഇ വർക്കേഴ്സ് യൂണിയൻ), ബൈജു(കെ എസ്ആർടിസി വർക്കേഴ്സ് ഫെഡറേഷൻ), എരുണാവൂർ സുരേന്ദ്രൻ(നിർമാണമേഖല) അമൽരാജ്(ബിപിസിഎൽ), സജിത്ത് ശംഖുമുഖം(മത്സ്യമേഖല) തുടങ്ങിയവർ വിവിധ മേഖലകളിലെ വിഷയങ്ങൾ അവതരിപ്പിച്ചു. ജനുവരി 8ന്റെ അഖിലേന്ത്യ പൊതുപണിമുടക്ക് വിജയിപ്പിക്കാൻ കൺവൻഷൻ മുഴുവൻ തൊഴിലാളികളോടും ആഹ്വാനം ചെയ്തു. ■




Edited, Printed & Published by V.Venugopal, SUCI(C) Office, T.C. 12/1242, Law College Jn, Kunnukuzhy, Trivandrum - 695 035. *Ph:* 0471-2307151;
*E-mail:* unitymagazine@gmail.com; *Website:* **www.kerala.sucicommunist.org** on behalf of Kerala State Committee, SUCI(C). Printed at Cochin Printech Pvt Ltd, Kochi.